# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 16, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--443]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 149 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 150 മുതൽ 293 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 294 മുതൽ 340 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 341 മുതൽ 443 വരെ |

**<u>സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ് 2025</u>**

1 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കിൽ കേരള ഗ്ലോബൽ സമ്മിറ്റ് 2025 നടപ്പാക്കുന്നതിനായി എത്ര തുക ചെലവഴിച്ചു; ഏതൊക്കെ ഇനത്തിലാണ് തുക ചെലവഴിച്ചത്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ എണ്ണവും പേരു വിവരവും അറിയിക്കാമോ?

**<u>കേന്ദ്ര സർക്കാർ സൃഷ്ടിച്ച പ്രതിസന്ധികൾ</u>**

2 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും പ്രകടന പത്രികയിൽ വ്യക്തമാക്കിയിരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാരിന് എത്രമാത്രം മുന്നോട്ട് പോകാനായി എന്ന് വിശദമാക്കാമോ?

**<u>ഇടുക്കി വികസന പാക്കേജ്</u>**

3 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വികസന പാക്കേജിൽ എത്ര തുകയുടെ വികസന പ്രവൃത്തികളാണ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുക ഇതുവരെ അനുവദിച്ചിട്ടുണ്ട്; എത്ര തുകയുടെ പ്രവൃത്തികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(സി) ദേവികുളം മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ സമർപ്പിച്ച മൂന്നാർ ഹൈആൾറ്റിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ നവീകരണം എന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ പ്രവൃത്തിയുടെ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച പൊതുഭരണ വകുപ്പ് പദ്ധതികൾ

4 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ, പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## വിദേശയാത്രയുടെ വിശദാംശങ്ങൾ

5 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശയാത്രയുടെ വിശദാംശങ്ങൾ, യാത്ര ചെയ്ത രാജ്യങ്ങൾ, യാത്ര ചെയ്ത കാലയളവ്, അനുഗമിച്ച വ്യക്തികൾ, ഈ യാത്രകൾക്ക് ഏതെങ്കിലും സ്പോൺസർമാർ ഉണ്ടായിരുന്നെങ്കിൽ അതിന്റെ വിശദാംശങ്ങൾ, ഓരോ വിദേശ സന്ദർശനത്തിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ, താമസസൗകര്യം, ഭക്ഷണം, യാത്ര ചെലവ്, ഓരോ സന്ദർശനത്തിനും ആകെ ചെലവഴിച്ച തുക എന്നീ വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

## ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക സംബന്ധിച്ച പ്രവൃത്തി പഠനം

6 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് -ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോ; അതോ പകരം ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്ന വിഷയം പരിശോധിക്കുന്നതിന് വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.6) വകുപ്പ് പ്രവൃത്തി പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പ്രവൃത്തി പഠനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്- ക്ലാർക്ക് തസ്തിക നിർത്തലാക്കുന്നത് വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ നിന്നുള്ള കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സും പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ.(കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് &കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയും പാസ്സായി ഒരു ജോലിയ്ക്കായി കാത്തിരിക്കുന്ന അൻപതിനായിരത്തിലധികം വരുന്ന ഉദ്യോഗാർത്ഥികളുടെ സർക്കാർ ജോലി നേടുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുന്നതാണ് എന്ന വിഷയം പ്രവൃത്തി പഠനം നടത്തുന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.6) വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മുപ്പതിലധികം വരുന്ന സർക്കാർ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത ചെറിയ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് -ക്ലാർക്ക് തസ്തിക നിർത്തലാക്കുന്നത് ഈ ചെറിയ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും എന്ന വിഷയം പ്രവൃത്തി പഠനം നടത്തുന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.6) വകുപ്പ് പരിശോധിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ;

(ഡി) ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് -ക്ലാർക്ക് ( വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് പി.എസ്.സി.യോട് ആവശ്യപ്പെടുന്ന 21.08.2025 ലെ ഉപ.സി3/59/2024/പി&എ.ആർ.ഡി. നമ്പർ കത്ത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) പ്രവൃത്തി പഠനത്തിന്റെ പേരിൽ തടഞ്ഞ് വച്ചിരിക്കുന്ന ക്ലാർക്ക്- ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ്- ക്ലാർക്ക് വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ക്ലർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികയിലെ പുതിയ വിജ്ഞാപനം</u>

7 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാർക്ക് - ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് (വിവിധ വകുപ്പുകൾ) തസ്തികയിലെ കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2025 ഡിസംബറിൽ അവസാനിക്കുമെന്നിരിക്കെ 2024 ഡിസംബർ 31 നുമുമ്പ് ഈ തസ്തികയിലേക്കുള്ള പുതിയ പി.എസ്.സി.വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 2024 ഡിസംബർ 31 ന് മുമ്പ് ക്ലാർക്ക് - ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് (വിവിധ വകുപ്പുകൾ) തസ്തികയിലേക്കുള്ള പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കാതിരുന്നതിനാൽ പ്രസ്തുത തീയതിയിൽ പ്രായപരിധി കഴിഞ്ഞ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; 2025 ൽ പ്രായപരിധി കഴിയുന്നവർക്ക് അവസര നഷ്ടം ഉണ്ടാകാത്തവിധം ഈ തസ്തികയിലേയ്ക്ക് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ക്ലാർക്ക് - ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് (വിവിധ വകുപ്പുകൾ) തസ്തികയിൽ കാറ്റഗറി 103/2019 ആയി അഞ്ച് വർഷങ്ങൾക്ക് മുമ്പാണ് വിജ്ഞാപനം പ്രസിദ്ധീകരിച്ചത്

എന്നതിനാൽ ഈ തസ്തികയിലേയ്ക്ക് എത്രയും വേഗം വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ക്ലാർക്ക് - ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് -ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തിക നിർത്തലാക്കുന്നത് സർക്കാർ ആലോചിക്കുന്നുണ്ടോ; അതുകൊണ്ടാണോ ഈ തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കാതിരുന്നത്; വ്യക്തമാക്കാമോ;

(ഇ) ക്ലാർക്ക് - ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്- ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് 21.08.2025-ന് ഉപ.സി3/59/2024/പി&എ.ആർ.ഡി. നമ്പർ കത്ത് പ്രകാരം പി.എസ്.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിലെ ആവശ്യം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ;

(എഫ്) മുപ്പതിലധികം വരുന്ന സർക്കാർ വകുപ്പുകളിലെ ക്ലാർക്ക് - ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് തസ്തിക നിർത്തലാക്കുന്നത് ചെറിയ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ ഈ തസ്തിക നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വിരമിച്ച സർക്കാർ ജീവനക്കാരുടെ എണ്ണം

8 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 മെയ് വരെ ഓരോ വർഷവും സർക്കാർ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാരുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഫയലുകളിൽ തീർപ്പാക്കാതെ മാറ്റിവെക്കുന്ന ഉദ്യോഗസ്ഥർക്കെതിരേ നടപടി

9 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. മന്ത്രിമാർ അംഗീകരിച്ച് ഒപ്പിട്ട ഫയലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിയതിനുശേഷം എത്ര ദിവസത്തിനുള്ളിൽ അല്ലെങ്കിൽ എത്ര മണിക്കൂറുകൾക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത വിവരം ക്യാബിനറ്റ് തീരുമാനമുള്ള ഫയലുകളിലും അല്ലാത്ത ഫയലുകളിലും എന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ബഹു: മന്ത്രിമാർ അംഗീകരിച്ച് ഒപ്പിട്ട ഫയലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിയതിനുശേഷം മാസങ്ങളോ ആഴ്ചകളോ ഉത്തരവ് ഇറക്കാതെ ഫയൽ പിടിച്ചുവെക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവ ഓരോന്നും വിശദമാക്കാമോ?

## ആശ്രിത നിയമനത്തിനുള്ള കാലതാമസം പരിഹരിക്കാൻ നടപടി

10 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം ലഭിക്കുന്നതിനായി വർഷങ്ങൾ കാത്തിരിക്കേണ്ട അവസ്ഥയുണ്ടാകുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിലെ കാലതാമസം പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) നിലവിൽ ആശ്രിത നിയമനത്തിനായി തയ്യാറാക്കിയ പട്ടികയിൽ എത്ര പേരുണ്ടെന്നും അതിൽ എത്ര ആളുകൾക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ആശ്രിതനിയമനം നല്കിയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

## മലയോര ഹൈവേ- ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണം

11 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 05.01.2021-ൽ ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കോതമംഗലം മണ്ഡലത്തിലെ ആറാം മൈൽ - എളംബ്ലാശ്ശേരി വഴി ഇടുക്കി ജില്ലയിലെ കുറത്തിക്കുടി - പെരുമ്പൻകുത്ത് ഭാഗത്തുകൂടി കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റം വരുത്താൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള ദേശീയ പാത, മലയോര ഹൈവേയായി ഉപയോഗിക്കുന്നതിനും ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുവാനും അനുമതി ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടിവരെ 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് വച്ച് നിർമ്മാണം നടത്തുവാൻ എടുത്ത തീരുമാനം നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

## സേവനാവകാശ നിയമം

12 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം സംസ്ഥാനത്ത് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ;

(ബി) സേവനാവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇവ എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ നിയമപ്രകാരം പൊതുജനങ്ങൾക്ക് എല്ലാ വകുപ്പുകളിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ തന്നെ സേവനം ലഭിച്ചിട്ടുണ്ടോ; ഇപ്പോൾ ലഭിക്കുന്നുണ്ടോ; ഇതു

സംബന്ധിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിശ്ചിത സമയത്തിനകം പൊതുജനങ്ങൾക്ക് സേവനം ലഭ്യമാകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് ശിക്ഷാ നടപടികളാണ് സേവനാവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എത്ര ഉദ്യോഗസ്ഥർ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടുണ്ടെന്ന് ജില്ലയും ഓഫീസും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ശിക്ഷ നടപടികൾക്ക് വിധേയരായവരുടെ എണ്ണം കുറവാണെങ്കിൽ സേവനാവകാശ നിയമത്തിന്റെ മഹത്വമാണോ അത് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ ഈ നിയമത്തിൽ എന്തെങ്കിലും മാറ്റം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽവേ പാത</u>**

13 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽവേ പാതയ്ക്കായി എന്തെല്ലാം പ്രാഥമിക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രൂപരേഖയും നിർമ്മാണത്തിനാവശ്യമായ തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് തിരുവനന്തപുരം (വിസിൽ) നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ എന്തെല്ലാം പ്രവർത്തികളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ( എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) ടെൻഡർ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്നും പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>കരാർ, താൽക്കാലിക, പുനർ നിയമനങ്ങൾ</u>**

14 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകൾ, കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, ശാസ്ത്രസാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നടത്തിയിട്ടുള്ള കരാർ

നിയമനങ്ങളുടെയും താൽക്കാലിക നിയമനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; വിരമിച്ചവർക്ക് പുനർനിയമനം നല്കിയതടക്കമുള്ള വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാരെയാണ് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്; ഇപ്രകാരം സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ വകുപ്പ്, സ്ഥാപനം ഇനം തിരിച്ച് വിശദമാക്കാമോ?

## മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം

15 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ ഗോത്രമൂപ്പൻ നൽകിയ 20.10.23ലെ പി.കെ.ജി.എം./306/10/2023-24/ടി.വി.എം. നമ്പർ നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വനാവകാശ നിയമപ്രകാരം പട്ടിക ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്ക് വ്യക്തിഗത വനാവകാശ രേഖ അനുവദിച്ചിട്ടുള്ള കൈവശ വസ്തുവിന് ഭൂനികുതി ഒഴിവാക്കിയും വിവിധ ആവശ്യങ്ങൾക്ക് ബാങ്കിൽ പണയപ്പെടുത്തുവാൻ അനുമതി ലഭിക്കുന്ന രീതിയിലും സൗജന്യ റവന്യൂ പട്ടയം അനുവദിച്ചു നൽകുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## കെ. എം. എം. എൽ.

16 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ -ന് മുൻവശം കെ.എം.എം.എൽ ഗസ്റ്റ് ഹൗസ് മുതൽ അട്ടൂർ റോഡ് വരെയുള്ള പ്രദേശത്ത് കെ.എം.എം.എൽ-ന്റെ പക്കൽ എത്ര വസ്തു ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എം.എം.എൽ -ന് സർക്കാർ വക ഭൂമി കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പൻമന വില്ലേജ് ഓഫീസർ പുറമ്പോക്ക് ഭൂമിയാണെന്ന് കാണിച്ച് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നവകേരള സദസ്സിലെ നിർദ്ദേശം പരിഗണിച്ച് ചവറയിൽ അനുവദിച്ച ശങ്കരമംഗലം ബസ് സ്റ്റാൻഡ്, വിശ്രമ കേന്ദ്രം, പാർക്കിംഗ് ഏരിയ, ഹരിത പാർക്ക്, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിന്റെ 75-ാം വാർഷിക സ്തൂപം എന്നിവയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

## വിരമിച്ച ഐ.എ.എസ്. - ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ പുനർനിയമനം.

17 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവീസിൽനിന്നും വിരമിച്ച എത്ര ഐ.എ.എസ് ./ഐ. പി. എസ്. ഉദ്യോഗസ്ഥർക്കാണ് പുനർനിയമനം

നൽകിയിട്ടുള്ളതെന്നും അവരുടെ പേരുവിവരവും വഹിക്കുന്ന പദവിയും ചുമതലകളുമടക്കമുള്ള വിശദാംശങ്ങളും നൽകാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2021 മുതൽ പുനർനിയമനം നൽകിയവരിൽ ഇപ്പോഴും തുടരുന്ന മേൽ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പേരു വിവരങ്ങൾ വിശദമാക്കുമോ?

**നവകേരള സദസ്സിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിലെ നവകേരള സദസ്സ് പദ്ധതികൾ**

18 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കായംകുളം മണ്ഡലത്തിലെ വികസന പദ്ധതികൾ**

19 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളും അവയുടെ നിലവിലുള്ള സ്ഥിതിവിവരങ്ങളും വിശദമാക്കാമോ?

**നവകേരള സദസുമായി ബന്ധപെട്ട് മണലൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

20 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

**നവകേരള സദസ്സുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

21 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ഉയർന്നുവന്ന പരാതികൾ പരിഹരിക്കുന്നതിനായി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്; ആയതിന്റെ പുരോഗതി വിശദമാക്കുമോ?

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഗവേഷണ വികസന ഉച്ചകോടി**

22 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന ഗവേഷണ വികസന ഉച്ചകോടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഉച്ചകോടിയുടെ ഭാഗമായി എത്ര കണ്ടുപിടിത്തങ്ങളാണ് വാണിജ്യ അടിസ്ഥാനത്തിൽ ഉപയോഗിക്കാൻ ഗവേഷകരും പൊതു - സ്വകാര്യ സ്ഥാപനങ്ങളും തമ്മിൽ ധാരണയായത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ഉച്ചകോടിയിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ കണ്ടുപിടിത്തങ്ങളാണ് സ്വകാര്യമേഖലയുമായി ധാരണപത്രം ഒപ്പിട്ട് കൈമാറിയത് എന്ന് വിശദമാക്കാമോ; കണ്ടുപിടുത്തങ്ങൾ / പേറ്റന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

## സംസ്ഥാന രാസപരിശോധനാ ലാബ്

23 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രാസപരിശോധനാ ലാബിന് 2023-24 വർഷത്തിൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്തതിലും കുറവ് ഫണ്ടാണ് അനുവദിച്ചിരിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റാന്വേഷണത്തിൽ നിർണായക പങ്ക് വഹിക്കുന്ന ഈ ലാബിന് മതിയായ ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ചെലവേറിയ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (Annual Maintenance Contract)നും വില കൂടിയ സ്പെയർ പാർട്സുകളും അനലിറ്റിക്കൽ ഉപകരണങ്ങളും അൾട്രാ ഹൈ പ്യൂരിറ്റി (Ultra High Purity) ഗ്യാസും കെമിക്കലുകളും ഗ്ലാസ് ഉപകരണങ്ങളും വാങ്ങുന്നതിനും ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ പരിശോധന തടസപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന പൊതുശീർഷകത്തിൽ രണ്ട് സ്ഥാപനങ്ങൾക്കും ഒരുമിച്ച് ഫണ്ട് അനുവദിക്കുന്നത് പ്രസ്തുത ലാബിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിന് മതിയായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## പി. എസ്. സി. യുടെ ആസ്ഥാന ഓഫീസിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

24 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പി. എസ്. സി. യുടെ ആസ്ഥാന ഓഫീസിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, മരാമത്ത് പണികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, അതിനായി ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിച്ച സർക്കാർ ഏജൻസി, സ്വകാര്യ സ്ഥാപനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പി. എസ്. സി. ആസ്ഥാന ഓഫീസിൽ ക്യാന്റീൻ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി 2025 വർഷത്തിൽ ചെലവാക്കിയ തുക എത്രയാണ്; എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിൽ വരുത്തിയത്?

## കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ

25 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എം.വിജിൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യവും വേഗത്തിലുമാക്കുന്നതിനായി എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ എത്ര തസ്തികകളിലേയ്ക്കുള്ള വിജ്ഞാപനങ്ങൾ നടത്തുകയുണ്ടായെന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശകൾ നൽകിയെന്നുമുള്ള കണക്ക് ക്രോഡീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) 2016-2021 വരെയുള്ള സർക്കാരിന്റെ കാലത്ത് പി. എസ്. സി. വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാണോ;

(ഡി) ഒഴിവുകൾ കൃത്യമായി റിപ്പോർട്ടുചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിർദേശം നൽകുമോ?

## പി.എസ്.സി. നിയമനം

26 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ വകുപ്പിലും നൽകിയിട്ടുള്ള നിയമനം സംബന്ധിച്ച വിശദാംശം നൽകുമോ?

## വിവിധ വകുപ്പുകളിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകളിലെ വിജ്ഞാപനം

27 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ അടിസ്ഥാനത്തിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം

വ്യക്തമാക്കാമോ; ഈ തസ്തികയിലേക്ക് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോ, ഈ തസ്തിക ക്ലാർക്ക് തസ്തികയായി മാറ്റാമോ എന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പ് വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രവർത്തി പഠനം നടക്കുന്നു എന്ന കാരണത്താൽ മാത്രം പ്രസ്തുത തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം തടഞ്ഞുവച്ചതിന്റെ അടിയന്തര സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ നിന്നുള്ള കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സും പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ.(കൊമേഴ്സ് ) ടൈപ്പ് റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയും പാസ്സാകുന്ന അവശ്യ യോഗ്യതയുള്ള അൻപതിനായിരത്തിലധികം വരുന്ന വിദ്യാർത്ഥികളുടെ സർക്കാർ ജോലി നേടുന്നതിനുള്ള അപൂർവ്വ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത മുപ്പതിലധികം വരുന്ന സർക്കാർ വകുപ്പുകളിലെ ഓഫീസുകളിലെ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിർത്തലാക്കുന്നത് ഈ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ ഈ തസ്തിക നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(എഫ്) ഈ തസ്തിക നിർത്തലാക്കുന്നതിന് പകരം ഈ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ചുമതലകളിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി. മുഖേനയുള്ള നിയമനം

28 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാതെ കൃത്യവിലോപം കാണിക്കുന്ന വകുപ്പ് മേലധികാരികൾ ഉണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്ക് എതിരെ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വിവിധ വകുപ്പുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി നിയമനം

29 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പി.എസ്.സി മുഖേന എത്ര പേർക്ക് നിയമനം നൽകി എന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പി.എസ്.സി അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും ജോലിക്ക് ഹാജരാകാത്തവരുടെ എണ്ണം വിശദമാക്കാമോ;

(സി) അഡ്വൈസ് ലഭിച്ചിട്ടും കൃത്യമായ കാരണങ്ങളില്ലാതെ ജോലിക്ക് ഹാജരാവാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കെ.പി.എസ്.സി മുഖേന നിയമനം

30 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും കെ.പി.എസ്.സി. മുഖേന എത്ര നിയമനം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അതിൽ തിരുവനന്തപുരം ജില്ലയിൽ എത്ര നിയമനം നടന്നുവെന്ന് വിശദമാക്കാമോ?

## ആലപ്പുഴ ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ

31 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലായി പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ കണക്ക് റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളിലാണ് ഇനിയും നിയമന ശിപാർശകൾ നൽകാൻ ബാക്കിയുള്ളതെന്നുള്ള കണക്ക് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

## ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ

32 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വകുപ്പുകളിൽ ജീവനക്കാരുടെ ഓൺലൈൻ ട്രാൻസ്ഫർ ഇതുവരേയും നടത്താത്ത വകുപ്പുകൾ ഏതെല്ലാമാണെന്നും ഇവിടങ്ങളിൽ ഓൺലൈൻ ട്രാൻസ്ഫർ നടത്താൻ സാധിക്കാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

## കെ-ഫോൺ പദ്ധതി

33 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയിൽ എത്ര സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) എത്ര വാണിജ്യ കണക്ഷനുകൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**കെ-ഫോൺ ഇന്റർനെറ്റ് സേവനം**

34 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കെ-ഫോൺ ഇന്റർനെറ്റ് സേവനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) കെ-ഫോൺ ഇന്റർനെറ്റ് സേവനത്തിൽ ഉണ്ടാകുന്ന വേഗതകുറവും തടസ്സവും കാരണം കെ-ഫോൺ ഇന്റർനെറ്റ് സേവനം ഉപേക്ഷിച്ച് മറ്റ് സേവനദാതാകളിലേക്ക് മാറാൻ വിവിധ വകുപ്പുകൾ സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

**കെ-ഫോൺ പദ്ധതി**

35 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന ജനവിഭാഗങ്ങൾക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കി വരുന്ന കെ. ഫോൺ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ നാളിതുവരെ എത്ര പേർക്കാണ് സൗജന്യമായി കെ-ഫോൺ കണക്ഷൻ ലഭ്യമായിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ?

**ഐ.ടി. വ്യവസായത്തിലെ സാധ്യതകൾ**

36 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജ്ഞാനത്തിൽ അടിസ്ഥാനമായ ഒരു സമൂഹമായി കേരളത്തെ രൂപാന്തരപ്പെടുത്തുവാൻ സംസ്ഥാന ഐ. ടി. നയം വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഒരു മുൻനിര ഐ. ടി. കേന്ദ്രമാക്കി കേരളത്തെ മാറ്റുന്നതിനും പ്രത്യക്ഷവും പരോക്ഷവുമായി തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിക്കുന്നതിനും സംസ്ഥാന ഐ. ടി. നയം വിഭാവനം ചെയ്യുന്ന പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മികച്ച മാർക്കറ്റിങ്ങിലൂടെ ദേശീയ- അന്തർദേശീയ തലങ്ങളിലെ ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും അവരാൽ വിവിധ ഐ. ടി. സംരംഭങ്ങളിൽ

നിക്ഷേപം നേടുന്നതിനുമാവശ്യമായ പശ്ചാത്തലസൗകര്യം ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) കേരളത്തിലെ യുവാക്കളിലും വിദ്യാർത്ഥികളിലുമുള്ള സംരംഭകത്വശേഷി തിരിച്ചറിയുന്നതിനും വികസിപ്പിക്കുന്നതിനുമായി പരമ്പരാഗത മേഖലകളിൽക്കൂടി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംരംഭകത്വ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കെ ഫോൺ

37 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ ഫോൺ പദ്ധതി വഴി എത്ര കണക്ഷനുകളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര വീടുകളിൽ നിലവിൽ കണക്ഷൻ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി

38 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമക്കാമോ;

(ബി) കുന്നത്തുനാട് മണ്ഡലത്തിൽ ഏതൊക്കെ സർക്കാർ ഓഫീസുകളിൽ, പൊതുസ്ഥലങ്ങളിൽ, സ്ഥാപനങ്ങളിൽ കെ-ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്നത് വിശദമാക്കാമോ;

(സി) കുന്നത്തുനാട് മണ്ഡലത്തിൽ എത്ര ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ കൂടുതൽ സ്ഥാപനങ്ങളിലേക്കും, വ്യക്തികളിലേക്കും കെ-ഫോൺ പദ്ധതിയുടെ ആനുകൂല്യം വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഐ.ടി ഹാർഡ് വെയർ ഉല്പാദനം

39 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ എത്ര കോടി രൂപയുടെ ഐ.ടി ഹാർഡ് വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉല്പാദനം 2025-26 ആകുമ്പോഴേക്കും എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ

40 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ന് ശേഷം ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലായി എത്രപേർക്ക് കൂടുതലായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.ടി. മേഖലയിലെ തൊഴിൽ സാധ്യതയുടെ വർദ്ധനവിനായി എത്ര കോടി രൂപയുടെ വികസനമാണ് ഈ കാലഘട്ടത്തിൽ സർക്കാർ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ പരിപോഷണം

41 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നൂതന വിദ്യാ പ്രോത്സാഹന നയത്തിന്റെ ഭാഗമായി ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ പരിപോഷണങ്ങൾക്കായി സർക്കാർ എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനും എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ഐ.ടി. മേഖലയിലെ സർക്കാർ ഇടപെടൽ

42 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം ലോകത്താകമാനമുള്ള ഐ. ടി. മേഖല തകർച്ച നേരിട്ട സാഹചര്യത്തിൽ, സംസ്ഥാനത്തെ ഐ. ടി. മേഖലയിൽ സർക്കാർ നടപ്പാക്കിയ നൂതനവും കാലാനുസൃതവുമായ ആശയങ്ങളുടെ ഫലമായി എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞതെന്ന് അറിയിക്കാമോ;

(ബി) 2016 മുതൽ ഐ. ടി. മേഖലയിൽ സർക്കാർ അനുവർത്തിച്ചു വരുന്ന നയവും പ്രായോഗിക ഇടപെടലുകളും മൂലം ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയിലുണ്ടായിട്ടുള്ള വളർച്ച സംബന്ധിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുതകാലയളവിൽ ഈ മേഖലയിലെ വികസനത്തിനായി സർക്കാർ ചെലവഴിച്ച തുകയും അതുവഴി ലഭ്യമാക്കിയ തൊഴിലവസരങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ഐ.ടി. അധിഷ്ഠിത ജോലികൾ

43 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെയും അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെയും എന്തെല്ലാം ഐ.ടി. അധിഷ്ഠിത ജോലികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (യു.എൽ.സി.സി.എസ്.) ഏൽപ്പിച്ചിരുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ സ്ഥാപനത്തിലും ഐ.ടി. അധിഷ്ഠിതമായ എന്തെല്ലാം ജോലികളാണ് യു.എൽ.സി.സി.എസ്.യെ ഏൽപ്പിച്ചതെന്നും ആയതിന്റെ കോൺട്രാക്ട് തീയതിയും തുകയും കാലാവധിയും സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; ആയതിൽ എത്ര സ്ഥാപനങ്ങളിൽ ഇതിനകം പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്നത് വിശദമാക്കാമോ;

(സി) ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി പൂർത്തികരിക്കാതെ കോൺട്രാക്ടിൽ നിന്നും യു.എൽ.സി.സി.എസ്. പിൻമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രവൃത്തി പൂർത്തികരിക്കാതെ ജോലി അവസാനിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ തുക കൈപ്പറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക തിരികെ പിടിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>സർക്കാർ ഓഫീസുകളിലെ നവമാധ്യമങ്ങളുടെ ഉപയോഗം</u>

44 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പിലെ ദൈനംദിന കാര്യങ്ങൾ നിർവഹിക്കുന്നതിനായി വാട്ട്സ് ആപ്പ് പോലുള്ള നവ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ വകുപ്പുകളിൽ ഔദ്യോഗികമായി വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) നവമാധ്യമങ്ങൾ വഴി ലഭ്യമാകുന്ന സർക്കാർ രേഖകളും റിപ്പോർട്ടുകളും ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെന്ന വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ഒഫീഷ്യൽ ഇ-മെയിൽ വഴി അല്ലാതെ സർക്കാർ കത്തിടപാടുകൾ വാട്ട്സ് ആപ്പ് വഴി നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഡിജിറ്റൽ ആയി മാറിയ ശേഷവും സർക്കാർ ഓഫീസുകളിലെ രേഖകളുടെ ഹാർഡ് കോപ്പി സൂക്ഷിക്കുന്നതിനായി ഇപ്പോഴും ധാരാളം പേപ്പർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## <u>കെ-ഫോൺ പദ്ധതി</u>

45 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി പ്രകാരം എത്ര കണക്ഷനുകൾ നൽകി എന്നുള്ളത് ജില്ല തിരിച്ച് വിശദമാക്കാമോ; അതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒ.ടി.ടി. സേവനങ്ങൾ ആരംഭിച്ചതോടെ ഈ സാമ്പത്തികവർഷത്തിൽ എത്ര കണക്ഷനുകൾ നൽകുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

**തളിപ്പറമ്പ് മണ്ഡലത്തിലെ കേരള നോളജ് എക്കണോമി മിഷൻ**

46 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നോളജ് എക്കണോമി മിഷന്റെ ഭാഗമായി തളിപ്പറമ്പ് മണ്ഡലത്തിൽ നടത്തിയ ജോബ് ഫെയറുകളുടെ വിശദാംശങ്ങൾ നൽകാമോ; ആകെ എത്ര പേർക്ക് ജോബ് ഫെയർ വഴി തൊഴിൽ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; ഏതൊക്കെ മേഖലയിലാണ് തൊഴിൽ ലഭിച്ചത് ; തൊഴിൽ ലഭിച്ചവർക്കുള്ള ശരാശരി വേതനം എത്രയാണ്; വിശദമാക്കാമോ ;

(ബി) കേരള നോളജ് എക്കണോമി മിഷന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ എത്ര ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്; ആകെ എത്ര പേർക്ക് ജോബ് ഫെയർ വഴി തൊഴിൽ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; ഏതൊക്കെ മേഖലയിലാണ് തൊഴിൽ ലഭിച്ചത്; വിശദമാക്കാമോ?

**സൈനികക്ഷേമ വകുപ്പിലെ നിയമനം**

47 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സൈനികക്ഷേമ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ ആയി പ്രൊമോഷൻ ലഭിക്കുവാൻ കുറഞ്ഞത് എത്ര കൊല്ലം സർവ്വീസ് പൂർത്തിയായിരിക്കണം; വ്യക്തമാക്കാമോ;

(ബി) അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ റേഷ്യോ പ്രൊമോഷൻ (ഹയർ ഗ്രേഡ്) ലഭിക്കുന്നതിന് മിനിമം സർവ്വീസ് എന്ന നിബന്ധന നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് ബാധകമാണോ; വിശദമാക്കാമോ;

(സി) നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് പ്രൊബേഷൻ പൂർത്തിയാകുന്ന മുറക്ക് ഈ പോസ്റ്റിൽ ഹയർ ഗ്രേഡ് മിലിട്ടറി സർവ്വീസ് കണക്കിലെടുത്ത് ഈ തസ്തികയിൽ റേഷ്യോ പ്രൊമോഷൻ ഹയർ ഗ്രേഡ് ലഭിക്കുവാൻ അർഹതയുണ്ടോ;

(ഡി) ഈ വിഷയത്തിൽ സ്പെഷ്യൽ റൂൾ ഇല്ലാത്ത സാഹചര്യത്തിൽ ഇവർക്ക് കേരള സർവ്വീസ് റൂൾ ആണോ ബാധകമാക്കേണ്ടത് ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**അരൂർ മണ്ഡലത്തിന് ലഭിച്ച ദുരിതാശ്വാസ നിധി സഹായം.**

48 **ശ്രീമതി ദലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2021 മെയ് മുതൽ നാളിതുവരെ അരൂർ മണ്ഡലത്തിൽ എത്ര രൂപ അനുവദിച്ചെന്ന് വിശദമാക്കാമോ?

**വൈപ്പിൻ കരയിലെ റോഡ് നവീകരണം**

49 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ കാലാവസ്ഥാ വ്യതിയാനത്താൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഓരുവെള്ളം കയറി റോഡുകൾ ഗതാഗതയോഗ്യമല്ലാതായതിനെ തുടർന്ന് നവകേരള സദസിലെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയ പ്രസ്തുത റോഡ് നവീകരണം സംബന്ധിച്ച ഉത്തരവ് റദ്ദാക്കിയതിനാൽ ജിഡ (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) ഫണ്ട് വിനിയോഗിച്ച് റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള അനുമതിക്കായി സ്ഥലം എം.എൽ.എ. മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ജിഡ ജനറൽ കൗൺസിലിന്റെ കാലാവധി കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത റോഡ് പ്രവൃത്തികൾക്ക് ജനറൽ കൗൺസിൽ അംഗീകാരം ലഭ്യമാകാത്ത സാഹചര്യവും റോഡുകളുടെ ശോചനീയാവസ്ഥയും കണക്കിലെടുത്ത് പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനായി ജിഡ ഫണ്ട് വിനിയോഗിക്കുവാൻ പ്രത്യേകാനുമതി ലഭ്യമാക്കാമോ?

## <u>സുൽത്താൻ കനാലിന്റെ പാർശ്വ ഭിത്തി പുനർ നിർമ്മാണം</u>

50 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുള്ള സുൽത്താൻ കനാലിന്റെ പാർശ്വഭിത്തി പുനർ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പലതവണ ടെൻഡർ ചെയ്തിട്ടും കരാറുകാർ പ്രവർത്തി എടുക്കാത്തതിനാൽ അടങ്കൽ തുകയേക്കാൾ കൂടുതൽ തുക അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയത് എപ്പോഴാണ്; ധനകാര്യ വകുപ്പിൽ നിന്ന് ഫയൽ തിരികെ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) കനത്ത മഴ പെയ്യുന്ന സമയത്ത് പ്രസ്തുത സ്ഥലത്ത് താമസിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന ഭീതി കണക്കിലെടുത്ത് ഈ പ്രവർത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>വയനാട് ചൂരൽമല പുനരധിവാസ പദ്ധതികളുടെ പുരോഗതി</u>

51 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല പുനരധിവാസ പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) വയനാട് ചൂരൽമല ദുരന്തത്തിൽ അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി ചെയ്യുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ചൂരൽമലയിലെ സ്മാർട്ട് പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളിലെ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാപഠനം

52 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മണ്ണിടിച്ചിൽ സാധ്യതയുള്ളതായി കണ്ടെത്തിയ തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളിൽ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഏത് ഏജൻസിയാണ് സാധ്യതാപഠനം നടത്തിയിട്ടുള്ളതെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉരുൾപൊട്ടൽ ഉപദേശക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിൽ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ ?

## ചൂരൽമല, മുണ്ടക്കൈ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

53 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂരൽമല, മുണ്ടക്കൈ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുക ലഭിച്ചു; പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചത്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ചൂരൽമല, മുണ്ടക്കൈ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും എത്ര തുക ധന സഹായമായി ലഭിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക ലഭിച്ചത്; ഈ തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിൽ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേന്ദ്രസർക്കാർ ധനസഹായം അനുവദിച്ചത് ഉപാധികളോടെ ആണോ; ഉപാധികളോട് അനുവദിച്ച ധനസഹായം എത്ര തുകയാണ്; എന്തൊക്കെയാണ് ഉപാധികൾ; ഈ തുക ഏത് രീതിയിൽ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; ഉപാധിരഹിതമായി കേന്ദ്രസർക്കാരിൽ നിന്നും ഏതെങ്കിലും തുക ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സി.ഡി.എൻ.എ. പഠനത്തിനെ തുടർന്ന് എന്തെങ്കിലും സഹായം ചൂരൽമല, മുണ്ടക്കൈ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത തുക ഏത് രീതിയിലാണ് വിനിയോഗിക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പുന്നപ്പുഴ പുനഃക്രമീകരണ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ

ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതാണ്; ഈ ഏജൻസിക്ക് മേൽപ്പറഞ്ഞതിന് സമാനമായ പദ്ധതി നടത്തിപ്പിൽ മുൻ പരിചയം ഉണ്ടോ; പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; പദ്ധതി സംബന്ധിച്ച് കരാർ നിലവിൽ വരുന്നതിനു മുമ്പ് തുക ചെലവഴിച്ചതായുള്ള ആക്ഷേപങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ; പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനം തൃപ്തികരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) പ്രധാനമന്ത്രി ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ആവശ്യമായ സഹായങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

## <u>ദുരന്ത നിവാരണ-പുനരധിവാസ പ്രവർത്തനങ്ങൾ</u>

54 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രകൃതിദുരന്തങ്ങളിൽ സർക്കാരും നാനാവിഭാഗം ജനങ്ങളും കൈകോർത്തുപിടിച്ച് ദുരന്ത നിവാരണ-പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത് സംസ്ഥാനത്തെ ജനങ്ങളുടെ മാനവീയബോധവും യശസ്സും ഉയർത്തിപ്പിടിക്കുന്ന മാതൃകാപരമായ പ്രവൃത്തിയായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വയനാട് ദുരന്തനിവാരണ-പുനരധിവാസ പ്രവർത്തനങ്ങൾക്കായി വാഗ്ദാനങ്ങൾ നൽകിയ സംഘടനകളും, സ്ഥാപനങ്ങളും വ്യക്തികളും ആരെല്ലാമാണെന്നും നാളിതുവരെ അവർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ദുരന്തമേഖലയിലെ പുനരധിവാസത്തിനായി ജനങ്ങളിൽ നിന്നും വിവിധ തരത്തിൽ ധനസമാഹരണം നടത്തുകയും ആയത് യഥാവിധി പുനരധിവാസ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നതായി വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ</u>

55 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) റീബിൽഡ് കേരള പദ്ധതിയിൽ അനുവദിച്ച, ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ആഞ്ഞിലിമൂട്-സുനീഷ്ഭവനം റോഡ് നിർമ്മാണം

ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ?

**<u>ദുരന്തങ്ങളുടെ പേരിൽ ജനങ്ങളിൽ നിന്നും പണപ്പിരിവ് നടത്തുന്നതിനെതിരെ നടപടി</u>**

56 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ദുരന്തങ്ങളുടെ പേരിൽ ജനങ്ങളിൽ നിന്നും വ്യപകമായി പണപ്പിരിവ് നടത്തുകയും ആയത് യഥാസമയം ദുരിതബാധിതർക്ക് നൽകാതെ കൈവശം സൂക്ഷിക്കുകയും ചെയ്യുന്ന സംഘടനകളെ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പണം പിരിക്കുകയും യഥാസമയം ദുരിതബാധിതരെ സഹായിക്കുകയും ചെയ്യാത്ത സംഘടനകൾക്കും വ്യക്തികൾക്കുമെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ?

**<u>ഉദുമ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ</u>**

57 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഉദുമ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) പ്രസ്‌തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

**<u>റീ ബിൽഡ് കേരള പദ്ധതി</u>**

58 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ</u>**

59 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തേക്കുള്ള നാലുവരി പാതയുടെ നിർമ്മാണ പുരോഗതി</u>**

60 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നാലുവരി പാതയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് വിമാനത്താവളത്തിലെ സി.ഇ.ആർ/സി.എസ്.ആർ ഫണ്ടുകളുടെ വിനിയോഗം

61 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ സി.ഇ.ആർ/ സി.എസ്.ആർ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഇത് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സി എസ്. ആർ/ സി.ഇ. ആർ ഫണ്ടുകൾ വിമാനത്താവളത്തിന്റെ വികസനത്തിന്റെ പേരിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്ന ഭാഗങ്ങളിലെ വികസന ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ഉപയോഗിക്കുന്നതിന് പകരം മറ്റ് ജില്ലകളിലേക്ക് വക മാറ്റുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) നിലവിൽ സി.ഇ.ആർ ഫണ്ട് ഏതെല്ലാം വികസന ആവശ്യങ്ങൾക്കായി എത്ര രൂപയുടെ പദ്ധതികൾക്കാണ് ചെലവഴിക്കാൻ പോകുന്നതെന്നും ഇതിന്റെ പ്രൊപ്പോസൽ എവിടെ നിന്ന് ലഭിച്ചുവെന്നും ഇതിന് അംഗീകാരം നൽകിയത് ആരാണെന്നും പദ്ധതികൾ തിരിച്ച് പ്രത്യേകം വിശദമാക്കുമോ;

(ഡി) വിമാനത്താവളത്തിന്റെ റിസാ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തപ്പോൾ വീടുകളിലേക്കുള്ള വഴികളടഞ്ഞതും, റോഡ് നഷ്ടപ്പെട്ടതുമായ പ്രശ്നങ്ങളും ജനപ്രതിനിധികളും നാട്ടുകാരുമായി കളക്ടറുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ ഉയർന്നു വന്നതുമായ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾക്ക് കളക്ടേറ്റിൽ നിന്നും പ്രോപ്പോസലുകൾ നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലെ പ്രസ്തുത ഫണ്ട് വിമാനത്താവളം നിലനിൽക്കുന്ന കൊണ്ടോട്ടി മുൻസിപ്പാലിറ്റി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ വിമാനത്താവളത്തിന്റെ പരിസര പ്രദേശത്തെ വികസന, പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം

62 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വികസനത്തിന് വേണ്ടി സ്ഥലം ഏറ്റെടുത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ റെസാ വികസനം ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്നും, ഇവയുടെ പ്രവർത്തി

എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) വിമാനത്താവളത്തിന്റെ വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ക്രോസ് റോഡിന് പകരം പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) റെസ വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ വഴിയടഞ്ഞു പോയ വീട്ടുകാർക്കും അംഗനവാടിയിലേക്കും വഴി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

(ഇ) വിമാനത്താവളത്തിന്റെ പരിസരപ്രദേശത്ത് വീട് നിർമ്മിക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ നിരാക്ഷേപ പത്രം ലഭിക്കാത്തതിന്റെ പേരിൽ മുൻസിപ്പാലിറ്റിക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിന് മലപ്പുറം ജില്ലാ കലക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(എഫ്) കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനും കൂടുതൽ ആഭ്യന്തര - അന്താരാഷ്ട്ര സർവീസുകൾ ആരംഭിക്കുന്നതിനും പകൽസമയം കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

## വിമാനത്താവളങ്ങളുടെ വികസനം

63 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർപോർട്ട് അതോറിറ്റി നടത്തിയ എയർപോർട്ട് സർവീസ് ക്വാളിറ്റി (എ. എസ്. ക്യൂ.) സർവ്വേ പ്രകാരം യാത്രക്കാരുടെ സംതൃപ്തിയിൽ രാജ്യത്തെ ഏറ്റവും മികച്ച വിമാനത്താവളമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും കണ്ണൂർ വിമാനത്താവളവും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗുണനിലവാര പരിശോധനയിൽ സംസ്ഥാനത്തെ മറ്റു വിമാനത്താവളങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ വികസനത്തിനും അനുബന്ധ-പശ്ചാത്തല സൗകര്യ വികസനത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

## അന്തർസംസ്ഥാന നദികളുമായുള്ള ജലവിനിയോഗ കരാർ

64 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പങ്കിട്ടിരിക്കുന്ന അന്തർസംസ്ഥാന നദികളിൽ നിലവിലുള്ള ജലവിനിയോഗ കരാറുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളുമായി കേരളത്തിന് ജലവകാശ തർക്കങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) കാവേരി, കബനി, പമ്പ, ചാലിയാർ തുടങ്ങിയ നദികളിൽ ജലവിഹിതം സംബന്ധിച്ച് നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ?

## വടകര –മാഹി കനാൽ നിർമ്മാണം

65 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര–മാഹി കനാൽ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) കനാൽ നിർമ്മാണത്തിനായി നാദാപുരം മണ്ഡലത്തിൽ നിന്നും ഏറ്റെടുത്ത ഭൂമിയുടെ വില മുഴുവനായി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

## സംസ്ഥാന ജലപാതകൾ

66 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയായ ഈസ്റ്റ്-വെസ്റ്റ് കനാൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാതയിൽ നാളിതുവരെ എത്ര കിലോമീറ്ററാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും അതിന്റെ ബാക്കി പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കാമോ;

(സി) കോവളം മുതൽ വർക്കല വരെയുള്ള സ്ഥലമേറ്റെടുപ്പും തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങളും നിലവിൽ ഏതു ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) വെസ്റ്റ്-കോസ്റ്റ് കനാലിന്റെ ഭാഗമായ പാർവ്വതി പുത്തനാർ, ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും സ്ഥലമേറ്റെടുപ്പും തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കും നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും വെളിപ്പെടുത്താമോ;

(ഇ) കോവളം മുതൽ ആക്കുളം വരെയുള്ള ജലപാതയുടെ വികസനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ഭാഗം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗത പദ്ധതികൾ

67 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗത വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്നും ആയതിന്റെ തുക എത്രയെന്നും പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കുമോ?

## <u>കരിങ്ങാലിയിലെ ലോക്ക് കം ബ്രിഡ്ജ്</u>

68 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കരിങ്ങാലിയിലെ ലോക്ക്- കം - ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എത്ര ശതമാനം പൂർത്തികരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>വടകര മാഹി കനാൽ</u>

69 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത നിലവാരത്തിലേക്ക് വടകര മാഹി കനാലിനെ ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ, അവയുടെ നിശ്ചയിച്ച പൂർത്തീകരണ സമയം സഹിതം വിശദമാക്കാമോ;

(ബി) 2021 മുതൽ 2025 വരെ ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും, നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും അടങ്കൽ തുകയും സഹിതം വിശദമാക്കാമോ;

(സി) വടകര മാഹി കനാലിന്റെ മൂന്നാം റീച്ചിലെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) വടകര മാഹി കനാലിന്റെ ഭാഗമായി വെങ്ങോളിപ്പാലം മുതൽ കല്ലിൽതാഴെ ഗുക്കുപാലം വരെയുള്ളതും കനാലിന് ഇരുവശത്തുമായി സമാന്തരമായി കടന്നുപോകുന്നതുമായ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ ?

## <u>പി. ആർ. ഡി. പരസ്യം</u>

70 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഇതുവരെ സർക്കാരിന്റെ പ്രവർത്തനങ്ങളെപ്പറ്റി ദൃശ്യ, ശ്രവ്യ, സമൂഹമാധ്യമങ്ങളിലും പത്രങ്ങൾ, പോസ്റ്ററുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയവയിലും പരസ്യങ്ങൾ നൽകിയ ഇനത്തിലും വർഷികാടിസ്ഥാനത്തിൽ ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും; ആകെ പരസ്യ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ?

## പ്രവാസികളുടെ ക്ഷേമം

71 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരളത്തിലെ പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ കാലയളവിൽ എത്രപേർക്ക് പുതുതായി പ്രവാസി പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## നോർക്ക റൂട്ട്സ് വഴി വിദേശ തൊഴിലവസരങ്ങൾ സംബന്ധിച്ച്

72 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് തൊഴിൽ തേടുന്നവർക്ക് അനുഗുണമായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് വഴി 2016 മുതൽ ഇന്നുവരെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വിദേശ രാജ്യങ്ങളിൽ മികച്ച തൊഴിൽ കിട്ടുന്നതിന് പരിശീലനം നേടുന്നവർക്ക് സബ്സിഡി വ്യവസ്ഥയിൽ സഹായം ലഭ്യമാക്കുന്ന 'ശുഭയാത്രാ' പദ്ധതി കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള പോലീസ് ഇടപെടലുകൾ

73 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് വ്യാപനം തടയുന്നതിന് പോലീസ് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) മറ്റു സംസ്ഥാനങ്ങളിലെ പോലീസുമായി ചേർന്ന് അവിടങ്ങളിൽ നിന്ന് സംസ്ഥാനത്തേക്കുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ലഹരി വേട്ടക്ക് ഇതര സംസ്ഥാന പോലീസ് സ്വീകരിക്കുന്ന നടപടികൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ഡി) ലഹരി വേട്ടയ്ക്കായി പോലീസിന്റെ നിലവിലെ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പുതുതായി വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കുള്ള കൗൺസിലിംഗ്, ചികിത്സാ രംഗങ്ങളിൽ പോലീസിന്റെ ഇടപെടൽ എന്നിവ വിശദീകരിക്കാമോ?

## സി. ബി. ഐ. അന്വേഷണം ആവശ്യപ്പെടുന്ന കേസുകളുടെ വാദവുമായി ബന്ധപ്പെട്ട ഫീസ്

74 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ ഇതുവരെ വിവിധ കേസുകളിൽ സി. ബി. ഐ. അന്വേഷണം ആവശ്യമില്ല എന്നു വാദിക്കാൻ പ്രത്യേകം അഭിഭാഷകരെ കൊണ്ടുവന്ന ഇനത്തിൽ

ഫീസ് ആയി ഓരോ കേസിനും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഈ അഭിഭാഷകർക്ക് യാത്രബത്ത നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഷുഹൈബ് എടയന്നൂർ വധക്കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാൻ കേരള ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ; ഈ കേസിലെ സ്പെഷ്യൽ പ്രോസിക്യൂട്ടർ ആരാണെന്ന് വ്യക്തമാക്കാമോ?

## പീഡനത്തിനിരയായ പെൺകുട്ടികൾ മരണമടഞ്ഞ കേസ്

75 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 - ൽ വാളയാറിൽ പീഡനത്തിനിരയായി രണ്ട് പെൺകുട്ടികൾ മരണമടഞ്ഞ കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; സി.ബി.ഐ. ചാർജ് ഷീറ്റിൽ എത്ര പ്രതികൾ ഉണ്ടെന്നും ആരൊക്കെയാണ് കേസിലെ പ്രതികളെന്നും എത്ര പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിൽ ഉണ്ടെന്നും എത്ര പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ടെന്നും ആരുടെയെങ്കിലും അറസ്റ്റ് കോടതി തടഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) വണ്ടിപ്പെരിയാറിൽ 2021 - ൽ ആറു വയസുകാരിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതിയെ വെറുതെ വിട്ട വിചാരണ കോടതിയുടെ വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; മേൽ കേസിന്റെ വാദം ബഹു. ഹൈക്കോടതിയിൽ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പ്രാവശ്യം കേസ് പരിഗണിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?മേൽ കേസിലെ സസ്പെൻഡ് ചെയ്യപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥനായ ഡി. വൈ. എസ്. പി.യ്ക്ക് പുനർനിയമനം നൽകിയോ; എവിടെയാണ് നിയമനം നൽകിയത്; എന്ത് വകുപ്പുതല നടപടിയാണ് സ്വികരിച്ചത് ?

## മുളന്തുരുത്തി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 112/2004 ന്റെ അന്വേഷണ പുരോഗതി

76 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി പോലീസ് സ്റ്റേഷനിൽ 112/2004 ക്രൈം നമ്പറായി രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ഏജൻസികൾ അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേസ് സി. ബി. ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## വെള്ളറട പോലീസ് സ്റ്റേഷൻ - ക്രൈം നമ്പർ 173/25

77 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളറട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 173/25 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന്

വ്യക്തമാക്കുമോ;

(ബി) മകന്റെ ചൈനയിലെ എം. ബി. ബി. എസ്. പഠനത്തിന് വേണ്ടി ആലപ്പുഴയിലെ ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൽട്ടൻസി സ്ഥാപന ഉടമ പണം വാങ്ങി കബളിപ്പിച്ചതാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന കൊല്ലപ്പെട്ട ജോസിന്റെ ഭാര്യയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സ്ഥാപന ഉടമയ്ക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ കേസിലെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണെന്നും തട്ടിപ്പ് നടത്തിയ ആളെ സഹായിക്കുന്ന നിലപാട് ഈ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുണ്ടോയെന്നും അന്വേഷിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപന ഉടമയ്ക്കെതിരെ ആലപ്പുഴ, എറണാകുളം ജില്ലകളിലുള്ള കേസുകളുടെ അവസ്ഥ വിശദീകരിക്കുമോ;

(ഇ) തട്ടിപ്പ് നടത്തി വൻതോതിൽ സ്വത്ത് സമ്പാദിച്ച പ്രസ്തുത സ്ഥാപന ഉടമക്കെതിരെ അനധികൃത സ്വത്ത് സമ്പാദനം അടക്കമുള്ള വിഷയങ്ങളിൽ അന്വേഷണം നടത്തുവാൻ സംസ്ഥാന പോലീസ് ക്രൈം ബ്രാഞ്ച് വിഭാഗത്തെ നിയോഗിക്കുമോയെന്ന് വിശദമാക്കാമോ?

## <u>ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങൾ</u>

78 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട്; ഇനി എത്ര കേസുകൾ പിൻവലിക്കാനുണ്ട്;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര കേസുകൾ കോടതിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെന്നും ഇവയിൽ ഏതെല്ലാം വകുപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകൾ പൂർണ്ണമായി പിൻവലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

## <u>സംസ്ഥാന പോലീസ് സേന</u>

79 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികച്ച സേനയായി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സൈബർ വിഭാഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഡാറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാന പോലീസ് സേനയ്ക്ക് ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരങ്ങൾ ലഭിച്ചതെന്ന് അറിയിക്കാമോ;

(ഡി) കുറ്റാന്വേഷണ മികവിൽ ദേശീയ തലത്തിൽ തന്നെ മുൻനിരയിലുള്ള സംസ്ഥാന പോലീസ് സേന ഈ കാലയളവിൽ തെളിയിച്ച പ്രധാന കേസുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഇ) പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണവും സന്ദേശങ്ങളും നിർദേശങ്ങളും നൽകുന്നതിൽ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

## <u>പോലീസ് വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റം</u>

80 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർമാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ 10 ശതമാനം തസ്തികമാറ്റം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നുവരെയുള്ള ഒഴിവുകളിൽ ഇതുപ്രകാരം നിയമനം നടത്തിയിട്ടുണ്ട്;

(ബി) പോലീസ് ഹെഡ്ക്വാർട്ടേഴ്സിന്റെ 01.04.2024-ലെ എം.3-11/2024 പി.എച്ച്.ക്യൂ. നമ്പർ ഉത്തരവ് പ്രകാരം എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## <u>കാവൽ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി</u>

81 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനത്തിനും കുറ്റാന്വേഷണത്തിലും ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കുന്നതിൽ സംസ്ഥാന പോലീസ് സേന വഹിക്കുന്ന പങ്ക് പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) പോലീസ് സേനാംഗങ്ങളുടെ മാന്യമായ പെരുമാറ്റവും വിശ്വാസ്യതയും മൂലം പൊതുജനങ്ങൾക്ക് പോലീസിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനും ക്രമസമാധാന പാലനം തങ്ങളുടെ കൂടി ആവശ്യമാണെന്ന ബോധ്യത്തിൽ എത്തിച്ചേരുന്നതിനും ഇടയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ പോലീസ് സേനയുടെ കാര്യക്ഷമതയും പ്രവർത്തന മികവും ഉയർത്തിക്കൊണ്ടുവരുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും കാവൽ പോലുള്ള പ്രത്യേക പദ്ധതികൾ ഗുണകരമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**പോലീസ് സേനയെ നവീകരിക്കുന്നതിനുള്ള നടപടി**

82 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ ആവശ്യമായ അംഗങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ ഉൾപ്പെടെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോലീസ് സേനയെ കൂടുതൽ നവീകരിക്കുന്നതിനും, കൂടുതൽ പേരെ സേനയിലേക്ക് റിക്രൂട്ട് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

**എടക്കര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിലെ തടസങ്ങൾ നീക്കുവാൻ സ്വീകരിച്ച നടപടികൾ**

83 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നിലമ്പൂർ മണ്ഡലത്തിലെ എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ സൗജന്യമായി സ്ഥലം അനുവദിച്ച് നൽകിയിട്ടും, കെട്ടിടം പണിയുന്നതിനുള്ള നിലവിലെ തടസങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) എടക്കര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ തടസങ്ങൾ നീക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

**പ്രതിപക്ഷ യുവജന സംഘടനാ നേതാവിനെ കുന്ദംകുളം പോലീസ് അന്യായമായി കസ്റ്റഡിയിൽ മർദ്ദിച്ച സംഭവം**

84 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുന്ദംകുളം പോലീസ് സ്റ്റേഷനിൽ വച്ച് 2023 ഏപ്രിലിൽ പ്രതിപക്ഷ യുവജന സംഘടനാ പ്രസിഡന്റിനെ മർദ്ദിച്ച കുന്ദംകുളം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറായിരുന്ന നുഹ്മാൻ, സി.പി.ഒ. മാരായ ശശീന്ദ്രൻ, സന്ദീപ്, സജീവൻ എന്നിവർക്കെതിരെ കൈക്കൊണ്ടിരുന്ന വകുപ്പുതല ശിക്ഷാനടപടി എന്തെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടി റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ പോലീസിൽ പ്രവേശിച്ച തീയതിയും സർവ്വീസ് കാലയളവും സംബന്ധിച്ച വിശദാംശങ്ങളും ഇവർ നിലവിൽ പ്രവർത്തിക്കുന്ന ഓഫീസിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) സർവ്വീസ് കാലയളവിൽ ഇവർക്കെതിരെ ഉയർന്നിട്ടുള്ള വിവിധ പരാതികൾ, അച്ചടക്ക നടപടികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ പ്രവർത്തനം കൃത്യമായി തെളിഞ്ഞ സാഹചര്യത്തിൽ പോലീസ് സേനയ്ക്ക് ഒന്നാകെ അപമാനവും കളങ്കവും വരുത്തിയ ഇവർക്കെതിരെ വധശ്രമത്തിന് ഉൾപ്പെടെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും ഇവർക്ക് സർവ്വീസ് കാലയളവിൽ നൽകിയിരുന്ന മുഴുവൻ ആനുകൂല്യങ്ങളും തിരിച്ച് പിടിക്കുന്നതിനും സർവ്വീസിൽ നിന്ന് ഉടനടി പിരിച്ച് വിടുന്നതിനുമുള്ള മാതൃകാപരമായ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിൽ കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട പരാതിയും അന്വേഷണവും നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പേരും വിശദാംശങ്ങളും നൽകാമോ ?

## <u>സംസ്ഥാനത്തെ പോലീസ് കസ്റ്റഡി മർദ്ദനം</u>

85 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി 1 മുതൽ 2025 ഓഗസ്റ്റ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര പോലീസ് കസ്റ്റഡി മർദ്ദനങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല, വർഷം എന്നിവ തരംതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഭവങ്ങളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവങ്ങളിൽ പ്രതിചേർക്കപ്പെട്ട എത്ര പോലീസ്ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മറ്റു നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## <u>കാസർകോട് ജില്ലയിലെ പോലീസ് സേന നേരിടുന്ന അടിസ്ഥാനപ്രശ്നങ്ങൾ</u>

86 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പോലീസ് സേന നേരിടുന്ന വിവിധ പ്രശ്നങ്ങളും പോലീസ് സ്റ്റേഷനുകളിലെ അപര്യാപ്തതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പോലീസ് സ്റ്റേഷനിൽ ആവശ്യമായ വാഹനങ്ങൾ ഉണ്ടോയെന്നും നിലവിലെ വാഹനങ്ങൾ ഏത് അവസ്ഥയിൽ ആണെന്നും പോലീസ് സ്റ്റേഷനുകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ എത്ര കൺട്രോൾ റൂമുകൾ ഉണ്ടെന്നും നിലവിൽ ഇരുചക്രവാഹനങ്ങൾ അടക്കം എത്ര വാഹനങ്ങൾ ഉണ്ടെന്നും ഇത് പര്യാപ്തമാണോയെന്നും കൺട്രോൾ റൂം തിരിച്ച് വിശദമാക്കാമോ;

(ഡി) കാസർകോട് ജില്ലയിൽ പോലീസ് ഉപയോഗിക്കുന്ന വയർലെസ് സെറ്റിന് വ്യാപ്തി (റേയിഞ്ച് ) ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര

നടപടികളെ കുറിച്ച് വ്യക്തമാക്കാമോ; നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിച്ച വയർലെസ് സെറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കാസർകോട് ജില്ലയിൽ നിലവിൽ പോലീസ് സേനയുടെ അംഗബലം എത്രയാണെന്നും ഇതു പര്യാപ്തമാണോയെന്നും വ്യക്തമാക്കാമോ; കാസർകോട് ജില്ലയിൽ എസ്.എച്ച്.ഒ. മാരുടെ ഒഴിവുകളുണ്ടോയെന്നും ഓരോ ഒഴിവും എത്ര കാലമായി തുടരുന്നുവെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

**<u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം</u>**

87 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവർത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മുട്ടിൽ മരംമുറി കേസിൽ കുറ്റവാളികൾക്ക് കർശനശിക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി</u>**

88 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ളവർ ആരൊക്കെയാണ്; എന്തൊക്കെ കുറ്റകൃത്യങ്ങളാണ് ഇവരുടെ പേരിൽ ചുമത്തിയിട്ടുള്ളത്; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഇടക്കാല അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ കുറ്റവാളികൾക്ക് കർശനശിക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

**<u>വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ</u>**

89 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വിഭാഗം ആളുകളുടെ അറിവോ സമ്മതമോ ഇല്ലാതെ വ്യാപകമായി തിരിച്ചറിയൽ രേഖകൾ ഉപയോഗപ്പെടുത്തി വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ എടുക്കുകയും അത് ഉപയോഗിച്ച് കോടികളുടെ ഇടപാടുകൾ നടത്തിയതുമായി ബന്ധപ്പെട്ട് പോലീസിന് ലഭിച്ച പരാതികളുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ പരാതികളിന്മേൽ പോലീസ് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന് വൻതോതിൽ നികുതി നഷ്ടം ഉണ്ടാകുന്ന സംഭവമായിട്ടും വ്യാപക കള്ളപണ ഇടപാടുകൾ ഇതിന്റെ മറവിൽ ഉണ്ടായിട്ടും പോലീസ് നടപടി സ്വീകരിക്കാത്തതിന് പ്രത്യേക കാരണങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ തിരിച്ചറിയൽ രേഖകൾ ദുരുപയോഗം ചെയ്ത് കോടികളുടെ കള്ളപണ ഇടപാടുകൾ നടത്തുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് പ്രത്യേക ടീമിനെ ചുമതലപ്പെടുത്തി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ ?

## കൂടുതൽ സ്കൂളുകളിൽ എസ്.പി.സി., എൻ.സി.സി. എന്നിവ അനുവദിക്കുന്നതിന് നടപടി

90 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം കൂടുതൽ സ്കൂളുകളിൽ എസ്.പി.സി., എൻ.സി.സി. എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ എസ്.പി.സി. അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. അനുവദിക്കുന്നതിനും, മുപ്ലിയം ഗവ. എച്ച്.എസ്.എസ്.-ൽ എൻ.സി.സി. അനുവദിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷകളിൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അതിക്രമങ്ങൾ

91 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെ എത്ര ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഈ സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളവ, പ്രതികളെ പിടികൂടിയിട്ടുള്ളവ, പ്രതികളെ ശിക്ഷിച്ചിട്ടുള്ളവ, പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുള്ളവ എന്നിവ സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

## കുട്ടികളിലെ മൊബൈൽ ഫോൺ, ഇന്റർനെറ്റ് ഉപയോഗം

92 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ നാല് വർഷം സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ദുരുപയോഗം മൂലം ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട എത്ര കുട്ടികൾക്കെതിരെ ആഭ്യന്തരവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്; എവിടെയെല്ലാം; ഇതു വഴി എത്ര കുട്ടികളെ ചികിത്സിച്ച് രക്ഷപ്പെടുത്തി; നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകി വരുന്നു; വിശദാംശം വ്യക്തമാക്കുമോ?

## ജയിലുകളിൽ നടന്ന മോഷണം

93 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽനിന്ന് 2021 മുതൽ നാളിതുവരെയും മോഷണം പോയിട്ടുള്ള വസ്തുക്കളുടെയും അതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെയും വിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ ജയിലുകളിൽ നിന്ന് 2021 മുതൽ നാളിതുവരെ മോഷണം നടത്തിയതായി പ്രതിചേർക്കപ്പെട്ടവരുടെ വിവരവും അതിൽ ശിക്ഷിക്കപ്പെട്ടവരുടെ വിവരവും പ്രത്യേകം അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ജയിലുകളിൽ നിന്ന് 2021 മുതൽ നാളിതുവരെ മോഷണം പോയിട്ടുള്ള വസ്തുക്കളിൽ തിരികെ ലഭിച്ചിട്ടുള്ളവയുടെയും വസ്തുക്കൾ തിരികെ ലഭിക്കാത്തതും പ്രതികളെ പിടിക്കാൻ സാധിക്കാത്തതുമായ കേസുകളുടെയും വിവരം ലഭ്യമാക്കാമോ;

(ഡി) പൂജപ്പുര സെൻട്രൽ ജയിൽനിന്ന് സോളാർ ബാറ്ററികൾ മോഷ്ടിക്കപ്പെട്ട കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രതിചേർത്തവരുടെ വിവരം ലഭ്യമാക്കാമോ; നഷ്ടപ്പെട്ട സോളാർ ബാറ്ററികളുടെ മൂല്യവും അത് നഷ്ടപ്പെടാനുണ്ടായ സാഹചര്യവും വ്യക്തമാക്കാമോ?

## സാറാമ്മ ഏലിയാസിന്റെ കൊലപാതക കേസിലെ അന്വേഷണ പുരോഗതി

94 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) അന്വേഷണം വേഗത്തിലാക്കി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കെവിൻ വധകേസിലെ പ്രതികൾക്കു പരോൾ അനുവദിച്ച നടപടി

95 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. 381/2018(സി.ആർ. 745/2018 ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ) കെവിൻ വധകേസിലെ എത്ര പ്രതികൾക്കു പരോൾ അനുവദിച്ചിട്ടുണ്ടെന്നും പ്രതികളിൽ

ആർക്കൊക്കെയാണ് പരോൾ അനുവദിച്ചതെന്നും ഇവരിൽ എത്ര പേർ ജയിലിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ചതിനും ജയിൽ അച്ചടക്കലംഘനത്തിനും നടപടിക്ക് വിധേയരായിട്ടുണ്ടെന്നും ജയിൽ ചട്ടലംഘനത്തിന് എത്ര പേർക്ക് എതിരെ കേസ് എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## അതിർത്തി കടന്നുള്ള ലഹരി ഉല്പന്നങ്ങളുടെ കടത്തും വിപണനവും

96 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തമിഴ്നാട് അതിർത്തിയോട് ചേർന്ന മണ്ഡലമായ പാറശ്ശാലയിൽ അതിർത്തി കടന്നുള്ള ലഹരി ഉല്പന്നങ്ങളുടെ കടത്തും വിപണനവും തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കേരള തമിഴ്നാട് അതിർത്തിയിലുള്ള അമ്പൂരി, കടുക്കറ തുടങ്ങിയ പ്രദേശങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(സി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ വിപണനവും ഉപയോഗവും തടയുന്നതിനായും ബോധവൽക്കരണം നടത്തുന്നതിനായും വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

## കുന്ദംകുളം പോലീസ് സ്റ്റേഷൻ - കസ്റ്റഡി മർദ്ദനം

97 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം പോലീസ് സ്റ്റേഷനിൽ പ്രമുഖ രാഷ്ട്രീയപ്പാർട്ടിയുടെ യുവജന രാഷ്ട്രീയ പ്രവർത്തകനായ വി എസ് സുജിത്തിനെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാരായ പോലീസുകാർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികളും നിയമ നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് നടത്തിയ അന്വേഷണ സംഘത്തിൽ ആരെല്ലാമായിരുന്നു ഉണ്ടായിരുന്നതെന്ന് വിശദമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സംഭവമായി ബന്ധപ്പെട്ട് പരാതിക്കാരൻ വിവരാവകാശ നിയമപ്രകാരവും അല്ലാതെയും ആഭ്യന്തര വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് എന്തെല്ലാം വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ടായിരുന്നു അപേക്ഷ നൽകിയിരുന്നതെന്നും പ്രസ്തുത അപേക്ഷയിൽ അതത് ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടി എന്തെല്ലാമായിരുന്നുവെന്നും വിശദമാക്കുമോ;

(ഇ) കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട് പരാതിക്കാരന് പോലീസ് സ്റ്റേഷനകത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് വിശദമാക്കുമോ;

(എഫ്) പരാതിക്കാരന് നീതി ഉറപ്പാക്കുന്നതിലും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവർക്കെതിരേയും മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ജി) കസ്റ്റഡി മർദ്ദനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ലോക്കപ്പ് മർദ്ദനത്തിൽ കുറ്റക്കാരായ പൊലീസുകാരെ സർവ്വീസിൽ നിന്നും പുറത്താക്കുന്നതിന് നടപടി

98 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം പോലീസ്സ്റ്റേഷനിൽ പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ യുവജന നേതാവിനെ പോലീസ് മർദ്ദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോക്കപ്പ് മർദ്ദനം മനുഷ്യാവകാശ ലംഘനമാണെന്ന് ബഹു. സുപ്രീംകോടതി വിധിച്ചിട്ടും സംസ്ഥാനത്തു ലോക്കപ്പ് മർദ്ദനം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി കുറ്റക്കാരായ പൊലീസുകാരെ സർവ്വീസിൽ നിന്നും പുറത്താക്കുന്നതടക്കമുള്ള നടപടി സ്വീകരിക്കുമോ?

## വിഷാദ രോഗത്തിന് ചികിത്സയിലുള്ള യുവാവിനെ പോലീസ് റോഡിലിട്ട് തല്ലിയ സംഭവം

99 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൈ പോളാർ ഡിസോർഡർ എന്ന കടുത്ത വിഷാദ രോഗത്തിന് ചികിത്സയിലുള്ള യുവാവിനെ ചിലരുടെ പ്രേരണയാൽ പോലീസ് അതിക്രൂരമായി റോഡിലിട്ട് തല്ലിച്ചതിന്റെ പേരിൽ ബഹു.മുഖ്യമന്ത്രിക്കും (ഡോക്കറ്റ് നം. ജി-2250900007), കാട്ടാക്കട ഡി.വൈ.എസ്.പി.ക്കും (നം.152920502-2025-5-00415), ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിക്കും (2/09/25), മനുഷ്യാവകാശ കമ്മീഷനും (03/09/25), ഡി.ജി.പിക്കും (ഇ-പെറ്റീഷൻ-8882/2025) യുവാവിന്റെ പിതാവും, സഹോദരനും നൽകിയ പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## പ്രതിപക്ഷ പാർട്ടിയുടെ യുവജനസംഘടനാ പ്രസിഡന്റ് പോലീസ് കസ്റ്റഡിയിൽ മർദ്ദനത്തിനിരയായ സംഭവം

100 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യക്തിയെ പോലീസ് കസ്റ്റഡിയിലെടുക്കുമ്പോൾ നിയമപരമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രമുഖ പ്രതിപക്ഷ

പാർട്ടിയുടെ യുവജനസംഘടനാ പ്രസിഡന്റിനെ 2023-ൽ കുന്ദംകുളം പോലീസ്, കസ്റ്റഡിയിൽ എടുത്തപ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തി പോലീസ് കസ്റ്റഡിയിൽ മർദ്ദനത്തിനിരയായ സംഭവത്തിൽ പോലീസിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഓരോ പരാതിയിലും എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് പോലീസ് ആഭ്യന്തര അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വ്യക്തിയെ പോലീസ് ഉദ്യോഗസ്ഥർ മർദ്ദിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്ന സാഹചര്യത്തിൽ കുറ്റവാളികളായ മുഴുവൻ ഉദ്യോഗസ്ഥരെയും സർവീസിൽ നിന്ന് പിരിച്ചുവിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചത് സംബന്ധിച്ച സിസിടിവി ദൃശ്യങ്ങൾ

101 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ യുവജനസംഘടനാ പ്രസിഡന്റിനെ 2023-ൽ കുന്ദംകുളം പോലീസ്, കസ്റ്റഡിയിൽ മർദ്ദിച്ചതു സംബന്ധിച്ച സി.സി.ടി.വി. ദൃശ്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ആഭ്യന്തരവകുപ്പിന് എത്ര വിവരാവകാശ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഓരോ അപേക്ഷയിലും നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ഏതെങ്കിലും തരത്തിലുള്ള രഹസ്യരേഖയായി വിവരാവകാശ നിയമപ്രകാരം വർഗ്ഗീകരിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് പ്രസ്തുത അപേക്ഷകൾ പ്രകാരം ദൃശ്യങ്ങൾ നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരിൽ നിന്ന് വിശദീകരണം തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട ആഭ്യന്തര അന്വേഷണ റിപ്പോർട്ടിൽ മർദ്ദനത്തിന്റെ ദൃശ്യങ്ങൾ സി.സി.ടി.വി.യിൽ ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ആഭ്യന്തരവകുപ്പിൽ ലഭ്യമായ വിവരം വിവരാവകാശ നിയമപ്രകാരം നൽകാതിരുന്ന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരേ നടപടി

102 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ക്രിമിനലുകൾ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കുമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഗുരുതര ക്രിമിനൽ കേസുകളിലോ സംഭവങ്ങളിലോ ഉൾപ്പെട്ടതിന്റെ പേരിൽ 2021 മുതൽ നാളിതുവരെ പോലീസ് വകുപ്പിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ പരാതികൾ ഉണ്ടായിട്ടുണ്ടെന്നും അവരുടെ പേരിൽ ഏതെല്ലാം വകുപ്പ് അനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ഇതിൽ എത്ര കേസുകളിൽ ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നും അവരുടെ പേര്, പദവി അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ എസ്. എച്ച്. ഒ. ആയി ജോലി ചെയ്യുന്നവരിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവർ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പുകളിൽ അടക്കം സി.സി.ടിവി. സ്ഥാപിച്ചിട്ടില്ലാത്തതും സി.സി.ടി.വി. പ്രവർത്തിക്കാത്തതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ഉണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പോലീസ് കസ്റ്റഡിയിൽ എടുത്തവരെ ക്രൂരമായി മർദിക്കുന്നവർ, ഗുരുതര ക്രിമിനൽ കേസുകളിൽ അകപ്പെടുന്നവർ തുടങ്ങിയ പോലീസ് ഉദ്യോഗസ്ഥരെ സേനയിൽ നിന്ന് മാറ്റിനിർത്തുന്നതിനും ശക്തമായ ശിക്ഷാനടപടികൾക്ക് വിധേയരാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കലാപരിപാടിക്കിടയിൽ എം.എൽ.എയ്ക്കുണ്ടായ അപകടം സംബന്ധിച്ച അന്വേഷണം</u>**

103 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ 2024 ഡിസംബർ 29ന് നടന്ന കലാപരിപാടിക്കിടയിൽ സ്ഥലം എം.എൽ.എ.യ്ക്ക് അപകടം സംഭവിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശാല കൊച്ചിൻ വികസന അതോറിറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിപാടി സംഘടിപ്പിച്ചപ്പോൾ പാലിക്കേണ്ടതായ മുൻകരുതലുകളും സുരക്ഷാക്രമീകരണങ്ങളും സ്വീകരിക്കുന്നതിൽ വിശാല കൊച്ചിൻ വികസന അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളെ പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ജി.സി.ഡി.എ. യിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച ശിക്ഷാ നടപടികളുടെ വിശദാംശവും അവർക്കെതിരെയുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**<u>കലൂർ സ്റ്റേഡിയത്തിലെ കലാപരിപാടിയ്ക്കിടെ എം.എൽ.എയ്ക്ക് ഉണ്ടായ അപകടം</u>**

104 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കലൂർ ജവഹർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ 2024 ഡിസംബർ 29 ന് നടന്ന കലാപരിപാടിയ്ക്കിടെ സ്ഥലം എം.എൽ.എയ്ക്ക് സംഭവിച്ച അപകടവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എതിരെയാണ് കേസുകൾ എടുത്തിട്ടുള്ളതെന്നും പ്രസ്തുത കേസുകളുടെ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; പ്രസ്തുത കേസുകളുടെ നിലവിലെ അന്വേഷണ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

## സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ

105 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം എത്രയാണെന്നും ഇവയിൽ എത്ര സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) എത്ര പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ കേന്ദ്രം കൂടി ഉൾപ്പെടുന്നുവെന്നും ഇവയിലൂടെ കുട്ടികൾക്ക് പോലീസ് വിഭാഗത്തിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കി വരുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) അഗതികൾക്ക് ദിവസേന സൗജന്യഭക്ഷണം നൽകി വരുന്നതും മത്സര പരീക്ഷാപരിശീലനം നൽകിവരുന്നതും പൊതുവായനശാലകൾ നടത്തി വരുന്നതുമായ പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## വിളപ്പിൽ, മാറനല്ലൂർ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ വിശദാംശങ്ങൾ

106 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ, മാറനല്ലൂർ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം ഏത് ഏജൻസിയാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനും അനുമതി ലഭ്യമായ തുകയും എസ്റ്റിമേറ്റ് വിവരങ്ങളും വെവ്വേറെ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ച തീയതിയും പൂർത്തീകരിച്ച തീയതിയും വ്യക്തമാക്കാമോ?

## കോടഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന് തുടർ നടപടി

107 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചെങ്കിലും കോടഞ്ചേരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് തുടർ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കയ്പമംഗലം നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

108 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മതിലകം, കയ്പമംഗലം പോലീസ് സ്റ്റേഷനുകളിൽ 2016 മുതൽ നാളിതുവരെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസുകാർ ഇല്ലാത്തതിനാൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

**മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി**

109 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കണ്ടെത്തിയത് വിട്ടുകിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ പകരം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് അടിയന്തരമായി നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം**

110 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം - ഭരണാനുമതി ഉത്തരവിലെ അവ്യക്തത**

111 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറലിലെ മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ച് ഭരണാനുമതി ഉത്തരവ്

നൽകിയെങ്കിലും ഹെഡ് ഓഫ് അക്കൗണ്ട് സൂചിപ്പിക്കാത്തതിനാൽ സാങ്കേതികാനുമതി നൽകാനോ ടെണ്ടർ ചെയ്യാനോ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തരമായി ഈ വിഷയം പരിഹരിക്കുന്നതിനും പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഭിന്നശേഷിക്കാരൻ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത്

112 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരനായ വടക്കാഞ്ചേരി വേളിപ്പറമ്പിൽ ഗോപാലകൃഷ്ണൻ മകൻ മനോജ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് സാന്റോ സൈമൺ എന്ന വ്യക്തി ബഹു. മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംഭവത്തിൽ കാര്യക്ഷമമായ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പെരിയ ഇരട്ടക്കൊലക്കേസിലെ പ്രതികൾക്ക് പരോൾ

113 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലക്കേസിൽ കുറ്റവാളി എന്ന് കോടതി കണ്ടെത്തി ശിക്ഷിച്ച എട്ടാം പ്രതി സുബിഷിന് പരോൾ അനുവദിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിലെ കുറ്റവാളികൾക്ക് പരോൾ അനുവദിച്ചാൽ നാട്ടിൽ ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്ന് പോലീസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ റിപ്പോർട്ടിനെ മറികടന്ന് ഈ കേസിലെ എട്ടാം പ്രതിക്ക് പരോൾ അനുവദിച്ചത് ഏത് സാഹചര്യത്തിലാണ്; ഇതിനായി ജയിൽ അധികൃതർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ കേസിലെ പ്രതികൾക്ക് നാളിതുവരെ എത്ര തവണ പരോൾ അനുവദിച്ചിട്ടുണ്ട്; പരോൾ കാലാവധിയും പരോൾ അനുവദിച്ചതിന്റെ കാരണവും ഇതിനായി ജയിൽ അധികൃതർ നൽകിയ ശിപാർശകളുടെ പകർപ്പും പോലീസ് റിപ്പോർട്ടുകളുടെ പകർപ്പും മറ്റു വിശദാംശങ്ങളും ലഭ്യമാക്കുമോ?

## ഡിജിറ്റൽ ആസക്തി തടയുന്നതിനുള്ള കർമ്മപരിപാടി

114 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായഭേദമെന്യേ എല്ലാവരെയും ബാധിക്കുന്ന വിപത്തായി ഡിജിറ്റൽ ആസക്തി മാറുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുട്ടികളിൽ ഇത് ഗുരുതരമായ മാനസിക, ശാരീരിക പ്രശ്നങ്ങൾക്ക് വഴിവയ്ക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഡിജിറ്റൽ ആസക്തിയിലൂടെ ഒറ്റപ്പെട്ട ജീവിതത്തിലേക്ക് പിൻവാങ്ങുന്ന കുട്ടികൾ വേഗത്തിൽ ലഹരിക്കും മറ്റും അടിമകളായി മാറുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇത് തടയുന്നതിനായി ലഹരിക്കടിമകളായ കുട്ടികളെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ സംസ്ഥാന പൊലീസ് സേന കർമ്മപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഓൺലൈൻ ഗെയിമുകൾ, സമൂഹമാദ്ധ്യമങ്ങൾ, അശ്ലീല വെബ്സൈറ്റുകൾ തുടങ്ങിയവയ്ക്ക് അടിമപ്പെട്ട കുട്ടികളെ പൊലീസ് ഇടപെടലിലൂടെ രക്ഷിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ആഭ്യന്തര വകുപ്പിന്റെ ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടി</u>**

115 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ താലൂക്ക് കിള്ളന്നൂർ വില്ലേജിൽ കേരള പോലീസ് അക്കാദമിയോട് അനുബന്ധിച്ച് ആഭ്യന്തര വകുപ്പിന്റെ ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനുള്ള ഇ1/378/2024-ആഭ്യന്തരം നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ പട്ടയം അനുവദിക്കണമെന്ന ഭൂരഹിതരുടെ അപേക്ഷ പരിഗണിച്ച് പട്ടയം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

**<u>വടകര മണ്ഡലത്തിൽ ആഭ്യന്തരവകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ</u>**

116 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ ആഭ്യന്തരവകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുക എത്ര വീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്ന് വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## കേരള പോലീസിന്റെ പോൾ-ബ്ലഡ് ആപ്പ്

117 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ പോൾ-ബ്ലഡ് ആപ്പ് വഴി നൽകിയിട്ടുള്ള സേവനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പോലീസ് സേനാംഗങ്ങളല്ലാത്ത എത്ര പേർ പോൾ-ബ്ലഡ് സംവിധാനത്തിൽ രക്തദാതാക്കളായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പോലീസ് സേനയിലെ നിയമനം

118 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും നടത്തിയിട്ടുള്ള നിയമനങ്ങൾ തസ്തിക തിരിച്ച് വിശദമാക്കുമോ?

## കേരള പോലീസിലെ സബ് ഇൻസ്പെക്ടർമാരുടെ നിയമനം

119 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ നേരിട്ട് നിയമനം നടത്തുന്നതിന് നിലവിൽ സബ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ബി) നേരിട്ട് നിയമനം ലഭിച്ച എത്ര സബ് ഇൻസ്പെക്ടർമാർ നിലവിൽ ഈ തസ്തികയിൽ ജോലി ചെയ്തുവരുന്നുവെന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) 2004 മുതൽ സബ് ഇൻസ്പെക്ടർമാരുടെ സൂപ്പർന്യൂമററി തസ്തികകൾ ഏതെങ്കിലും സൃഷ്ടിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര എണ്ണമാണെന്നുമുള്ള വിവരം നൽകാമോ; അതിന്റെ ഉത്തരവ് ലഭ്യമാക്കാമോ?

## വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണങ്ങളുടെ വിശദാംശങ്ങൾ

120 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. എബ്രഹാം റെൻ, ഐ.ആർ.എസ്. എതിരെ എത്ര വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ട്; പ്രസ്തുത അന്വേഷണങ്ങൾ ഏത് വിജിലൻസ് യൂണിറ്റുകളാണ് കൈകാര്യം ചെയ്യുന്നത്; പ്രസ്തുത അന്വേഷണങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) അദ്ദേഹത്തിനെതിരെ അഴിമതി ആരോപണങ്ങളോ, നിയമപരമായി അറിയപ്പെടുന്ന വരുമാന സ്രോതസ്സുകൾക്ക് അതീതമായ സമ്പാദ്യങ്ങളോ കണ്ടെത്തിയിട്ടുണ്ടോ;

വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവിൽ അദ്ദേഹത്തിന് വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാരണമെന്താണ്; വ്യക്തമാക്കാമോ?

## വിജിലൻസ് കോടതി മുഖ്യമന്ത്രിക്കെതിരെ നിരീക്ഷണങ്ങൾ നടത്തിയത്

121 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ജി. പി., എം.ആർ. അജിത് കുമാറിനെതിരെയുള്ള അനധികൃത സ്വത്ത് സമ്പാദന കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതി മുഖ്യമന്ത്രിക്കെതിരെ നിരീക്ഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മേലുദ്യോഗസ്ഥൻ പ്രതിയായ അനധികൃത സ്വത്ത് സമ്പാദന കേസ് ജൂനിയർ ആയ വിജിലൻസ് ഉദ്യോഗസ്ഥൻ അന്വേഷിച്ച് ക്ലീൻചിറ്റ് നൽകിയത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്നും നിരീക്ഷണങ്ങൾ ഉണ്ടായ സാഹചര്യത്തിൽ മുഖ്യമന്ത്രി വിജിലൻസ് ചുമതല ഒഴിഞ്ഞ് വസ്തുനിഷ്ഠമായ അന്വേഷണത്തിന് വഴിയൊരുക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിലെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്, വിജിലൻസ് കോടതി പരാമർശങ്ങൾക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ ?

## അനർട്ടിലെ ടെണ്ടർ ക്രമക്കേട്

122 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർട്ടിലെ മാനേജിംഗ് ഡയറക്ടറുടെ ക്രമക്കേടുകളേയും ക്രമവിരുദ്ധ നടപടികളേയും പി.എം. കുസും പദ്ധതിയുടെ ടെണ്ടർ നടപടികളിൽ ഉണ്ടായിട്ടുള്ള വഴിവിട്ട ഇടപാടുകളേയും സംബന്ധിച്ച് സംസ്ഥാന വിജിലൻസിന് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ സ്വീകരിച്ച തുടർ നപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനർട്ടിന് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇങ്ങനെ ഉണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അനർഹമായി ടെൻഡർ കരസ്ഥമാക്കിയ കമ്പനികളിൽ നിന്നും തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## പയ്യന്നൂർ കോടതി സമുച്ചയത്തിന് നാലുനില കെട്ടിടം

123 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കോടതി സമുച്ചയത്തിൽ സിവിൽ വർക്കുകൾ പൂർത്തീകരിച്ച നാലുനില കെട്ടിടത്തിന്റെ ഫയർ ഫൈറ്റിങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഫയർ ഫൈറ്റിങ് പ്രവൃത്തിക്ക് ആവശ്യമായി വരുന്ന തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാരിൽ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിടത്തിന്റെ ഉദ്ഘാടനം എപ്പോൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കാമോ?

## പോക്സോ കോടതികളിലെ കേസുകൾ തീർപ്പാക്കാൻ നടപടി

124 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോക്സോ കോടതികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പോക്സോ കോടതികളിലെ കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാലതാമസം യഥാസമയം നീതി ലഭ്യമാകാത്ത അവസ്ഥ സൃഷ്ടിക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി കൃത്യമായും ഇരകൾക്ക് നീതി ഉറപ്പാക്കുവാനായി സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം

125 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ൽ ഭരണാനുമതി ലഭിച്ച കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള പ്രസ്തുത പദ്ധതി അനന്തമായി നീണ്ടുപോകുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് നിലവിലുള്ള തടസങ്ങൾ എന്തൊക്കെയാണെന്നും അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

## ഗാർഹിക സ്ത്രീധന പീഡനം - ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കാൻ നടപടി

126 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക സ്ത്രീധന പീഢനങ്ങളിൽ കുറ്റംചുമത്തുന്നവർക്കെതിരെ അതിവേഗം ശിക്ഷ നടപ്പാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇത്തരം കേസുകൾ കോടതിയിലെത്താൻ വൈകുന്ന സാഹചര്യം ഉണ്ടായാൽ അത് കുറ്റവാളികൾക്ക് ഒരു പരിധിവരെ ശിക്ഷയിൽ ഇളവ് ലഭിക്കുന്നതിന് കാരണമാകും എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗാർഹിക, സ്ത്രീധന പീഢനങ്ങൾ തടയുന്നതിനും ഇത്തരം പ്രവണതകൾ യുവാക്കളിൽ പ്രോൽസാഹിപ്പിക്കാതിരിക്കുവാനും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിനായി നിയോഗിക്കപ്പെട്ടവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ?

## വടക്കാഞ്ചേരി കോടതി സമുച്ചയം നിർമ്മാണം

127 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ജുഡീഷ്യൽ വകുപ്പിന് കൈമാറിയ 63.6 സെന്റ് ഭൂമിയിൽ, പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ഹൈക്കോടതിയിൽ സമർപ്പിച്ച പ്ലാനും ഡ്രോയിംഗും പ്രകാരമുള്ള നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കാമോ?

## പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം

128 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികളിലെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## നരിക്കുനി ഫയർ സ്റ്റേഷൻ

129 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന നരിക്കുനി ഫയർസ്റ്റേഷന് കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ വകയിരുത്തിയ 4.85 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാൻഡ് നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയർ ആൻഡ് റെസ്ക്യൂ ഡയറക്ടർ ജനറലിന്റെ ഓഫീസിൽ നിന്ന് 16-04-2025-ന് സർക്കാരിലേക്ക് സമർപ്പിച്ച ബി.എ.1/2897/2023 നമ്പർ ശുപാർശയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ

130 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ ബിരിക്കുളത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## രാജാക്കാട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം

131 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ രാജാക്കാട് പഞ്ചായത്തിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ജയിൽ ചാടിയ തടവുകാരുടെ വിവരം

132 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കേരളത്തിലെ ജയിലുകളിൽനിന്നും ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കെ തടവുചാടിയിട്ടുള്ള വ്യക്തികളെക്കുറിച്ചും അവർ ശിക്ഷ അനുഭവിച്ചുകൊണ്ടിരുന്ന കേസുകളെക്കുറിച്ചും അവർക്ക് ലഭിച്ച ശിക്ഷയെക്കുറിച്ചും വിവരം ലഭ്യമാക്കുമോ;

(ബി) 2021 മുതൽ നാളിതുവരെ കേരളത്തിലെ ജയിലുകളിൽ നിന്ന് തടവുചാടിയിട്ടുള്ള വിചാരണ തടവുകാരെക്കുറിച്ചും അവർ വിചാരണ നേരിട്ടിരുന്ന കേസുകളെക്കുറിച്ചുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) 2021 മുതൽ നാളിതുവരെ കേരളത്തിലെ ജയിലുകളിൽ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കെ തടവുചാടിയിട്ടുള്ള വ്യക്തികളിൽ പിടികൂടി തിരികെ ജയിലിൽ എത്തിക്കപ്പെട്ടവരുടെ വിവരവും ജയിൽ ചാടി എത്ര ദിവസങ്ങൾക്കകം അവർ പിടിക്കപ്പെട്ടു എന്ന വിവരവും പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) 2021 മുതൽ നാളിതുവരെ കേരളത്തിലെ ജയിലുകളിൽ നിന്ന് തടവുചാടിയിട്ടുള്ള വിചാരണ തടവുകാരിൽ പിടികൂടി തിരികെ ജയിലിൽ എത്തിക്കപ്പെട്ടവരുടെ വിവരവും ജയിൽ ചാടി എത്ര ദിവസത്തിനകം അവരെ പിടികൂടി എന്ന വിവരവും പ്രത്യേകം അറിയിക്കാമോ;

(ഇ) 2021 ന് ശേഷം കേരളത്തിലെ ജയിലുകളിൽ നിന്ന് തടവുചാടിയവരിൽ ഇതുവരെയും പിടികൂടാൻ സാധിക്കാത്ത ശിക്ഷിക്കപ്പെട്ടവരുടെയും വിചാരണ തടവുകാരുടെയും വിവരം പ്രത്യേകം ലഭ്യമാക്കാമോ;

(എഫ്) കേരളത്തിലെ ജയിലുകളിൽനിന്ന് തടവുചാട്ടം ഉണ്ടായതിന്റെ പേരിൽ അച്ചടക്ക നടപടി നേരിട്ട ഉദ്യോഗസ്ഥരുടെ വിവരവും അവരുടെമേൽ സ്വീകരിച്ച അച്ചടക്ക നടപടി എന്തായിരുന്നു എന്നും വ്യക്തമാക്കാമോ?

## ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപടി

133 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും ഗോവിന്ദചാമി എന്ന കൊടുംകുറ്റവാളി ജയിൽ ചാടിയ സംഭവത്തിൽ ജയിൽ അധികൃതർക്ക് വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അതീവ സുരക്ഷയുള്ള ജയിലിൽ നിന്നും രക്ഷപ്പെടുന്നതിന് പ്രസ്തുത കുറ്റവാളിക്ക് ആരുടെയെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സാഹചര്യത്തിൽ ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കൊടുംകുറ്റവാളികളെ പാർപ്പിച്ചിരിക്കുന്ന ജയിലുകളിൽ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

## ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശമ്പള വർദ്ധനവ്

134 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിലെ ജോലിഭാരം കണക്കിലെടുത്ത് ജയിൽ ഉദ്യോഗസ്ഥർക്ക്, പോലീസുകാർക്ക് നൽകുന്നതിന് സമാനമായി ശമ്പള സ്കെയിലിൽ വർദ്ധന വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## വിയ്യൂർ ഹൈ സെക്യൂരിറ്റി പ്രിസൺ

135 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 നവംബർ 5-ന് വിയ്യൂർ ഹൈ സെക്യൂരിറ്റി പ്രിസണിൽ നടന്ന കലാപത്തിൽ എത്ര തടവുകാർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ചുമത്തി കേസ് എടുത്തുവെന്നും മേൽ കലാപത്തിൽ പങ്കെടുത്ത എത്ര തടവുകാർക്ക് കലാപശേഷം പരോൾ നൽകിയെന്നും വിശദമാക്കാമോ; ഈ തടവുകാരുടെ പേരുവിവരങ്ങൾ നൽകാമോ; ആരെല്ലാമാണ് കലാപം നടത്തിയതെന്നും ഈ വിഷയത്തിലെ ഗൂഢാലോചനയെക്കുറിച്ചും അന്വേഷിക്കുന്നുണ്ടോ; മേൽ വിഷയത്തിൽ എത്ര ശിക്ഷാതടവുകാർക്കെതിരെ ജയിൽ അച്ചടക്കനിയമപ്രകാരം നടപടിയെടുത്തെന്നും എന്തെല്ലാമാണ് ശിക്ഷാനടപടിയെന്നും വ്യക്തമാക്കാമോ;

(ബി) 2023 നവംബർ 6-ന് വിയ്യൂർ ഹൈ സെക്യൂരിറ്റി പ്രിസണിലെ സെല്ലിൽ നിന്നും പിടിച്ചെടുത്ത മൊബൈൽ ഫോൺ പോലീസിനു കൈമാറിയതിൽ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ പ്രതികളുടെ എണ്ണം, മൊബൈലിന്റെ കാൾ ലിസ്റ്റിന്റെ പകർപ്പ് എന്നിവ നൽകാമോ; 2023 നവംബർ 5, 6 തീയതികളിൽ യു. എ. പി. എ., എൻ. ഐ. എ., മാവോയിസ്റ്റ് കേസുകളിലെ എത്ര പ്രതികൾ പ്രസ്തുത ജയിലിൽ ഉണ്ടായിരുന്നു; വിശദമാക്കാമോ; മേൽ വിഷയങ്ങളിൽ ഹൈ സെക്യൂരിറ്റി ജയിൽ സൂപ്രണ്ടിന്റെ വിശദീകരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ജയിലിലേക്ക് തടവുകാർക്കു നല്കാൻ ലഹരി വസ്തുക്കൾ, മൊബൈൽ ഫോൺ എന്നിവ കടത്തിയതിന് 2016 ജൂൺ 1 മുതൽ നാളിതുവരെ എത്ര സ്ഥിരം ജോലിക്കാരായ ഉദ്യോഗസ്ഥരെ പിടികൂടിയിട്ടുണ്ട്; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ; അതിൽ എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ട്; എത്രപേരെ സർവീസിൽ തിരികെ എടുത്തിട്ടുണ്ട്; എത്ര ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

## ചാവക്കാട് സബ് ജയിലിന്റെ കെട്ടിട നിർമ്മാണം

136 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയ ചാവക്കാട് സബ് ജയിലിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി നിലവിലെ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## തടവുപുള്ളി ജയിൽ ചാടിയതുമായി ബന്ധപ്പെട്ട നടപടി

137 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽനിന്ന് ഗോവിന്ദ ചാമി എന്ന തടവുപുള്ളി ജയിൽ ചാടിയതുമായി ബന്ധപ്പെട്ട് അതിനുമുൻപുള്ള ദിവസങ്ങളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ലോക്കപ്പ് ഓഫീസർമാരോടും നൈറ്റ് ചെക്ക് ഓഫീസർമാരോടും വിശദീകരണം ചോദിച്ചിട്ടുണ്ടോ; മേൽ വിഷയത്തിൽ സൂപ്രണ്ടിന്റെ വിശദീകരണം എന്താണ്; ഫോറൻസിക് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഫോറൻസിക് കണ്ടെത്തൽ എന്താണ്;വിശദമാക്കാമോ;

(ബി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 30-07-2025 ലെ സ. ഉ.(സാധാ ) നം 2576/ ഹോം നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്ത എറണാംകുളം സബ് ജയിലിലെ

അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഷിറാസ് ബഷീറിനെതിരെ മേൽ ഉത്തരവിലെ പരാമർശപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതെല്ലാം ഏജൻസികളാണ് കേസ് രജിസ്റ്റർ ചെയ്തത്; എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## 2025 -ലെ ജനറൽ ട്രാൻസ്ഫർ

138 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരവകുപ്പിന് കീഴിലെ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ 2025 വർഷം ജനറൽ ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ചുവെന്നും ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് നടത്തിയെന്നും ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളിൽ നടത്തിയില്ലായെന്നും അതിന്റെ കാരണമെന്താണെന്നും ഓരോ ഡിപ്പാർട്ടുമെന്റുകളിലും ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ച തീയതിയും നടപ്പാക്കിയ തീയതിയും മേൽ ട്രാൻസ്ഫറുകളുടെ മാനദണ്ഡം നിശ്ചയിച്ച രീതിയും വ്യക്തമാക്കാമോ;

(ബി) 2024 വർഷം പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ ഏതൊക്കെ വകുപ്പുകളിൽ നിന്ന് എത്ര പേർ വീതം ട്രിബ്യൂണൽ / കോടതികളെ സമീപിച്ചുവെന്ന് വിശദീകരിക്കാമോ;

(സി) ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, പ്രിസൺ ഓഫീസർ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്നും ഏതൊക്കെ തീയതികളിലാണ് മേൽ ഒഴിവുകൾ നിലവിൽ വന്നതെന്നും ഒഴിവ് നികത്താത്തിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

## ശബരി റെയിൽപാത

139 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് ശബരി റെയിൽപാതയ്ക്കായി സ്ഥലമെടുപ്പ് നിർവഹിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ധാരണയായിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാനം ചെലവഴിക്കേണ്ട തുക എത്രയാണ്; ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## ഇടുക്കി പാക്കേജിന്റെ പുരോഗതി

140 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ സമഗ്ര വികസനത്തിനുള്ള ഇടുക്കി പാക്കേജിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നാളിതുവരെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; എത്ര തുകയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ സംവരണം

141 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ, കടമുറികൾ, ഷോപ്പിങ്ങ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ അടക്കമുള്ള സംരംഭങ്ങൾ തുടങ്ങിയവ പൊതുജനങ്ങൾക്കായി വാടകയ്ക്ക് നല്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകൾ ഇത്തരത്തിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നുണ്ട്; ഏതെല്ലാം വകുപ്പുകൾ നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണതത്വം പാലിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ രീതിയിൽ കെട്ടിടങ്ങൾ വടകയ്ക്ക് നൽകുമ്പോൾ പട്ടികജാതി പട്ടിക വർഗ്ഗ സംവരണം പാലിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) ഈ രീതിയിൽ കെട്ടിടങ്ങൾ വടകയ്ക്ക് നൽകുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ സംവരണം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കെ - ഫോൺ കണക്ഷൻ

142 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൽകിയ സൗജന്യ കെ - ഫോൺ കണക്ഷനുകളുടെയും ഇനി നൽകാൻ ബാക്കിയുള്ള സൗജന്യ കണക്ഷനുകളുടെയും വിശദവിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സർക്കാർ സ്ഥാപനങ്ങൾക്ക് കെ - ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ഇനി ഏതെല്ലാം സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുവാൻ ഉണ്ടെന്നും വിശദമാക്കുമോ;

(സി) ഏതെല്ലാം വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് കെ - ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനിയും ഏതെല്ലാം വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക്(ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഐ.ടി.കൾ, കോളേജ് മുതലായവ) നൽകാനുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## കേരള റെയിൽ ഡിവലപ്മെന്റ് കോർപ്പറേഷൻ

143 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ആർ. ഡി. സി. എൽ. (കേരള റെയിൽ ഡിവലപ്മെന്റ് കോർപ്പറേഷൻ) രൂപീകൃതമായതിനു ശേഷം അവർ ഏറ്റെടുത്തിട്ടുള്ള ജോലികളുടെ വിശദാംശം ഇനം

തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ പൂർത്തിയാക്കിയിട്ടുള്ളവ ഏതെല്ലാമാണെന്നും ഇപ്പോൾ നിർമ്മാണാവസ്ഥയിലുള്ളവ ഏതെല്ലാമാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) കെ. ആർ. ഡി. സി. എൽ. രൂപീകൃതമായതിനു ശേഷം നിർദ്ദിഷ്ട തിരുവനന്തപുരം കാസറഗോഡ് റെയിൽവെ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിച്ചതിന് ഇനിയും തുക കൊടുത്തു തീർക്കാൻ അവശേഷിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) കെ. ആർ. ഡി. സി. എൽ.ന്റെ കൺസൾട്ടന്റ് ഏജൻസിയായി സിസ്ട്രയെ (Systra) എന്നു മുതലാണ് നിയമിച്ചിട്ടുള്ളത്; ഇപ്പോഴും കൺസൾട്ടിംഗ് ഏജൻസിയായി ഇവർ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ ഏതെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഓരോ പഠനത്തിനും എത്ര തുക വീതം നല്കിയിട്ടുണ്ടെന്നും ഇനം തിരിച്ച് രേഖകൾ സഹിതം വ്യക്തമാക്കുമോ?

## <u>സിറ്റി ഗ്യാസ് പദ്ധതി</u>

144 **ഡോ. കെ. ടി. ജലീൽ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സിറ്റിഗ്യാസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് സിറ്റിഗ്യാസ് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ എത്ര വാർഡുകളിൽ കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഗ്യാസ് സിലണ്ടറുകളെ അപേക്ഷിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് സിറ്റിഗ്യാസ് പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നത്; വിശദമാക്കാമോ;

(ഡി) 2026 അവസാനത്തോടെ തിരുവനന്തപുരം നഗരസഭയിലെ വാർഡുകളെ സമ്പൂർണ്ണമായും പൈപ്പ്ഡ് ഗ്യാസ് ശൃംഖലയിലേയ്ക്ക് എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിയുടെ സമയബന്ധിതമായ പുരോഗതി ഉറപ്പുവരുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

## <u>സംസ്ഥാനത്തിന് ലഭിച്ച പുരസ്കാരങ്ങൾ</u>

145 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏതെല്ലാം മേഖലകളിലാണ് മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്നും ആയതിന് അംഗീകാരമായി കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടയിൽ ഏതൊക്കെ പുരസ്കാരങ്ങൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

**കുണ്ടറ നിയോജക മണ്ഡലത്തിലെ ആർ.കെ.ഐ. പദ്ധതികൾ**

146 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിലെ ആർ.കെ.ഐ. (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**എൻവയോൺമെന്റൽ സൈറ്റ് അസസ്സ്മെന്റ്(ഇ.എസ്.എ) കരട് വിജ്ഞാപനം**

147 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരട് വിജ്ഞാപനപ്രകാരമുള്ള, സംസ്ഥാന ഗവൺമെന്റിന്റെ എൻവയോൺമെന്റൽ സൈറ്റ് അസസ്സ്മെന്റ്(ഇ.എസ്.എ) സംബന്ധമായ അന്തിമ റിപ്പോർട്ടും അനുബന്ധ മാപ്പും ഉടൻ ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ സൈറ്റിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കരട് വിജ്ഞാപനം പൊതു ജനങ്ങൾക്ക് മലയാളത്തിൽ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; അതിനുശേഷം വിജ്ഞാപനമനുസരിച്ചുള്ള അറുപത് ദിവസ കാലാവധി ആക്ഷേപങ്ങൾ സമർപ്പിക്കാനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേന്ദ്രം നിർദേശിച്ചിട്ടുള്ളതുപോലെ റിസർവ് ഫോറസ്റ്റുകളും വേൾഡ് ഹെറിറ്റേജ് സൈറ്റുകളും സംരക്ഷിതമേഖലകളും മാത്രം ഇ.എസ്.എ ആയി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) റവന്യൂ വില്ലേജുകളുടെ പേരിൽ മേൽപറഞ്ഞ ഇ.എസ്.എ പ്രദേശങ്ങളും അതിന്റെ മാപ്പുകളും നൽകുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) വനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങളിൽ, പഞ്ചായത്ത് വാർഡുകൾ അടിസ്ഥാന യൂണിറ്റാക്കി അംഗീകരിച്ചിട്ടുള്ള കേന്ദ്രനിലപാടിന് അനുസൃതമായി ഇ.എസ്.എ പ്രദേശങ്ങളുടെ അടിസ്ഥാന യൂണിറ്റ് പഞ്ചായത്തു വാർഡായി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് കേന്ദ്രത്തിന് നൽകുന്നതിന് കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

**കാലാവസ്ഥ വ്യതിയാനം രൂക്ഷമാകുന്ന സാഹചര്യം കണക്കിലെടുത്തുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

148 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം രൂക്ഷമാകുന്ന സാഹചര്യം കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന് തുക കണ്ടെത്തുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം രൂക്ഷമായി ബാധിക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) വൈപ്പിൻ കരയിലേയും കൊച്ചിയിലേയും ജനവാസ കേന്ദ്രങ്ങളിൽ മുമ്പെങ്ങുമില്ലാത്ത വിധം ഓരുവെള്ളം കയറി ജനജീവിതം ദുസ്സഹമാവുന്ന സാഹചര്യം കണക്കിലെടുത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ പുനരധിവസിപ്പിക്കുവാനുള്ള പദ്ധതികൾ ദുരന്തനിവാരണ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>പൊതുശ്മശാനത്തിന് ക്ലിയറൻസ്</u>

149 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് പഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പൊതുശ്മശാനത്തിന് കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസിന് വേണ്ടി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട സ്ഥലം കോസ്റ്റൽ റെഗുലേഷൻ സോൺ -ന്റെ ഏത് പരിധിയിലാണ് വരുന്നതെന്നും ഇവിടെ ക്ലിയറൻസ് നൽകുന്നതിന് തടസങ്ങളുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സ</u>

150 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ വഴി നടപ്പാക്കിയ സൗജന്യ ചികിത്സയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2011-12 മുതൽ 2015-16 വരെയുള്ള കാലത്ത് സൗജന്യ ചികിത്സയ്ക്കായി ചെലവഴിച്ച തുക എത്ര വീതമായിരുന്നു; വിശദാംശം നൽകാമോ;

(സി) 2016 മുതൽ 2021 വരെ കോവിഡും മറ്റ് പകർച്ചവ്യാധികളും പടർന്നുപിടിച്ച കാലത്ത് ഓരോ വർഷവും ചെലവായ തുക എത്രയായിരുന്നു; വിശദമാക്കാമോ;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സൗജന്യ ചികിത്സയ്ക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ</u>

151 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## കാരുണ്യ പദ്ധതികളിൽ കുടിശ്ശിക

152 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, ആർ. ബി. എസ്. കെ., ആരോഗ്യകിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം എന്നീ പദ്ധതികളിലായി നൽകാനുള്ള കുടിശ്ശിക തുക എത്ര; ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) പ്രകാരം സ്വകാര്യ ആശുപത്രികൾ, സർക്കാർ ആശുപത്രികൾ, എച്ച്. എൽ. എൽ., ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നീ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകാമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ പദ്ധതികൾ

153 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യമേഖലയിലെ വികസന പദ്ധതികൾക്കായി എത്ര തുക സംസ്ഥാനത്താകെയും അമ്പലപ്പുഴ മണ്ഡലത്തിൽ പ്രത്യേകിച്ചും ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇത്തരത്തിൽ തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

## എൻ.എച്ച്.എം ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

154 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം മണ്ഡലത്തിൽ എൻ.എച്ച്.എം ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും, അവയുടെ നിലവിലെ സ്ഥിതിയും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

## സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആക്കി മാറ്റുന്നതിന്

155 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും വിശദവിവരവും പുരോഗതി വിവരവും പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## 108 ആംബുലൻസ് പദ്ധതി

156 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019-24 കാലയളവിൽ ജി. വി. കെ. ഇ. എം. ആർ. ഐ. (ഗുണപതി വെങ്കട കൃഷ്ണ റെഡ്ഡി എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ) എന്ന സ്ഥാപനത്തിന് കരാർ നൽകിയതുമായി ബന്ധപ്പെട്ടുള്ള കെ. എം. എസ്. സി. എൽ. /സർക്കാർ നോട്ട് ഫയലിന്റെ പകർപ്പ് നൽകാമോ?

## ആരോഗ്യവകുപ്പിന് കീഴിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ

157 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക വയസ് (സ്ലാബുകൾ) നിശ്ചയിച്ചിട്ടുള്ള ആരോഗ്യ പദ്ധതികളുടെ വിശദമായ വിവരങ്ങൾ നൽകാമോ;

(ബി) സൗജന്യ ചികിത്സകൾ ലഭ്യമാക്കുന്നതിന് ആശുപത്രികൾ നിശ്ചയിച്ചിട്ടുണ്ടോയെന്നും ഗവൺമെന്റ് ആശുപത്രികളിൽ മാത്രമാണോ ചികിത്സ ലഭ്യമാക്കുന്നതെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന് പുറത്ത് ചികിത്സിക്കുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ആരോഗ്യ കിരണം പദ്ധതിയുടെ വിശദമായ വിവരം, അപേക്ഷ സമർപ്പിക്കേണ്ട രീതി, മാനദണ്ഡം എന്നിവ ഉൾപ്പെടെ വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ

158 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 സാമ്പത്തിക വർഷം മുതൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് കായംകുളം മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## 108 ആംബുലൻസ് പദ്ധതി

159 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019-24 കാലയളവിൽ ജി.വി.കെ. ഇ.എം.ആർ.ഐ. (ഗുണപതി വെങ്കട കൃഷ്ണ റെഡ്ഡി എമർജൻസി മാനേജ്മെന്റ് ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് )എന്ന സ്ഥാപനത്തിന് കരാർ നൽകിയ രേഖകളുടെ പകർപ്പ് നൽകാമോ?

## നിർധനരായ രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ

160 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ രോഗങ്ങൾ ബാധിച്ച ചികിത്സയിൽ കഴിയുന്ന നിർധനരായ രോഗികൾക്ക് ധനസഹായം നൽകുന്നതിനായി ആരോഗ്യവകുപ്പിന് കിഴിൽ എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലേക്ക് ധനസഹായത്തിനായി അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിയമാവലികൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി പ്രത്യേക അപേക്ഷാഫാറം നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ?

## വൈപ്പിൻ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

161 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതി പ്രകാരം 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## 108 ആംബുലൻസ് പദ്ധതി

162 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019-24 കാലയളവിലെ ടെൻഡറിൽ ജി.വി.കെ. ഇ.എം.ആർ.ഐ. (എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) എന്ന സ്ഥാപനത്തിന് വാഹനങ്ങൾ ഒരു വർഷം എത്ര കിലോമീറ്റർ ഓടുന്നതിനാണ് ടെൻഡർ പ്രകാരം തുക വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്ന മിനിമം കിലോമീറ്ററിനേക്കാൾ എത്ര കിലോമീറ്റർ വാഹനങ്ങൾ ഓടിയിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## ഇ-ഹെൽത്ത് സംവിധാനം

163 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഇ - ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നത് ഏത് ഏജൻസിയാണ് എന്ന് അറിയിക്കാമോ;

(ബി) സർക്കാർ ആശുപത്രികളിലെ ഇ - ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നതിന് ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) സർക്കാർ ആശുപത്രികളിലെ ഇ - ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നത് ഏതെങ്കിലും ഏജൻസി മുഖേന ആണെങ്കിൽ അവരുടെ സേവനത്തിന് വേണ്ടി നൽകിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിൽ ഇ- ഹെൽത്ത് സംവിധാനം നിലവിൽ വന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) മലപ്പുറം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിൽ ഇ - ഹെൽത്ത് സംവിധാനം ഇനി നിലവിൽ വരാനുണ്ടെന്ന് അറിയിക്കാമോ?

## <u>108 ആംബുലൻസ് പദ്ധതി</u>

164 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019-24 കാലഘട്ടത്തിൽ മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ 517 കോടി രൂപയ്ക്ക് 315 ആംബുലൻസുകളുടെ നടത്തിപ്പ് അഞ്ചു വർഷത്തേക്ക് സെക്കന്തരാബാദ് ആസ്ഥാനമായ സ്ഥാപനത്തിന് കരാർ നല്കിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) ടെൻഡർ നടപടിയിലൂടെയാണോ ഇത് നൽകിയത് എന്ന് വ്യക്തമാക്കാമോ; ടെൻഡറിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങളുടെ വിവരം നൽകാമോ;

(സി) 2025-30 കാലഘട്ടത്തിലേക്ക് പിന്നീട് നടന്ന ടെൻഡറിൽ 335 ആംബുലൻസുകളുടെ നടത്തിപ്പിന് ഇതേ കമ്പനി ടെൻഡർ ചെയ്തിരിക്കുന്നത് 293 കോടി രൂപ മാത്രമാണ് എന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ആരോഗ്യ വകുപ്പ് പദ്ധതികൾ</u>

165 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസത്തിന് ശേഷം കുണ്ടറ മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുള്ള സർക്കാർ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അവയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## <u>ചികിത്സാ ധനസഹായ പദ്ധതികളിലെ കുടിശ്ശിക വിതരണം</u>

166 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിവിധ ചികിത്സാ ധനസഹായ പദ്ധതികളിൽ നിലവിൽ എത്ര തുകയുടെ കുടിശ്ശിക വിതരണം ചെയ്യാൻ ഉണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ പദ്ധതി തിരിച്ച് നൽകാമോ ;

(ബി) ചികിത്സാ സഹായ പദ്ധതികളിൽ കുടിശ്ശിക വിതരണം പൂർത്തീകരിക്കാത്തതിനാൽ പുതിയതായി അപേക്ഷകൾ സ്വീകരിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; സാധാരണക്കാരായ ജനങ്ങൾക്ക് അനുവദിക്കാനുള്ള മുഴുവൻ ചികിത്സ സഹായങ്ങളും കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>പട്ടാമ്പി മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ</u>

167 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ് / ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## <u>ആർദ്രം പദ്ധതി</u>

168 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം</u>

169 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; രോഗികൾക്ക് സർക്കാർ ആശുപത്രിയിൽ നിന്നും എല്ലാ അവശ്യ മരുന്നുകളും നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന സംസ്ഥാനത്തെ സംഭരണശാലകളിലും ആരോഗ്യ സ്ഥാപനങ്ങളിലും എത്തിക്കുന്ന മരുന്നുകളുടെയും

അനുബന്ധ സാമഗ്രികളുടേയും സ്റ്റോക്ക് ലഭ്യത കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ജില്ലാ തലത്തിൽ മരുന്നുകളുടെ സംഭരണ - വിതരണം നടത്തുന്നത് മോണിറ്റർ ചെയ്യാനും സ്റ്റോർ വെരിഫിക്കേഷൻ നടത്തുന്നതിനായും എന്തെല്ലാം നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

## അരുവിക്കര മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ

170 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും നാളിതുവരെ അനുവദിച്ചതും നടപ്പിലാക്കിയതുമായ വിവിധ പദ്ധതികൾ, അവയുടെ നിലവിലെ സ്ഥിതി, ഫണ്ടു വിവരം എന്നിവ സ്ഥാപനം തിരിച്ച് അറിയിക്കുമോ?

## ചേലക്കര താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം ഭരണാനുമതി നൽകാൻ നടപടി

171 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ ബഡ്ജറ്റിൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയതും, നിലവിൽ പുതുക്കിയ പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ റേറ്റ് പ്രകാരം റിവൈസ്ഡ് ഭരണാനുമതിക്കായി പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ നൽകിയതുമായ ചേലക്കര താലൂക്കാശുപത്രി കെട്ടിട നിർമ്മാണ ഫയലിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് സെക്രട്ടറി എന്നിവരുടെ ആഫീസ് തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ഭരണാനുമതി നൽകുവാൻ സാധിക്കുമോ; പ്രസ്തുത ഫയലിലെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## ആരോഗ്യ കേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ

172 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ പൂർത്തീകരിച്ചതും നടന്നുവരുന്നതും അനുമതി ലഭിച്ചതുമായ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളാണ് ഇതിന്റെ ഭാഗമായി നവീകരിച്ചത് എന്ന് ടി പ്രവൃത്തികളുടെ അടങ്കൽ തുക സഹിതം അറിയിക്കാമോ;

(സി) ആയഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; ടി പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

## നൂറനാട് ലെപ്രസി സാനിറ്റോറിയം

173 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ തെക്കേ അതിർത്തിയോട് ചേർന്നു സ്ഥിതി ചെയ്യുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തെ ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം

174 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ജില്ലാ ആശുപത്രി, മാവേലിക്കരയിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ചികിത്സാ പിഴവ്

175 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ചികിത്സാ പിഴവിനെ തുടർന്ന് യുവതിയുടെ നെഞ്ചിൽ ഗൈഡ് വയർ കുടുങ്ങിയ സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ചികിത്സാ പിഴവിനെ തുടർന്ന് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായ യുവതിക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സാപ്പിഴവുകൾ നിരന്തരം ആവർത്തിക്കുന്ന സാഹചര്യത്തിൽ, ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിന് കർശനമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

## ആരോഗ്യകേന്ദ്രങ്ങളോട് അനുബന്ധിച്ച് ഐസൊലേഷൻ വാർഡുകൾ

176 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ന ശേഷം സംസ്ഥാനത്തെ ആരോഗ്യകേന്ദ്രങ്ങളോട് അനുബന്ധിച്ച് എത്ര ഐസൊലേഷൻ വാർഡുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ;

(ബി) ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) വാമനപുരം മണ്ഡലത്തിൽ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത കേന്ദ്രത്തിൽ പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

## സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ

177 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 135 ആശുപത്രികളിലായി 225 കെട്ടിടങ്ങൾ പൊളിഞ്ഞുവീഴാറായ നിലയിലാണെന്ന് ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കെട്ടിടങ്ങളിൽ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം പൊളിഞ്ഞുവീണ സ്ത്രീ മരിച്ച സംഭവത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ വികസനം

178 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും ചിറയിൻകീഴ് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ആയതിന് ഓരോ ആരോഗ്യ കേന്ദ്രത്തിലും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട്

179 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്നുള്ളത്

വിശദീകരിക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി എത്ര തുകയാണ് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി-ബഡ്ജറ്റ് തുക

180 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് ഭൂമി വാങ്ങുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിനു വേണ്ടി നെയ്യാറ്റിൻകര ജനറൽ ആശുപത്രി സൂപ്രണ്ട് തിരുവനന്തപുരം ഡി.എം.ഒ.യ്ക്ക് 07.08.2025 നം.ഠ-5177/23 പ്രകാരം നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## കയ്പമംഗലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

181 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2016 മുതൽ 2025 വരെ, ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) കയ്പമംഗലം മണ്ഡലത്തിലെ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിടനിർമ്മാണത്തിന് 2023-24 ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനും കെട്ടിടം പണിയുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ?

## കുമ്പള സി.എച്ച്.സി. കെട്ടിട നിർമ്മാണം

182 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള സി.എച്ച്.സി. ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിക്ക് ഈ വർഷം തന്നെ ഫണ്ട് ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണം

183 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ ഭരണാനുമതി ലഭിച്ച, കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണത്തിലെ തടസങ്ങൾ നീങ്ങിയിട്ടും പ്രവൃത്തി ആരംഭിക്കാൻ

സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിക്ക് നൽകിയ അവാർഡ് തുക കൈമാറാനുള്ള ഫണ്ട് ആരോഗ്യ വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് എപ്പോൾ കൈമാറാനാകുമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## <u>തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ പദ്ധതി</u>

184 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ജനറൽ ആശുപത്രിയുടെ മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്ക് നടപ്പാക്കേണ്ട റീ-ലൊക്കേഷൻ പ്ലാനിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം</u>

185 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ തൊണ്ണൂറുവർഷത്തോളം പഴക്കമുള്ളതും അസൗകര്യങ്ങളും അപര്യാപ്തതകളുമുള്ള കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>പാലക്കാട് ജില്ലാ ആശുപത്രി</u>

186 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ കാർഡിയോളജി, ജനറൽ മെഡിസിൻ, ഡെർമറ്റോളജി വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഈ വിഭാഗം ഡോക്ടർമാരുടെ അഭാവം ജില്ലാ ആശുപത്രിയിലെ ചികിത്സാ സംവിധാനത്തെ ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലാ ആശുപത്രിയിൽ ആർദ്രം-2 ൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പെരുവള്ളൂർ സി.എച്ച്.സി. യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

187 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പെരുവള്ളൂർ സി.എച്ച്.സി. യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി ആരോഗ്യ വകുപ്പും കരാർ ഏജൻസിയുമായി ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരം അതത് കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചോ എന്ന് വിലയിരുത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വിവിധ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിലെ മെല്ലെപ്പോക്ക് കാരണം ഐസൊലേഷൻ വാർഡ് എന്ന ആശയത്തിന് പകരം സ്ഥിര ആസ്തി എന്ന നിലയിൽ സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതായിരുന്നു ഉചിതം എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ആശുപത്രികൾക്ക് പുതിയ കെട്ടിടം

188 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആയവയുടെ പുരോഗതി വിശദമാക്കാമോ;

(സി) പള്ളിക്കൽ എഫ്. എച്ച്. സി. യുടെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## വിഴിഞ്ഞം സി.എച്ച്.സി. നിർമ്മാണം

189 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം സി.എച്ച്.സിയിൽ നിർമ്മാണം പൂർത്തിയാക്കിയ ഒ.പി/ഐ.പി ബ്ലോക്ക് ഉദ്ഘാടനം നടക്കാത്തതിനും രോഗികൾക്കായി തുറന്നു നൽകാത്തതിനും കാരണം വ്യക്തമാക്കാമോ;

(ബി) 10000 ത്തിലധികം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിലെ സാങ്കേതിക പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിടത്തിന്റെ ഫയർ ആൻഡ് സേഫ്റ്റി മെഷേഴ്സ് പരിശോധിച്ചിട്ടുണ്ടോ; അതിൽ അപാകത ഉണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്താമക്കാമോ;

(ഡി) ഫയർ എൻജിൻ കടന്നുപോകാൻ കെട്ടിടത്തിന്റെ വശങ്ങളിൽ സ്ഥലം കുറവുണ്ടെങ്കിൽ ആയത് ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്താമാക്കാമോ?

## കൊണ്ടോട്ടി താലൂക്ക് ആശുപത്രി വികസനം

190 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഏതെല്ലാം തസ്തികകളാണ് ഇവിടെ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) താലൂക്ക് ആശുപത്രി നിലവാരത്തിന് ആവശ്യമായ ഏതെല്ലാം തസ്തികൾ വേണം എന്നാണ് നിർദ്ദേശം ഉയർന്നിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഡോക്ടർമാരുടേതടക്കം ഏതെല്ലാം തസ്തികൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

## അരൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ അനുവദിച്ച പ്രവൃത്തികൾ

191 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ആയതിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിടത്തി ചികിത്സ ഏർപ്പെടുത്താൻ നടപടി

192 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ രാത്രികാല കിടത്തി ചികിത്സയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രിയിൽ രാത്രികാല കിടത്തി ചികിത്സ എപ്പോൾ മുതൽ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ രാത്രികാല കിടത്തി ചികിത്സ നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

## തിരൂർ ജില്ലാശുപത്രിയിലെ ക്യാൻസർ ചികിത്സ

193 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ജില്ലാശുപത്രിയിൽ ക്യാൻസർ രോഗനിർണയവുമായി ബന്ധപ്പെട്ട റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി എന്നിവ ഒറ്റ വിഭാഗം ആയിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) ടി വിഭാഗങ്ങളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ എണ്ണം എത്രയാണെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കുമോ;

(സി) റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി എന്നിവ ഒറ്റ വിഭാഗമായി പ്രവർത്തിക്കുകയാണെങ്കിൽ അവ പ്രത്യേക വിഭാഗങ്ങൾ ആയിട്ട് പ്രവർത്തിക്കുന്നതിനും ഓരോ വിഭാഗത്തിനും ആവശ്യമായ യോഗ്യതയുള്ള ഡോക്ടർമാരെ പ്രത്യേകം നിയമിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ടി ആശുപത്രിയിൽ മാമോഗ്രാം സ്കാനിങ്, അൾട്രാസൗണ്ട് സ്കാനിങ് തുടങ്ങിയവക്ക് വേണ്ട ഉപകരണങ്ങൾ ലഭ്യമാണോ; ആണെങ്കിൽ ഏതു ഫണ്ട് ഉപയോഗിച്ചാണ് അവ വാങ്ങിയത്; വിശദമാക്കുമോ;

(ഇ) ടി ആശുപത്രിയിൽ മാമോഗ്രാം സ്കാനിങ്, അൾട്രാസൗണ്ട് സ്കാനിങ് തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാണെങ്കിൽ അവയുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(എഫ്) മലപ്പുറം ജില്ലയിൽ സ്തനാർബുദ പരിശോധനയ്ക്കുള്ള മാമോഗ്രാം സ്കാനിംഗ് സംവിധാനമുള്ള മറ്റ് സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദമാക്കുമോ?

**പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് നിർമിക്കുന്ന പ്രവൃത്തി**

194 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് നിർമ്മിക്കുന്ന പ്രൊപ്പോസലിനെ സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി 21.06.2024 ന് നടത്തിയ ചർച്ചയുടെ മിനിട്ട്സ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുതയോഗം, ടി പ്രവൃത്തി ട്രോമ കെയർ /കാഷ്വാലിറ്റി പ്രവർത്തിയായി പരിവർത്തനം ചെയ്യുന്നതിന് വിശദമായ പഠനം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്കു നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; തയ്യാറാക്കിയ പ്രൊപ്പോസലിന്റെ പകർപ്പ് നൽകാമോ;

(സി) ഇത് സംബന്ധിച്ച് നിലവിലുള്ള ഫയൽ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കുമോ; നിലവിലുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തിക്ക് ഭരണാനുമതി നല്കി എപ്പോഴേയ്ക്ക് ആരംഭിയ്ക്കാനാകും; വിശദമാക്കാമോ?

**ലീനിയർ ആക്സലറേറ്റർ മെഷീൻ വാങ്ങുന്നതിന് നടപടി**

195 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സലറേറ്റർ മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**കാസർഗോഡ് ജില്ലയിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ**

196 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ കിടത്തി ചികിത്സ സൗകര്യമുള്ള കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ താലൂക്ക് ആശുപത്രികൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ ഒ.പി. സമയം എത്രവരെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ സായാഹ്ന ഒ.പി. പ്രവർത്തിക്കുന്ന ആശുപത്രികളുടെ വിവരങ്ങൾ നൽകാമോ?

## താലൂക്കാസ്ഥാന ആശുപത്രിയ്ക്കായുള്ള കെട്ടിടം

197 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയ്ക്കായുള്ള കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ആശുപത്രി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തായെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ

198 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യ-പശ്ചാത്തല സൗകര്യ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; സ്ഥാപന അടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ പുതുതായി ആരംഭിച്ച സേവനങ്ങളുടെയും സംവിധാനങ്ങളുടെയും വിശദ വിവരങ്ങൾ നൽകാമോ; ഈ കാലയളവിൽ അപ്ഗ്രേഡ് ചെയ്യപ്പെട്ട ആരോഗ്യകേന്ദ്രങ്ങളുടെ വിശദ വിവരങ്ങൾ നൽകാമോ?

## മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണം

199 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## ചെമ്പക്കത്ത് സി.എച്ച്.സി യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

200 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന് ശേഷം 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഏറനാട് മണ്ഡലത്തിൽ ചെമ്പക്കത്ത് സി.എച്ച്.സി.യിൽ ആരംഭിച്ച ഐസൊലേഷൻ വാർഡുകളുടെ നിർമാണ പ്രവൃത്തി നാളിതുവരെ പൂർത്തിയായില്ല എന്നതും കരാർ എടുത്ത ഏജൻസി പാതി വഴിക്കു നിർത്തി പോയതിനാൽ പദ്ധതി തുടങ്ങിയ അവസ്ഥയിൽ തന്നെയാണ് എന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതി എപ്പോൾ പുനരാരംഭിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും അറിയിക്കുമോ; നിലവിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**<u>പുനലൂർ താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടി</u>**

201 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി പുനലൂർ താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള ഏഴ് കോടി രൂപയ്ക്ക് ഇങ്കെൽ എന്ന നിർവഹണ ഏജൻസിയെ ചുമതലപ്പെടുത്തി ആവശ്യമായ നിലയിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനുള്ള 9771604/2025/MIN (HEALTH) ഫയലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; നിലവിൽ ഫയൽ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് എം.എൽ.എ. യുടെ കത്തുകൾ ലഭിച്ചിട്ടുണ്ടോ; ആയതിൻമേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

**<u>നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി</u>**

202 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് എന്ന് മുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി</u>**

203 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഐസൊലേഷൻ സെന്ററിൽ ഒരുക്കുന്നതെന്ന് അറിയിക്കുമോ;

(സി) എത്ര തുകയാണ് ഇതിന്റെ നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്നതെന്നും സെന്ററിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## <u>മലപ്പുറം താലൂക്ക് ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി</u>

204 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതി യോഗം ചേർന്ന് പുതിയ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം എന്താണ്; വിശദമാക്കാമോ;

(സി) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിൽ ജില്ലയിൽ ഒരു ജനറൽ ആശുപത്രി ഇല്ല എന്ന കാര്യം പരിഗണിച്ച് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ?

## <u>വെറ്റിലപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം</u>

205 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രൈബൽ മേഖലയിലെ ആശുപത്രികളുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ചാലക്കുടി നിയോജകമണ്ഡലത്തിലെ വെറ്റിലപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്നും പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ</u>

206 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണ് എന്ന് അറിയിക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

**<u>മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ</u>**

207 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വച്ച നടന്ന മുഖ്യമന്ത്രിയുടെ ഉദ്യോഗസ്ഥതല റിവ്യൂ മീറ്റിംഗിൽ, മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്റർ സ്ഥലം സർക്കാർ തലത്തിൽ ഉപയോഗപ്പെടുത്തി പുതിയ പദ്ധതി ആസൂത്രണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം ആരോഗ്യ വകുപ്പ് സെക്രട്ടറി സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ</u>**

208 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ താലൂക്ക് ആശുപത്രിയിലും ഇരിക്കൂർ നിയോജകമണ്ഡലത്തിന് കീഴിലുള്ള വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാർ, നഴ്സിംഗ് ജീവനക്കാർ, അവശ്യ മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, സൗകര്യങ്ങൾ നവീകരിക്കുന്നതിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ആധുനിക രോഗനിർണയ സൗകര്യങ്ങളുടെയും മതിയായ ജീവനക്കാരുടെയും ലഭ്യത ഉറപ്പാക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>ആലത്തൂർ താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ട് തസ്തിക</u>**

209 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ വർഷങ്ങളായി മെഡിക്കൽ സൂപ്രണ്ടിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മെഡിക്കൽ സൂപ്രണ്ടിനെ നിയമിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ എത്രയുംപെട്ടെന്ന് മെഡിക്കൽ സൂപ്രണ്ടിനെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

**<u>വെൺപകൽ ആശുപത്രിയിലെ നിർമ്മാണ പ്രവർത്തികൾ</u>**

210 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിലെ പുതിയ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത കെ.എം.എസ്.സി.എൽ. പ്രവർത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**<u>പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം</u>**

211 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിനുള്ള അനുമതിയ്ക്ക് കാലതാമസം നേരിടുന്നതിനാൽ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പുതിയ കെട്ടിട നിർമ്മാണം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പൊളിച്ചുനീക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കായംകുളം മണ്ഡലത്തിലെ താലൂക്കാശുപത്രിയുടെ നിർമ്മാണ പുരോഗതി</u>**

212 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് കായംകുളം മണ്ഡലത്തിൽ നിർമ്മിക്കുന്ന താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>പേരാവൂർ താലൂക്ക് ആശുപത്രിയുടെ സംരക്ഷണ ഭിത്തി നിർമ്മാണം</u>**

213 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ താലൂക്ക് ആശുപത്രിയുടെ സംരക്ഷണ ഭിത്തി നിർമ്മാണത്തെ തുടർന്ന് വർഷങ്ങളായി താമസിക്കുന്നവരുടെ വഴി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

**<u>കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ തസ്തികകൾ</u>**

214 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആകെ നിർദ്ദേശിക്കപ്പെട്ട തസ്തികകൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതെല്ലാം തസ്തികകളാണ് നാളിതുവരെയായി അംഗീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ബാക്കി തസ്തികകൾ അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ?

## വടവുകോട് ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

215 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്ത് നാട് മണ്ഡലത്തിലെ വടവുകോട് ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് ഇവിടെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ എത്ര തുകയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയായെന്നും വ്യക്തമാക്കാമോ;

(സി) എത്ര ശതമാനം നിർമ്മാണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി ഏതെന്നും എത്ര തവണ ഇവർക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ സമയം നീട്ടി നൽകി എന്നും വ്യക്തമാക്കാമോ;

(ഡി) നീട്ടി നൽകിയ സമയ പരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ എന്തു നടപടിയാണ് നിർവ്വഹണ ഏജൻസിക്ക് എതിരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഐസൊലേഷൻ വാർഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും പ്രസ്തുത നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

## മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണ നടപടികൾ

216 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; കെട്ടിട നിർമ്മാണത്തിന കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) മലപ്പുറം താലൂക്ക് ആശുപത്രിക്ക സമീപം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന സ്ഥലത്ത് ലാബിനു കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എത്രയും വേഗം സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുമോ; വിശദമാക്കാമോ?

## താലൂക്ക് ആശുപത്രിയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി എം. ആർ. ഐ. മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടി

217 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി എം. ആർ. ഐ. മെഷീൻ സ്ഥാപിക്കുന്നതിനും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ തുടർപരിപാലനം നടത്തുന്നതിനുമായി എം.എൽ.എ.യുടെ സാന്നിധ്യത്തിൽ കൂടിയ എച്ച്. എം. സി. മീറ്റിംഗ് തീരുമാനമെടുത്തിനു ശേഷം തുടർ

അനുവാദങ്ങൾക്കായി ബഹു. ഡി.എച്ച്.എസ്. ന്റെ പരിഗണനയിലുള്ള പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; നിലവിലെ തടസ്സങ്ങൾ വ്യക്തമാക്കാമോ;

(ബി) പുനലൂർ താലൂക്ക് ആശുപത്രിയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി എം. ആർ. ഐ. മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിഗണനയിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) സർക്കാർ സഹായത്തോടെ താലൂക്ക് ആശുപത്രികളിൽ എം.ആർ.ഐ. മെഷീനുകൾ സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോ; വിശദമാക്കാമോ;

(ഡി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി സർക്കാർ ആശുപത്രികളിൽ മെഷീനുകൾ സ്ഥാപിക്കുന്നതിനു മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകാനാകുമോ; വിശദമാക്കാമോ;

(ഇ) പുനലൂർ താലൂക്ക് ആശുപത്രിയുടെ പ്രൊപ്പോസലിന്മേൽ അനുവാദം നൽകാനാകുമോ; വിശദമാക്കാമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങൾ

218 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ഏതൊക്കെ ആരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടപ്പോൾ ആ സ്ഥാപനത്തിൽ അധികമായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിശദാംശം ഓരോ സ്ഥാപനത്തിന്റെയും പേര് സഹിതം ലഭ്യമാക്കുമോ?

## നെയ്യാറ്റിൻകര പൊഴിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ മന്ദിരം

219 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ജി.ഒ.നം. 1671/2024/എച്ച്&എഫ്.ഡബ്ല്യൂ.ഡി. അനുസരിച്ച് അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന പുതിയ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ?

## അമീബിക് മസ്തിഷ്ക ജ്വരം

220 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) രോഗബാധയുടെ കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) രോഗം കൂടുതൽ പേരിലേക്ക് വ്യാപിക്കാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>പേവിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പ്</u>

221 **ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതും പേവിഷബാധയേറ്റുള്ള മരണങ്ങൾ ഉണ്ടാകുന്നതുമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിച്ച് സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് നടപ്പിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നായ്ക്കളുടെ കടിയേൽക്കുന്നതിൽ ഭൂരിഭാഗവും കുട്ടികളായതിനാൽ എല്ലാ കുട്ടികൾക്കും എത്രയും വേഗം പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>അമീബിക് മസ്തിഷ്ക ജ്വരം വ്യാപനം</u>

222 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്രപേർക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) അമീബിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>ചികിത്സാ പിഴവുകൾ</u>

223 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ എത്ര ചികിത്സാ പിഴവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ ചികിത്സ പിഴവു മൂലം മരണം സംഭവിച്ചിട്ടുണ്ട്; ചികിത്സ പിഴവ് സംബന്ധിച്ച എത്ര കേസുകളിൽ കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര കേസുകളിൽ ഇരകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഉണ്ടായ ചികിത്സ പിഴവുകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**അമീബിക് മസ്തിഷ്കജ്വരം**

224 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് മരണങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമീബിക് മസ്തിഷ്കജ്വരം ബാധിക്കാൻ ഉണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത രോഗം വ്യാപിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ആശാവർക്കർമാരുടെ വേതന വർദ്ധനവ്**

225 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായമായ വേതന വർദ്ധനവ് ആവശ്യപ്പെട്ട് ആശാവർക്കർമാർ മാസങ്ങളായി നടത്തുന്ന സമരപരിപാടികളെ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നിയോഗിച്ച സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദവിവരം നൽകുമോ ;

(സി) ആശാവർക്കർമാരുടെ സേവനത്തെ അംഗീകരിച്ചുകൊണ്ട് വേതന വർദ്ധനവ് നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

**കുഴഞ്ഞ് വീണു മരിക്കുന്നവരുടെ എണ്ണം**

226 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയ സംബന്ധമായ അസുഖം കാരണം പ്രായഭേദമെന്യേ മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡ് വാക്സിൻ കാരണമാണ് കുഴഞ്ഞ് വീണ് മരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതെന്ന പൊതുജനങ്ങളുടെ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ?

**കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നു വീണു സ്ത്രീ മരിച്ച സംഭവം**

227 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നു വീണ് സ്ത്രീ മരിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളുടെ കെട്ടിടങ്ങളിലെ ബലക്ഷയം കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ആശുപത്രികളിലെ മരുന്ന്, ഉപകരണ ക്ഷാമം പരിഹരിക്കാൻ നടപടി

228 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം മൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ ഉപകരണങ്ങളുടെയും മറ്റും ലഭ്യതക്കുറവുമൂലം അടിയന്തര ശസ്ത്രക്രിയകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സർക്കാർ ആശുപത്രികളിൽ ശസ്ത്രക്രിയ ഉപകരണങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം

229 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ഹൃദയ ശസ്ത്രക്രിയാ ഉപകരണങ്ങളടക്കം ലഭ്യമല്ലാത്ത കാരണത്താൽ ശസ്ത്രക്രിയകൾ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക നൽകാത്തത് കാരണം ഹൃദയ ശസ്ത്രക്രിയാ ഉപകരണങ്ങളുടേതടക്കം വിതരണം നിർത്തിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുടിശ്ശിക തീർത്ത് ശസ്ത്രക്രിയാ ഉപകരണങ്ങൾ മുടങ്ങാതെ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കുട്ടികൾക്ക് ആന്റി റാബിസ് വാക്സിൻ

230 **ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷബാധയേറ്റുള്ള മരണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് ആന്റി റാബിസ് വാക്സിൻ നൽകണമെന്ന നിർദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ നിർദേശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; കേന്ദ്ര സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്ന് കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക

231 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശസ്ത്രക്രിയ ഉപകരണങ്ങളുടെയും മരുന്നിന്റെയും അഭാവം മൂലം സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ശസ്ത്രക്രിയകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മരുന്ന് വിതരണം ചെയ്ത ഇനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്വകാര്യ മരുന്നു വിതരണ കമ്പനികൾക്ക് നൽകുവാനുള്ള തുകയുടെ വിവരം ഓരോ കമ്പനിയുടെയും കുടിശ്ശിക സഹിതം വിശദമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ സർക്കാർ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും മരുന്ന് സംഭരണത്തിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് എത്ര തുക വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ മരുന്ന് സംഭരണത്തിനായി എത്ര തുക ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

## ചവറ കെ. എം. എം. എൽ. കമ്പനി പരിസര പ്രദേശത്ത് ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശം

232 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം ചവറ കെ. എം. എം. എൽ. കമ്പനി പരിസര പ്രദേശത്ത് ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കായി കെ. എം. എം. എൽ. കമ്പനി ഒരു കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നതിൽ നാളിതുവരെ യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ടി ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

## അവയവമാറ്റ ശസ്ത്രക്രീയ

233 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ആശുപത്രികളിൽ നടത്തിയിട്ടുള്ള അവയവമാറ്റ ശസ്ത്രക്രീയയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മരണാനന്തര അവയവമാറ്റ ശസ്ത്രക്രീയ നടപ്പിലാക്കിവരുന്ന സർക്കാർ ആശുപത്രികളുടെ പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് അറിയിക്കാമോ;

(സി) കെ-സോട്ടോ -യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) അവയവം മാറ്റിവെയ്ക്കുന്നതിനായി കെ-സോട്ടോയിൽ രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്നവർ എത്രയെന്ന് വെളിപ്പെടുത്താമോ?

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റേഷൻ

234 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആരംഭിക്കുന്ന സർക്കാർ അവയവമാറ്റ ശസ്ത്രക്രിയ ആശുപത്രിയുടെ വിശദമായ പദ്ധതിരേഖ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പേവിഷബാധ വാക്സിന്റെ ഗുണനിലവാരം

235 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷബാധ വാക്സിൻ എടുത്തിട്ടും മരണങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) പേവിഷ വാക്സിനുകളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നായ്ക്കളുടെ കടിയേറ്റ് സർക്കാർ ആശുപത്രികളിൽ എത്തുന്നവർക്ക് മുറിവിന്റെ കാഠിന്യം അനുസരിച്ച് ഇമ്മ്യൂണോഗ്ലോബുലിൻ തുടങ്ങിയവ നൽകാൻ

ട്രാൻസ്പ്ലാൻ്റേഷൻപ്രോട്ടോകോൾ നിലവിലുണ്ടോ; ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കൊല്ലം പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജിലെ വികസനപ്രവർത്തനങ്ങൾ**

236 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കൊല്ലം പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികളോരോന്നിന്റേയും ഭരണാനുമതി തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായ പ്രവൃത്തികൾ ഏതെല്ലാമെന്നും നിലവിൽ പുരോഗതിയിലുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

**കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്**

237 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ 30ന് തറക്കല്ലിട്ടതിനു ശേഷം കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഇതുവരെ നടന്നതും ഇപ്പോൾ നടന്നു വരുന്നതുമായ നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ ചെലവ് എത്രയാണെന്നും ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചതെന്നും വിശദമാക്കാമോ;

(സി) ഇതുവരെയുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ആരൊക്കെയാണെന്നും അവർ നൽകിയ ബില്ല് എത്ര തുകയുടേതാണെന്നും അതിൽ എത്ര തുക നൽകിയെന്നും കുടിശ്ശിക ഉണ്ടോ എന്നും കരാറുകാർ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി ഏറ്റെടുത്തു ചെയ്ത ഏതെങ്കിലും കരാർ കമ്പനി പണം കിട്ടാത്തതിനാൽ കോടതിയെ സമീപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് കമ്പനിയാണെന്നും അവർക്കുള്ള കുടിശ്ശിക എത്ര ആയിരുന്നുവെന്നും വ്യക്തമാക്കാമോ; കുറേക്കാലം നിർമ്മാണം മുടങ്ങിയത് കോടതിയിൽ കേസുള്ളതിനാലായിരുന്നോ എന്ന് വ്യക്തമാക്കാമോ; കോടതി കേസിന്റെയും കുടിശ്ശികയുടെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ഇ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് പൂർണരൂപത്തിൽ യാഥാർത്ഥ്യമാകാൻ ഇനി ആവശ്യമുള്ള നിർമ്മാണ പ്രവർത്തികൾ ഏതൊക്കെയാണെന്നും ഇതിന് ചെലവ് എത്രയാണെന്നും ഫണ്ട് എവിടെനിന്ന് കണ്ടെത്തുമെന്നും എത്ര സമയത്തിനകം പ്രവർത്തികൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ എത്ര തസ്തികകളാണ് വേണ്ടതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്ര തസ്തികകളാണ്

സൃഷ്ടിച്ചിട്ടുള്ളതെന്നും നിയമനം നടന്നത് എത്ര തസ്തികകളിൽ ആണെന്നും വ്യക്തമാക്കാമോ;

(ജി) എം.ബി.ബി.എസ്. പ്രവേശനം ഈ മാസം തന്നെ തുടങ്ങാനിരിക്കെ അതിനു മുൻപ് വേണ്ട അത്യാവശ്യ കാര്യങ്ങൾ എന്തൊക്കെയാണെന്നും കാസർഗോഡ് സർക്കാർ കോളേജിൽ ഇത്തരത്തിലുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സ സംവിധാനത്തിലെ പിഴവുകൾ പരിഹരിക്കാൻ നടപടി**

238 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സ സംവിധാനത്തിലെ പിഴവുകൾ സംബന്ധിച്ച് ഡോക്ടർ ഹാരിസ് ചിറക്കൽ നടത്തിയ വെളിപ്പെടുത്തലുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) ഡോക്ടർ ഹാരിസ് ചിറക്കലിന്റെ വെളിപ്പെടുത്തൽ സംബന്ധിച്ച് അന്വേഷണം നടത്തിയ വിദഗ്ധസമിതി റിപ്പോർട്ടിൽ ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിന് രോഗികളിൽ നിന്ന് പിരിവ് എടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിൽ ചികിത്സാ ഉപകരണങ്ങൾ എത്തിച്ചു നൽകുന്നതിൽ കാലതാമസം ഉണ്ടായതായി പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ വിദഗ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) രോഗികൾക്ക് ആവശ്യമായ ചികിത്സകൾ യഥാസമയം ലഭ്യമാക്കണമെന്ന സദുദ്ദേശത്തോടെ മെഡിക്കൽ കോളേജിലെ പ്രവർത്ത നത്തെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞ ഡോക്ടർ ഹാരിസ് ചിറക്കലിനെതിരെ പ്രതികാര നടപടികൾ സ്വീകരിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഡോക്ടർ ഉന്നയിച്ച വിഷയത്തിനോട് നീതിപുലർത്തുന്ന സമീപനം സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

**.തൃശ്ശൂർ മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

239 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം ആരംഭിച്ച വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2021-25 കാലഘട്ടത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തീകരിച്ച വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ നിർമ്മാണ പദ്ധതികൾ

240 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ കീഴിൽ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനും, ഇവിടങ്ങളിലേക്ക് ആവശ്യമായി വരുന്ന ഫർണീച്ചറും മറ്റു മെഡിക്കൽ ഉപകരണങ്ങളും സജ്ജമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(സി) പുതിയ ബ്ലോക്കുകളുടെ പ്രവർത്തനത്തിന് കൂടുതലായി വേണ്ടി വരുന്ന മനുഷ്യവിഭവശേഷി ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## സർക്കാർ ആശുപത്രികളിലെ ഉപകരണക്ഷാമം പരിഹരിക്കാൻ നടപടി

241 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉപകരണക്ഷാമം കാരണം ചികിത്സ മുടങ്ങുന്ന സാഹചര്യം സംബന്ധിച്ച വെളിപ്പെടുത്തലിനെ തുടർന്ന് സർക്കാർ നിയോഗിച്ച അന്വേഷണസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ ചികിത്സാ ഉപകരണങ്ങൾ യഥാസമയം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## മെഡിക്കൽ കോളേജുകളിലെ ഹൃദയ ശസ്ത്രക്രിയകളുടെ പ്രതിസന്ധി

242 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയകൾ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) 2021-22 കാലയളവിൽ ദിവസേനെ ശരാശരി എത്ര ഹൃദയ ശസ്ത്രക്രിയകളാണ് നടന്നുകൊണ്ടിരുന്നതെന്നും, ഈ വർഷം ഇതുവരെ ദിവസേനെ ശരാശരി നടക്കുന്ന ഹൃദയ ശസ്ത്രക്രിയകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഹൃദയ ശസ്ത്രക്രിയകൾക്കാവശ്യമായ സർജിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ എത്ര തുകയാണ് വിതരണ കമ്പനിക്കാർക്ക് കൊടുത്തു

തീർക്കാനുള്ളതെന്നും, ഓരോ മെഡിക്കൽ കോളേജിനും എത്ര വീതം കുടിശ്ശികയുണ്ടെന്നും അറിയിക്കാമോ?

**തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം**

243 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത്**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സൗജന്യ ചികിത്സയിലും വർദ്ധനവുണ്ടാകുന്നതിനാധാരമായ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാനിലെ എന്തെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രവർത്തനം പുരോഗമിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) 2021 മുതൽ 2025 വരെ എത്ര കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അതുവഴി എത്ര രോഗികൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞുവെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ കാരുണ്യ സുരക്ഷാ പദ്ധതിയിലൂടെയും കാരുണ്യ ബനവലന്റ് ഫണ്ട് വഴിയും ആരോഗ്യ കിരണം പദ്ധതിയിലൂടെയും എത്ര രോഗികൾക്ക് ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമെങ്കിൽ അറിയിക്കാമോ?

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സാപിഴവിൽ അന്വേഷണം**

244 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ഞപ്പിത്തം ബാധിച്ച് ചികിത്സയിലായിരുന്ന ചേരിക്കോണം സ്വദേശികളായ നീതുവും സഹോദരി മീനാക്ഷിയും മരിച്ച സംഭവത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് വീഴ്ച സംഭവിച്ചു എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

**സർക്കാർ മെഡിക്കൽ കോളേജുകൾ**

245 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ടെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ ആകെ ബെഡ്സ്ട്രെങ്ത് എത്രയെന്ന കണക്ക് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലായി നാളിതുവരെ എത്ര പേർക്ക് ചികിത്സ നൽകിയിട്ടുണ്ടെന്നും അതിൽ ഇൻപേഷ്യന്റ് വിഭാഗത്തിലേയും ഔട്ട് പേഷ്യന്റ് വിഭാഗത്തിലേയും എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## മങ്കട സി. എച്ച്. സി. യിലെ വിവിധ പ്രവൃത്തികളും സ്റ്റാഫ് പാറ്റേണും

246 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി. എച്ച്. സി. ക്കായി ബജറ്റിൽ വകയിരുത്തിയ പ്രകാരമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; സമയ പരിധി നിശ്ചയിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നടന്നു വരുന്ന മറ്റ് പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഒഴിവ് നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; സ്റ്റാഫ് പാറ്റേൺ പുതുക്കിയത് എന്നാണെന്നും ആയത് പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

## കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

247 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും എത്ര ഒഴിവുകൾ നിലനിൽക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിൽ വിവിധ തരത്തിലുള്ള അവധി എടുത്തതിന്റെ അടിസ്ഥാനത്തിലുള്ള ഒഴിവുകളും അനുമതിയില്ലാതെ അവധിയെടുത്ത ഒഴിവുകളും സ്ഥലംമാറ്റം കാരണം വന്ന ഒഴിവുകളും ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സാധാരണക്കാർ ആശ്രയിക്കുന്ന കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഈ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## സംസ്ഥാനത്തെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

248 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് എന്നുമുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) ജീവിതശൈലീ രോഗങ്ങളാൽ രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ചികിത്സിക്കുന്ന ഡോക്ടർമാരും ചികിത്സക്കെത്തുന്ന രോഗികളും നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നിലവിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ കിടത്തി ചികിത്സയുണ്ടായിരുന്ന മുനമ്പം സാമൂഹികാരോഗ്യ കേന്ദ്രത്തിലും ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിലും മാലിപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിലും രോഗികളുടെ വർദ്ധനവും ഡോക്ടർമാരുടെ കുറവും മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ അഭാവം പരിഹരിക്കാൻ നടപടി</u>

249 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ വിവിധ കാറ്റഗറികളിലായി ഏതെല്ലാം തസ്തികകളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത്, നിലവിൽ പ്രവർത്തിക്കുന്ന ജീവനക്കാർ എന്നിവരുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ സ്ഥിരം സൂപ്രണ്ടിനെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പക്കലുള്ള 1902780/2025 നമ്പർ ഫയലിന്മേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാമോ;

(ഇ) പ്രസ്തുത ആശുപത്രിയിലെ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം പൊതുജനങ്ങളും നിർദ്ധന രോഗികളും നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനുള്ള നപടികൾ സ്വീകരിക്കുമോ?

## <u>ആർ.സി.സിയിലെ നിയമനം</u>

250 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-06-2019-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 437/2019 (ജി.ഒ.(പി) നമ്പർ.59/2019/എച്ച്&എഫ്.ഡബ്ല്യു.ഡി) പ്രകാരം ആർ.സി.സി.-യിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തണമെന്ന സർക്കാർ തീരുമാനം എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കാമോ ; 2021 ജനുവരിയിൽ

സമർപ്പിച്ച സ്പെഷ്യൽ റൂൾസ് നാല് വർഷം കഴിഞ്ഞിട്ടും അംഗീകരിച്ചിട്ടില്ലാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) ആർ.സി.സി. യിൽ പിൻവാതിൽ നിയമനങ്ങൾ നടന്നുവരുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ തടയാൻ എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ട്; വിശദമാക്കാമോ;

(സി) വിജിലൻസ് റിപ്പോർട്ടിൽ തന്നെ ആർ.സി.സി.-യിലെ നിയമനങ്ങളിൽ വ്യാപകമായ അഴിമതി ചൂണ്ടിക്കാട്ടിയ സാഹചര്യത്തിൽ, നടപടികൾ വൈകിക്കുന്നതിലൂടെ അഴിമതിക്ക് പിന്തുണ കൊടുക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിയമനങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനായി ആർ.സി.സി.യിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരിക എന്നുള്ളത് എന്ന് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലാ അമ്മയും കുഞ്ഞും ആശുപത്രി

251 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ അമ്മയും കുഞ്ഞും ആശുപത്രിയിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫുകളും ഇല്ലാത്ത കാരണത്താൽ രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കാമോ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിന് രണ്ട് കോടി രൂപ അനുവദിച്ചത് അപര്യാപ്തമാണ് എന്ന കാരണത്താൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ തുക അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

## പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലെ നിയമനം

252 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലേക്ക് നിയമനം നടന്നിട്ടില്ലാത്തതിനാൽ ഇവിടെ അനുവദിക്കപ്പെട്ട എക്കോ, ടി.എം.ടി. യന്ത്രങ്ങൾ ഉപയോഗിക്കാനാകാത്ത അവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിലേക്ക് 10.02.2023-ലെ സ.ഉ (സാധാ) നം. 334/2023/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്ന ഡോക്ടർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയതായി കൺസൾട്ടന്റ് കാർഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലെ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനാൽ പ്രസ്തുത കേഡറിലെ യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാരുടെ സീനിയോറിറ്റി പട്ടിക

തയ്യാറാക്കി പുനലൂർ താലൂക്ക് ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജി തസ്തികയിലെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നടപടിയെടുക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ എപ്പോഴേയ്ക്കും നിയമനം നടത്താനാകുമെന്ന് വിശദമാക്കാമോ;

(ഇ) പുനലൂർ താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതൊക്കെ തസ്തികകളിൽ എത്ര നാളുകളായി ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

**<u>ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി</u>**

253 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ;

(ബി) ജനസംഖ്യയും വിസ്തൃതിയും കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാമൂഹ്യ-കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ. പി. ഉൾപ്പെടെ നടപ്പാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പുതുക്കാട് താലൂക്ക് ആശുപത്രി, കോടാലി സി. എച്ച്. സി. ഉൾപ്പെടെയുള്ള പുതുക്കാട് മണ്ഡലത്തിൽ നിലവിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ചേലക്കര ഗവ. താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ തസ്തിക സൃഷ്ടിക്കാൻ നടപടി</u>**

254 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര ഗവൺമെന്റ് താലൂക്കാശുപത്രിയിൽ വിദഗ്ദ ചികിത്സ ലഭ്യമാക്കുന്നതിന് ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് നൽകിയ കത്ത് പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം സ്പെഷ്യാലിറ്റി കേഡർ തസ്തികകൾ അനുവദിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗത്തിൽപ്പെട്ടവരാണ് മണ്ഡലത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും എന്നതു കണക്കിലെടുത്തും സ്വകാര്യ മേഖലയിലോ സർക്കാർ മേഖലയിലോ വിദഗ്ധ ചികിത്സാ സൗകര്യം മണ്ഡലത്തിൽ ലഭ്യമല്ല എന്നത് കണക്കിലെടുത്തും ചേലക്കര ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ തസ്തിക സൃഷ്ടിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോയെന്ന് വിശദമാക്കാമോ?

**<u>സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നേഴ്സുമാരുടെ അഭാവം</u>**

255 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നേഴ്സുമാരുടെ അഭാവംമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ നിയമനം വൈകുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) എറണാകുളം ജില്ലയിലെ ഓരോ ആശുപത്രിയുടെയും സ്റ്റാഫ് നേഴ്സുമാരുടെ ഒഴിവുകൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) സ്റ്റാഫ് നേഴ്സുമാരുടെ പ്രമോഷൻ സമയബന്ധിതമായി നടത്താത്തതുമൂലം ഒഴിവുകൾ നികത്താൻ കഴിയാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) കൂടുതൽ സ്റ്റാഫ് നഴ്സുമാരെ നിയമിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി**

256 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കഴിഞ്ഞ 9 വർഷമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ ;

(ബി) രണ്ടായിരത്തോളം രോഗികൾ ദിവസേന ഔട്ട്പേഷ്യന്റായി വരുന്നതും മുന്നൂറിലധികം രോഗികളെ കിടത്തി ചികിത്സിക്കുന്നതുമായ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിനനുസരിച്ചുള്ള ഡോക്ടർമാരും മറ്റ് ജീവനക്കാരും ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2 നിയമനം**

257 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിൽ 4-ന് നടന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 പരീക്ഷയുടെ റാങ്ക് ലിസ്റ്റ് 2024 ഒക്ടോബറിൽ വന്ന് ഒൻപത് മാസം പിന്നിട്ടെങ്കിലും പല ജില്ലകളിലും നിയമനങ്ങൾ നടക്കാതിരുന്നതിന്റെ പ്രധാന കാരണം എന്താണെന്ന് വിശദമാക്കുമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ടിൽ ഇരുന്നൂറോളം ഒഴിവുകൾ ഉള്ളതായി റിപ്പോർട്ടുകൾ ഉണ്ടെങ്കിലും, ഒ.പി. (കെ.എ.റ്റി.) നമ്പർ .218/2023 കേസിലെ സ്റ്റേ ഉത്തരവ് നിയമന പ്രക്രിയയെ എങ്ങനെ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കോവിഡ് പോലുള്ള പകർച്ചവ്യാധികളും മഴക്കാല രോഗങ്ങളും നേരിടാൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിൽ നിയമനം അത്യാവശ്യമാണെങ്കിലും സർക്കാർ (ആരോഗ്യവകുപ്പ്) അതിനുള്ള അടിയന്തര നടപടികൾ എടുക്കാതിരുന്നതിനെപറ്റി വിശദീകരണം നൽകാമോ;

(ഡി) റാങ്ക് ലിസ്റ്റിലുള്ള പലർക്കും പ്രായപരിധി കഴിയുന്ന സാഹചര്യത്തിൽ, പി.എസ്.സിയുടെ നിയമനം സാധ്യമാക്കാൻ കോടതി അനുമതിയോടെ പ്രമോഷൻ നടപടികൾ വേഗത്തിലാക്കാനുള്ള സർക്കാരിന്റെ പദ്ധതിയെക്കുറിച്ച് വിശദാംശം നൽകുമോ?

**വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ**

258 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ആരോഗ്യവകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്രസംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും അറിയിക്കുമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്നുള്ള വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയ തുക**

259 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ. (ആർ.ടി.) നമ്പർ.838/2020/എച്ച്.&എഫ്.ഡി. എന്ന സർക്കാർ ഉത്തരവിലൂടെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് എത്ര തുകയാണ് നൽകിയത്; ഈ തുക എന്നാണ് കൈമാറിയത്; ഇതിന്റെ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിലൂടെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അനുവദിച്ചു നൽകിയ തുകയ്ക്ക് പ്രസ്തുത സ്ഥാപനം നൽകിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

260 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ ഇരിക്കൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പേര്, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എന്നിവ തരം തിരിച്ച് ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## ശസ്ത്രക്രിയയെ തുടർന്ന് നാല് വയസ്സുള്ള കുട്ടി മരണമടഞ്ഞ സംഭവം

261 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കലൂർ ദേശാഭിമാനി റോഡിൽ പ്രവർത്തിക്കുന്ന ആൽഫ ഇ.എൻ.ടി. ഹെഡ് ആൻഡ് നെക്ക് റിസർച്ച് ഹോസ്പിറ്റലിൽ ശസ്ത്രക്രിയയെ തുടർന്ന് നാല് വയസ്സുള്ള ബദരീനാഥ് എന്ന കുട്ടി 03/06/2025-ന് മരണമടഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമായ അടിസ്ഥാന സൗകര്യമില്ലാതിരുന്നതും ചികിത്സാ പിഴവുമാണ് കുട്ടിയുടെ മരണത്തിന് കാരണമെന്ന ബന്ധുക്കളുടെ പരാതി സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ, വിദഗ്ധ സമിതിയെ കൊണ്ട് വിശദമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

262 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഏതു സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് ആണ് നടന്നിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവ പ്രകാരം ഓഡിറ്റ് നടപടികൾ നടത്തേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതു വർഷത്തെ ഓഡിറ്റ് നടത്തുന്നതിനായാണ് സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവസാനമായി കത്തു നൽകിയതെന്ന് വ്യക്തമാക്കാമോ; ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

## അമീബിക് മസ്തിഷ്ക ജ്വരം

263 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കാലങ്ങളെ അപേക്ഷിച്ച് അമീബിക് മസ്തിഷ്ക ജ്വരം വ്യാപകമായി കാണപ്പെടുന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രോഗവ്യാപനം തടയുന്നതിന് സ്വീകരിച്ച മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ?

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

264 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ലൈസൻസോടെ പ്രവർത്തിക്കുന്ന ആശുപത്രി, ക്ലിനിക്ക്, ലബോറട്ടറി എന്നിവയുടെ പേര്, കിടത്തി ചികിത്സാ കിടക്കകളുടെ എണ്ണം തുടങ്ങിയവ ആശുപത്രി, ക്ലിനിക്ക്, ലബോറട്ടറികൾ എന്നിവ ഇനം തിരിച്ച് വിശദമാക്കുമോ ?

## 108 ആംബുലൻസ് പദ്ധതി

265 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിൽ ഓരോ വർഷവും ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഇ.എം.ആർ.ഐ.) എന്ന സ്ഥാപനത്തിന് എത്ര രൂപയാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നൽകിയത് എന്ന വിവരം വർഷം തിരിച്ച് നൽകാമോ?

## ആരോഗ്യ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

266 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ

267 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് സംഭരിച്ച ഇനത്തിൽ നിലവിൽ എത്ര കോടി രൂപ കമ്പനികൾക്ക് കുടിശ്ശിക നൽകുവാനുണ്ടെന്ന് അറിയിക്കുമോ ; വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷത്തെ ടെൻഡർ നടപടികൾ എന്നാണ് ആരംഭിച്ചതെന്നും എന്തൊക്കെ മരുന്നുകൾക്കാണ് ഇന്റന്റ് നൽകിയതെന്നുമുള്ള വിശദാംശങ്ങൾ

ലഭ്യമാക്കുമോ;

(സി) മെഡിക്കൽ സർവീസസ് കോർപ്പറേഷന് സംസ്ഥാന സർക്കാർ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ?

**<u>മലപ്പുറം ജില്ലയിൽ നഴ്സിംഗ് കോളേജുകളും സ്കൂളുകളും തുടങ്ങുന്നതിനുള്ള അപേക്ഷകൾ</u>**

268 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നഴ്സിംഗ് സ്കൂൾ, കോളേജ് എന്നിവ തുടങ്ങാൻ എൻ.ഒ.സി. ക്ക് അപേക്ഷ നൽകിയ ട്രസ്റ്റ്, ആശുപത്രി തുടങ്ങിയവയുടെ പേര്, സ്ഥലം തരം തിരിച്ച് വിശദമാക്കുമോ ;

(ബി) സ്വന്തമായി ആശുപത്രികൾ ഇല്ലാത്ത സ്ഥാപനങ്ങളുടെ അപേക്ഷകളോടൊപ്പം സമർപ്പിച്ച മറ്റ് ആശുപത്രികളുടെ രേഖകൾ സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>24 മണിക്കൂറും പോസ്റ്റ്മോർട്ടം നടത്താൻ നടപടി</u>**

269 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ 24 മണിക്കൂർ പോസ്റ്റുമോർട്ടം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് ആശുപത്രിയിൽ ആണെന്നും എന്ന് മുതലാണ് ഇവിടെ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടന്നു വരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) 24 മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്നാണെങ്കിൽ വിശദാംശം നൽകാമോ;

(സി) 24 മണിക്കൂർ പോസ്റ്റുമോർട്ടം ആരംഭിച്ച ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം മുടങ്ങാതെ നടന്നിട്ടുണ്ടോയെന്നും ഇപ്പോൾ നടക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ; ഏതെങ്കിലും അവസരത്തിൽ മുടങ്ങിയിട്ടുണ്ടോ ; എങ്കിൽ കാരണങ്ങൾ വിശദാമാക്കാമോ;

(ഡി) കോടതിവിധി ഉണ്ടായിട്ടും 24 മണിക്കൂർ പോസ്റ്റുമോർട്ടം നിർവിഘ്നം തുടരാൻ കഴിയാത്തത് വീഴ്ചയായി കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

270 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ആശുപത്രികൾക്കായി മാസ്റ്റർ പ്ലാൻ</u>**

271 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ വിവിധ വിഭാഗങ്ങൾ രോഗികൾക്ക് സൗകര്യപ്രദമായ രീതിയിലല്ല പലയിടത്തും ക്രമീകരിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ ക്രമീകരിച്ച് മാസ്റ്റർ പ്ലാൻ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച എല്ലാ പുതിയ ആശുപത്രി കെട്ടിടങ്ങളും മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആശുപത്രികളിൽ നിലവിൽ നടപ്പിലാക്കി വരുന്ന മാസ്റ്റർപ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ശുചിത്വം, മാലിന്യ നിർമ്മാർജനം എന്നിവ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദം ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ആശ പദ്ധതിയുടെ മാർഗ്ഗരേഖ

272 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ആശ സന്നദ്ധ പ്രവർത്തകയായ ഒരു വനിതയായിരിക്കണമെന്നും കുറഞ്ഞത് പത്താം ക്ലാസ് യോഗ്യതയുണ്ടായിരിക്കണമെന്നും സംസ്ഥാനങ്ങൾ ഈ മാനദണ്ഡങ്ങളിൽ യാതൊരുവിധ പരിഷ്കരണവും വരുത്തുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ആശ വർക്കർമാർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രതിമാസ ഓണറേറിയം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നൽകിവരുന്ന ഫിക്സഡ് ഇൻസെന്റീവ് എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈയിനത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള വിഹിത കുടിശിക എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ആശ വർക്കർമാർക്ക് ഓണറേറിയവും ഫിക്സഡ് ഇൻസെന്റീവും മറ്റുമായി പ്രതിമാസം ശരാശരി എത്ര തുക ലഭ്യമാകുന്നുണ്ടെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ ആശ വർക്കർമാരുടെ എണ്ണം, ഓണറേറിയം, ഇൻസെന്റീവ് എന്നിവ ദേശീയ ശരാശരിയുമായി താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ

വിവരിക്കുമോ?

## ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ

273 **ശ്രീ. എം. എം. മണി**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലമാണെന്ന് വിശദീകരിക്കാമോ;

(ബി) എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജുകളും ആരംഭിക്കുക എന്ന ചരിത്ര നേട്ടം കൈവരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;

(സി) മെഡിക്കൽ കോളേജുകളുടെയും നഴ്സിംഗ് കോളേജുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഠന സംവിധാനങ്ങൾ നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലാ ഹോമിയോ - ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം

274 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം പൊളിച്ച് പുതിയ കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്തിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തന പുരോഗതി

275 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്തിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം എപ്പോൾ ഉദ്ഘാടനം ചെയ്യാൻ സാധിക്കും എന്നുള്ളത് വ്യക്തമാക്കാമോ?

## പരിയാരം സർക്കാർ ആയുർവ്വേദ കോളേജ്

276 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ നിലവിലുള്ള പി. ജി. കോഴ്സുകൾ നിലനിർത്തുന്നതിന് ആവശ്യമായ അധ്യാപക തസ്തികകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മഞ്ചേശ്വരം താലൂക്കിൽ ആയുഷ് വകുപ്പിന് കീഴിൽ പുതിയ സ്ഥാപനം തുടങ്ങാൻ നടപടി</u>**

277 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ ആയുഷ് വകുപ്പിന് കീഴിൽ പുതിയ സ്ഥാപനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

**<u>വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിട നിർമ്മാണം</u>**

278 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിടനിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ തസ്തികകൾ സംബന്ധിച്ച വിശദവിവരം തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണെന്നും ഇല്ലെങ്കിൽ ഇതിനായുള്ള നടപടികളുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗം</u>**

279 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഡോക്ടർമാരുടെ കുറിപ്പടി ഇല്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന തുടരുന്നത് സംബന്ധിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് 2022, 2023, 2024 കാലയളവിൽ പാലക്കാട് ജില്ലയിൽ മാത്രം എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്നുള്ളത് വിശദമാക്കാമോ?

**<u>ആന്റി ബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് നടപടി</u>**

280 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്റി ബയോട്ടിക്കുകളുടെ അമിത ഉപയോഗം മൂലം രോഗാണുക്കൾ മരുന്നിനുമേൽ ആർജിക്കുന്ന പ്രതിരോധത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ആന്റി ബയോട്ടിക് ഉപയോഗം വിലയിരുത്തി ആശുപത്രികൾക്ക് കളർ കോഡ് നൽകുന്നതിന്റെ വിശദ വിവരം നൽകാമോ ;

(സി) ഇറച്ചി, പാൽ എന്നിവയിൽ ആന്റി ബയോട്ടിക് സാന്നിധ്യം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ആന്റിബയോട്ടിക്കുകൾ നൽകുന്നതിനുള്ള നിയന്ത്രണം കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സമ്പൂർണ്ണ ആന്റി ബയോട്ടിക് സാക്ഷരതാ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ?

## <u>പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധമരുന്നുകൾ</u>

281 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ ഓരോ വർഷവും പേവിഷബാധയ്ക്കുള്ള പ്രതിരോധമരുന്നുകൾ എത്ര രൂപയ്ക്ക് വാങ്ങി എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതു സ്ഥാപനത്തിൽ നിന്നുമാണ് ആന്റി റാബീസ് വാക്സിൻ വാങ്ങുന്നത്; ഈ സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിലവിൽ ഏതു സ്ഥാപനത്തിൽ നിന്നുമാണ് ഇമ്മ്യൂണോഗ്ലോബിനുകൾ വാങ്ങുന്നത്; ഈ സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്ന് കരാർ</u>

282 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ 2022 മുതൽ ഓരോ വർഷവും എത്ര രൂപയുടെ മരുന്നുകൾക്കാണ് കരാർ നൽകിയത് എന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## <u>ആരോഗ്യരംഗത്തെ അനധികൃത പരസ്യങ്ങൾ</u>

283 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സംബന്ധമായ ഉല്പന്നങ്ങൾ സംബന്ധിച്ച് സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സാമൂഹിക മാധ്യമങ്ങളിലെ ഡയറ്റ് ഉപദേശ വീഡിയോകൾ യുവാക്കളെ വലിയതോതിൽ ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭക്ഷണവുമായി ബന്ധപ്പെട്ട അസുഖങ്ങളുണ്ടാകാൻ (Eating Disorders) ഇത്തരം വീഡിയോകൾ കാരണമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ആരോഗ്യ സംബന്ധമായ പരസ്യങ്ങളിലൂടെയുള്ള നിയമലംഘനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിനുള്ള ശിപാർശകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഏത് മരുന്നും ഓൺലൈനായി വാങ്ങാവുന്ന അവസ്ഥ അത്യന്തം അപകടകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കേരളത്തിലെ ജിമ്മുകളിൽ നിന്നും അനബോളിക് സ്റ്റിറോയ്ഡുകൾ ഉൾപ്പെടെയുള്ള അനധികൃത മരുന്നുകൾ കണ്ടെത്തിയത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ?

## വനിതാ കമ്മീഷനിലെ വാഹനങ്ങൾ

284 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷനിൽ നിലവിൽ എത്ര വാഹനങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വാഹനത്തിന്റെയും അറ്റകുറ്റ പണികൾക്കായി 2021 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## സംസ്ഥാന വനിതാ കമ്മീഷനിലെ തസ്തികകൾ

285 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷനിൽ എത്ര തസ്തികളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന വനിതാ കമ്മീഷനിൽ സ്ഥിരം, താൽക്കാലികം, ദിവസവേതനം എന്നീ വ്യവസ്ഥകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പത്താം ശമ്പള കമ്മീഷൻ വ്യവസ്ഥകൾ നിലവിൽ വന്നതിനുശേഷം എത്ര പേരെ പുതുതായി സ്ഥിരം, താൽക്കാലികം, ദിവസവേതനം എന്നീ വ്യവസ്ഥകളിൽ ജോലിയിൽ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന വനിതാ കമ്മീഷനിൽ നിലവിൽ എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥകളിൽ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; ഇവർ എത്ര വർഷമായി

ഡെപ്യൂട്ടേഷനിൽ തുടരുന്നുവെന്ന് അറിയിക്കാമോ ?

**<u>വടകര മണ്ഡലത്തിൽ വനിതാ ശിശു വികസന വകുപ്പ്</u>**

286 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വനിതാ ശിശു വികസന വകുപ്പ് മുഖേന വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ മണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്രവീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും അറിയിക്കാമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ അങ്കണവാടികൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ</u>**

287 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ അങ്കണവാടികൾക്കുവേണ്ടി നാളിതുവരെ അനുവദിച്ച വിവിധ പദ്ധതികൾ, അവയുടെ നിലവിലെ അവസ്ഥ, ഫണ്ടു വിവരം എന്നിവ സ്ഥാപനം തിരിച്ച് അറിയിക്കുമോ?

**<u>പൂടംകല്ല് താലൂക്ക് ആശുപത്രി</u>**

288 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ മാതൃ-ശിശു പരിചരണ വാർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) മാതൃ-ശിശു പരിചരണ വാർഡ് ആരംഭിക്കുന്നതിന് ഡോക്ടർമാരെയും മറ്റു സ്റ്റാഫുകളെയും നിയമിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ആയതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ വനിത-ശിശു വികസന വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ

289 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനിത ശിശു വികസന വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ അംഗൻവാടികൾ

290 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ മണ്ഡലത്തിൽ ഏതെല്ലാം അംഗൻവാടികൾക്കാണ് കെട്ടിടം നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോഴിക്കോട് ജില്ലയിലെ ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചികോഴി വിൽപന

291 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭക്ഷ്യയോഗ്യമല്ലാത്ത ഇറച്ചി വിൽപന നടത്തിയതിന്റെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവിധ സ്ഥലങ്ങളിലായി ഒരേ ഏജൻസി തന്നെ ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സ്ഥിരമായി ഇത്തരം വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശനനടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറി

292 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൂത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിക്ക് രണ്ട് കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കൂടി ഉപയോഗപ്പെടുത്തി ലബോറട്ടറി പൂർണ്ണ തോതിൽ യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

**ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ**

293 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് നടത്തിയ പരിശോധനയിൽ പ്രധാനമായും എന്തൊക്കെ വിവരങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) ക്രമാതീതമായ അളവിൽ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിരിക്കുന്ന കീടനാശിനിയിലെ ഘടകം ഏതാണെന്ന് വ്യക്തമാക്കാമോ;

(സി) പനം ചക്കര, കരിമ്പ് ശർക്കര, കേക്ക്, ഏത്തക്ക ഉപ്പേരി, മുളകുപൊടി, കശ്മീരി മുളകുപൊടി, മല്ലിപ്പൊടി എന്നിവയിൽ കണ്ടെത്തിയ വിഷാംശങ്ങളെക്കുറിച്ചും കീടനാശിനികളെക്കുറിച്ചും വിശദമാക്കാമോ?

**വിശപ്പ് രഹിത കേരളം പദ്ധതി**

294 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിയ്ക്കായി നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ അശരണരായ കിടപ്പുരോഗികൾക്ക് സ്നേഹജാലകം, സ്നേഹ അത്താഴം എന്നിങ്ങനെ സൗജന്യ ഭക്ഷണം എത്തിച്ചു നൽകിയ വകയിൽ എത്ര തുകയാണ് നൽകാനുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതിനായി ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**ഒപ്പം പദ്ധതി**

295 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിഹിതം വീടുകളിൽ എത്തിച്ചുകൊടുക്കുന്ന ഒപ്പം പദ്ധതിയിൽ കോട്ടയം നിയോജക മണ്ഡലത്തിൽ നിന്നും എത്ര ഗുണഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ?

## പൊതു വിതരണ വകുപ്പ് മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

296 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദമായ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## വിശപ്പ് രഹിത കേരളം - സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം

297 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലഘട്ടത്തിൽ സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

298 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കാമോ?

## സുഭിക്ഷ ഹോട്ടലുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി

299 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച 'സുഭിക്ഷ ഹോട്ടലുകൾ' കാര്യക്ഷമമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നല്ല നിലയിൽ പ്രവർത്തിക്കുന്ന സുഭിക്ഷ ഹോട്ടലുകൾക്ക് നൽകി വരുന്ന അരിവിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

300 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ?

**<u>ബി.പി.എൽ, എ.എ.വൈ കാർഡുകൾ</u>**

301 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര ബി.പി.എൽ, എ.എ.വൈ. കാർഡുകൾ പുതുതായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര അപേക്ഷകൾ ബി.പി.എൽ, എ.എ.വൈ. വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ലഭ്യമായിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് അനുവദിച്ചു എന്ന കണക്ക് വ്യക്തമാക്കാമോ;

(സി) അനർഹരായ എത്ര പേരെ ബി.പി.എൽ, എ.എ.വൈ. കാർഡുകളിൽ നിന്നും ഒഴിവാക്കിയെന്ന് വ്യക്തമാക്കാമോ;

(ഡി) ബി.പി.എൽ, എ.എ.വൈ. കാർഡുകളിലേക്ക് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ ബി.പി.എൽ, എ.എ.വൈ. കാർഡുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>പുതുക്കാട് മണ്ഡലത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ</u>**

302 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹമായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുക്കാട് മണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിലായി എത്ര കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്ന കെ-സ്റ്റോറുകൾ</u>**

303 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്ന കെ-സ്റ്റോറുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി ആരംഭിക്കുന്ന കെ-സ്റ്റോറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## പാറശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

304 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പാറശാല നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) 2016 മുതൽ 2025 സെപ്റ്റംബർ വരെ ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ പാറശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേയ്ക്കായ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നൽകാമോ ?

## റേഷൻ കടകൾ

305 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കടകളാണ് നിലവിലുള്ളതെന്ന് ജില്ല, താലൂക്ക് എന്നിവ തിരിച്ച് അറിയിക്കാമോ; ആയതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര എണ്ണമാണെന്നു അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കെ സ്റ്റോറുകളാക്കാൻ സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അതിനായി കടയുടമകൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

## 70 വയസ്സ് തികഞ്ഞ റേഷൻ കട ലൈസൻസികളുടെ ലൈസൻസ്

306 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് കമ്മീഷണറുടെ 12/8/2025-ലെ 05/2025 നമ്പർ സർക്കുലർ പ്രകാരം 70 വയസ്സ് തികഞ്ഞ റേഷൻ കട ലൈസൻസികളുടെ ലൈസൻസ് പുതുക്കി നൽകേണ്ടതില്ല എന്ന നിർദ്ദേശം ഈ രംഗത്ത് പ്രവർത്തിക്കുന്ന ലൈസൻസികളുടെ ജീവനോപാധിക്ക് പ്രതിലോമകരമായി മാറുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ളവർക്ക് അവരുടെ സേവനകാലം കണക്കാക്കി നഷ്ടപരിഹാരം

നൽകുന്നത് പരിഗണിക്കുമോ; വിശദാംശം നൽകുമോ ?

## പുതിയ റേഷൻ കടകൾ

307 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ആധാരമായ സാഹചര്യം വിശദമാക്കാമോ?

## പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം

308 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തോടനുബന്ധിച്ച് റേഷൻകാർഡ് ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്തത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2025 ആഗസ്റ്റ് മാസം എത്ര ഗുണഭോക്താക്കൾ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ടെന്നുള്ള വിവരങ്ങൾ കാർഡിന്റെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ വർഷം ഓണത്തോടനുബന്ധിച്ച് എത്ര ഗുണഭോക്താക്കൾ സപ്ലൈകോയുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും എത്ര കോടി രൂപയുടെ വിപണനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ സപ്ലൈകോയുടെ മൊത്തം വിറ്റു വരവ് എത്രയാണെന്നും ഇത്തവണ എത്ര കോടി രൂപയുടെ വരവ് പ്രതീക്ഷിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; വിറ്റു വരവ് വർദ്ധിപ്പിക്കുന്നതിലേക്കായി എന്തൊക്കെ സെയിൽസ് പ്രമോഷൻ സ്കീംസ് പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ഇ) പൊതു വിപണി പരിശോധനകൾ വകുപ്പിൽ കാര്യക്ഷമമാണോ; വിശദമാക്കാമോ; വില വിവര പട്ടിക പ്രദർശിപ്പിക്കാത്തതിന്റെ പേരിലും അമിതവില ഈടാക്കുന്നതിന്റെ പേരിലും എത്ര സ്ഥാപനങ്ങൾക്ക് നേരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ അഞ്ചു വർഷക്കാലം വിപണി ഇടപെടലിലേക്കായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

## ഓണം സ്പെഷ്യൽ അരി

309 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഓണക്കാലത്ത് (ആഗസ്റ്റ് മാസം) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ നിലവിലുള്ള അരി വിഹിതവും ഓണം സ്പെഷ്യൽ അരിയും അടക്കം എത്ര ടൺ അരിയാണ് കാർഡുടമകൾക്ക് വിതരണം നടത്തിയിട്ടുള്ളത്; ഓരോ തരം കാർഡുടമകൾക്കും അനുവദിച്ചിരുന്ന റേഷൻ സാധനങ്ങളുടെ വിവരം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) എ.എ.വൈ കാർഡുടമകൾക്ക് എത്ര ഓണക്കിറ്റുകൾ ആണ് വിതരണം നടത്തിയിട്ടുള്ളത്; ഇതിനായി എത്ര രൂപ ചെലവ് വന്നിട്ടുണ്ട്; അതിന്റെ വിശദാംശം നൽകാമോ;

(സി) റേഷൻ കടകളിലൂടെ സാധാരണ ഈടാക്കുന്ന നിരക്കിൽ തന്നെയാണോ ഓണം സ്പെഷ്യൽ അരിയും വിതരണം ചെയ്തത്; വിശദമാക്കാമോ;

(ഡി) ഓരോ കുടുംബത്തിനും മതിയായ അരി ലഭ്യത ഉറപ്പ് വരുത്താനും ഓണക്കാലത്ത് പൊതു വിപണിയിൽ ഉണ്ടാകാനിടയുള്ള അരിയുടെ വിലക്കയറ്റം തടയുവാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ ഭക്ഷ്യ പൊതുവിതരണം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ</u>**

310 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിൽ ഭക്ഷ്യ പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിന് 2021 വർഷം മുതൽ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**<u>നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി ഉന്നതികളിൽ 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' നടപ്പിലാക്കുന്ന നടപടി</u>**

311 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ എത്ര ആദിവാസി ഉന്നതികളിലാണ് നിലവിൽ റേഷൻ സാധനങ്ങളുടെ വിതരണം നടക്കുന്നതെന്നും ആയത് കൂടുതൽ ഉന്നതികളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(ബി) സഞ്ചരിക്കുന്ന റേഷൻകടകൾ വഴി എന്തൊക്കെ ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്തുവരുന്നതെന്നും റേഷൻ ഷോപ്പുകൾ/കെ-സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന എല്ലാ ഭക്ഷ്യവസ്തുക്കളും സഞ്ചരിക്കുന്ന റേഷൻകടകൾ വഴിയും വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) അതിദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് മറ്റൊരാളുടെ സഹായത്തോടെ മാത്രം റേഷൻ വാങ്ങാൻ കഴിയുന്ന ജനങ്ങളുടെ വീട്ടുമുറ്റത്തേക്ക് ഭക്ഷ്യവസ്തുക്കൾ എത്തിക്കാനുള്ള 'ഒപ്പം പദ്ധതി' നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>റേഷൻ വിതരണ സംവിധാനം</u>**

312 **ശ്രീ ഡി കെ മുരളി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീമതി ദെലീമ**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണ സംവിധാനം ആധുനികീകരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മാറിവരുന്ന സാമൂഹിക, സാമ്പത്തിക ഘടകങ്ങൾക്കനുസരിച്ച് അർഹരായവരെ ഉൾപ്പെടുത്തികൊണ്ട് റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(സി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളെ കണ്ടെത്തുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്നും അതുമൂലം എത്ര റേഷൻകാർഡുകൾ തരംമാറ്റി നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കാർഡുകൾ തരംമാറ്റുന്നതിന് അവസരം ലഭിക്കാതിരുന്നവർക്ക് വീണ്ടും അവസരമൊരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## അവശ്യ സാധനങ്ങളുടെ ലഭ്യതക്കുറവും വിലക്കയറ്റവും

313 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലും റേഷൻ കടകളിലും സാധനങ്ങളുടെ ലഭ്യതക്കുറവും വിലക്കയറ്റവും മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സാധനങ്ങളുടെ ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വെളിച്ചെണ്ണയുടെ ലഭ്യതക്കുറവും വിലക്കയറ്റവും മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## അവശ്യ സാധനങ്ങളുടെ വില നിയന്ത്രണം

314 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഓണ വിപണിയിൽ വില നിയന്ത്രിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ യഥേഷ്ടം ലഭ്യമാക്കുന്നതിനും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളെ ഏതെല്ലാം തരത്തിൽ പ്രയോജനപ്പെടുത്തിയെന്ന് വിശദമാക്കാമോ?

## നിത്യോപയോഗസാധനങ്ങളുടെ വില

315 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ പൊതുമാർക്കറ്റിൽ ലഭ്യമാക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## വിലക്കയറ്റം തടയാൻ സപ്ലൈകോ സ്വീകരിച്ച നടപടികൾ

316 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കയറ്റം ഫലപ്രദമായി തടയാൻ സപ്ലൈകോ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് എന്തൊക്കെ ഗുണഫലമാണ് ഉപഭോക്താക്കൾക്ക് ലഭ്യമായതെന്നും ഈ ഓണക്കാലത്ത് നാളിതുവരെ എത്ര രൂപയുടെ വിറ്റുവരവാണ് ലഭ്യമായതെന്നും വിശദമാക്കാമോ;

(സി) മഞ്ഞക്കാർഡ് വിഭാഗത്തിനും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നൽകുന്ന ഓണക്കിറ്റിന്റെ വിതരണം സമ്പൂർണ്ണമാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ എത്ര സപ്ലൈകോ ഗിഫ്റ്റ് കാർഡുകളാണ് വിറ്റഴിച്ചതെന്നും ജനങ്ങൾക്ക് ഏറെ ആശ്വാസകരമായ ഈ പദ്ധതി തുടരുന്നത് പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ?

## വിലക്കയറ്റം തടയുന്നനതിനുള്ള നടപടികൾ

317 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും കുറഞ്ഞവിലക്ക് പൊതുജനങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) നെല്ല് സംഭരണം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര രൂപയാണ് വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതമായി കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ളതെന്ന് അറിയിക്കുമോ?

## ഭക്ഷ്യ ക്ഷാമം ഇല്ലാതാക്കുന്നതിനും, വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സ്വീകരിച്ച നടപടികൾ

318 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഭക്ഷ്യ ക്ഷാമം ഇല്ലാതാക്കുന്നതിനും, വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പൊതുവിതരണ വകുപ്പിന് കഴിഞ്ഞ 5 വർഷത്തിൽ ലഭിച്ച തനതു വരുമാനം ഏതൊക്കെ ഇനത്തിലാണെന്നും, ഓരോ ഇനത്തിലും ഓരോ വർഷവും ലഭിച്ച വരുമാനം എത്രയാണെന്നും അറിയിക്കാമോ ?

## വെളിച്ചെണ്ണയുടെ ഗുണമേന്മ സംബന്ധിച്ച ആശങ്ക

319 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ബ്രാൻഡുകളിലായി വിതരണം ചെയ്യുന്ന വെളിച്ചെണ്ണയുടെ ഗുണമേന്മ സംബന്ധിച്ച് വ്യാപകമായ ആശങ്ക നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പ് നടത്തിയ പരിശോധനയിൽ മായം ചേർത്തതായി കണ്ടെത്തിയ ബ്രാൻഡുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) ഈ വിഷയത്തിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് വകയിരുത്തിയ തുക

320 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിപണി ഇടപെടലിനായി ഓരോ സാമ്പത്തിക വർഷവും സപ്ലൈകോയ്ക്ക് വകയിരുത്തിയ തുക എത്രയാണ്; അനുവദിച്ച നൽകിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം ഇനം തിരിച്ച വ്യക്തമാക്കുമോ;

(ബി) ഓണവുമായി ബന്ധപ്പെട്ട വിപണി ഇടപെടലിനായി സപ്ലൈകോ ഈ വർഷം സർക്കാരിനോട് ആവശ്യപ്പെട്ട തുക എത്രയാണ്; എത്ര തുകയാണ് അനുവദിച്ച നൽകിയത്; എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചത്; സർക്കാരിനോട് തുക ആവശ്യപ്പെട്ട് സപ്ലൈകോ നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സപ്ലൈകോയ്ക്ക് നൽകേണ്ട കുടിശ്ശിക

321 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും എത്ര തുക വീതം നൽകാനുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടും കേന്ദ്ര സർക്കാർ നൽകാത്ത തുക എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

## ഓണക്കാലത്തെ വിലക്കയറ്റ നിയന്ത്രണം

322 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വകുപ്പ് നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി എത്ര രൂപയുടെ സാധനങ്ങൾ വിറ്റഴിച്ചുവെന്ന് വിശദമാക്കാമോ; മുൻ വർഷത്തേക്കാൾ വിൽപ്പനയിൽ ഉണ്ടായ വർദ്ധനവ്

വ്യക്തമാക്കാമോ?

## സപ്ലൈകോയിൽ ശമ്പള പരിഷ്കരണം

323 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള കമ്മീഷൻ ഉത്തരവ് പ്രകാരം സപ്ലൈകോയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്ന് മുതലാണെന്ന് അറിയിക്കാമോ; 2019 മുതലുള്ള കുടിശ്ശിക വിതരണം ചെയ്യാൻ എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(ബി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് എന്ന് മുതലാണെന്ന് അറിയിക്കുമോ;

(സി) ജീവനക്കാർക്ക് കുടിശ്ശിക അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും, ആയതിലേയ്ക്ക് എത്ര തുക സപ്ലൈകോ ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടി വരുമെന്നും വ്യക്തമാക്കുമോ;

(ഡി) സപ്ലൈക്കോയിലെ തനത് ജീവനക്കാർക്ക് ശമ്പള പരിഷ്കരണ തുക അനുവദിക്കാൻ മാനേജ്മെന്റ് അപേക്ഷ നൽകുകയോ സർക്കാർ എന്തെങ്കിലും നപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; പ്രസ്തുത വിഷയത്തിലെ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ഇ) 2014-ന് ശേഷം പി.എസ്.സി. വഴി സപ്ലൈകോയിൽ നിയമനം ലഭിച്ച ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ പദ്ധതി നിലവിലുണ്ടോ; ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

## സപ്ലൈകോയ്ക്ക് വകയിരുത്തിയ തുക

324 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സപ്ലൈകോയ്ക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോയ്ക്ക് നിലവിൽ നൽകാനുള്ള ആകെ കുടിശ്ശിക എത്രയാണ്; ഏതൊക്കെ ഇനത്തിലാണ് കുടിശ്ശിക നൽകാനുള്ളത്; ഓരോ ഇനത്തിലും നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ?

## 2025 ലെ ഓണക്കാലത്തെ സപ്ലൈകോയുടെ വിറ്റുവരവ്

325 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഓണക്കാലത്ത് വിലക്കയറ്റ നിയന്ത്രണം ലക്ഷ്യമിട്ട് ഭക്ഷ്യപൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സപ്ലൈകോയുടെ 2025 ലെ ഓണം വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സപ്ലൈകോയുടെ വിപണി ഇടപെടലിലൂടെ 2025 ലെ ഓണക്കാലത്ത് ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുള്ള ലാഭം കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## സപ്ലൈകോ ഓണം വിപണി

326 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ എത്ര ഓണം വിപണികൾ പ്രവർത്തനമാരംഭിച്ചിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓണം വിപണിയിലൂടെ എത്ര തുകയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## അവശ്യസാധനങ്ങളുടെ വില നിലവാരം

327 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈകോ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ 2016 ലെ വിലനിലവാരം എത്രയായിരുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തെ സപ്ലൈകോ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വില നിലവാരം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സപ്ലൈകോ കുടിശ്ശിക

328 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ അവശ്യസാധനങ്ങൾ സംഭരിച്ച വകയിൽ കമ്പനികൾക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോ നൽകാനുള്ള ആകെ കുടിശ്ശിക ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പുല്ലുപാറയിലെ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണം

329 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സിവിൽ സപ്ലൈസ് ഉപഭോക്തൃകാര്യ വകുപ്പിലെ പൊതു സ്ഥലമാറ്റം

330 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് ഉപഭോക്തൃകാര്യ വകുപ്പിൽ പൊതു സ്ഥലമാറ്റത്തിന്റെ നടപടിക്രമങ്ങൾ തസ്തിക തിരിച്ച് എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ വർഷം പൊതു സ്ഥലമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവയുടെ കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വകുപ്പിലെ സ്ഥലമാറ്റം സ്പാർക്ക് മുഖേനയാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഏത് സോഫ്റ്റ് വെയറുകളാണ് ഇതിനായി ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## നെല്ല് സംഭരണ തുക

331 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം വിള (മാർച്ച് മാസം) നെല്ല് സംഭരണ തുക ഇനിയും കർഷകർക്ക് പൂർണമായും കൊടുത്ത് തീർക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; സംഭരണ തുക യഥാസമയം ലഭിക്കാത്തതിനാൽ ഈ വർഷത്തെ ഒന്നാംവിള ഇറക്കാതെ കർഷകർ വിട്ട് നിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) നെല്ലിന്റെ താങ്ങ് വില വർധിപ്പിക്കുമെന്ന പ്രഖ്യാപനങ്ങൾ പലഘട്ടങ്ങളിൽ പറഞ്ഞെങ്കിലും ഇപ്പോഴും കിലോഗ്രാമിന് 28.20 രൂപ മാത്രമാണ് കർഷകർക്ക് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ നിരക്ക് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ; നിരക്ക് വർധന പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി നൽകുന്നതിന് നടപടി

332 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്രസർക്കാർ അനുവദിക്കേണ്ട തുക എത്രയാണെന്നും നിലവിൽ എത്രകോടി രൂപയുടെ കുടിശ്ശികയാണ് കേന്ദ്രം നൽകാനുള്ളതെന്നും വിശദമാക്കുമോ?

## നെല്ല് സംഭരണം

333 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്തെ എത്ര കർഷകരിൽ നിന്നും എത്ര മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് സീസൺ

അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് എത്ര രൂപ കൊടുത്ത് തീർത്തിട്ടുണ്ടെന്നും ഇനി എത്ര കൊടുക്കാനുണ്ടെന്നും കേന്ദ്ര സർക്കാരിൽ നിന്ന് നെല്ല് സംഭരിച്ച വകയിൽ എത്ര രൂപ ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ?

## പാചക വാതക സിലിണ്ടറുകളുടെ അനധികൃത ഉപയോഗം

334 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതക സിലിണ്ടറുകൾ വാണിജ്യ ആവശ്യത്തിന് അനധികൃതമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) പാചകവാതക സിലിണ്ടറുകളുടെ സംഭരണ കേന്ദ്രങ്ങൾ പലതും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കാമോ?

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഭക്ഷ്യവകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ

335 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഭക്ഷ്യവകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, അവയുടെ പുരോഗതി എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ഭക്ഷ്യപൊതുവിതരണ വകുപ്പിൽ വാഹനങ്ങളുടെ കുറവ്

336 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യപൊതുവിതരണ വകുപ്പിൽ ജില്ലാ-താലൂക്ക് തല ഓഫീസുകളിൽ എത്ര വാഹനങ്ങളുടെ കുറവുണ്ടെന്നും പ്രസ്തുത കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## ഉദുമ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

337 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉദുമ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതു വിതരണ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പേരും അനുവദിച്ച തുകയും നിലവിലത്തെ സ്ഥിതിയും വ്യക്തമാക്കാമോ?

<u>ഡിസ്കൗണ്ട് സെയിലുകൾ എന്ന പേരിൽ ഉപഭോക്താക്കളെ കബളിപ്പിക്കുന്നത് തടയാൻ നടപടി</u>

338 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ മാധ്യമങ്ങളിൽ ഉൾപ്പെടെ പരസ്യം ചെയ്ത് ഡിസ്കൗണ്ട് സെയിലുകൾ നടത്തുന്നതായി പ്രഖ്യാപിക്കുകയും എന്നാൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഈ ആനുകൂല്യം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താക്കളെ ആകർഷിച്ച് വ്യാപാരസ്ഥാപനങ്ങളിൽ എത്തിക്കുകയും എന്നാൽ പ്രഖ്യാപിച്ച തരത്തിലുള്ള വിലക്കുറവിൽ സാധനങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന ഇത്തരത്തിലുള്ള കബളിപ്പിക്കലിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഉപഭോക്തൃ കോടതികൾ വഴിയല്ലാതെ സർക്കാരിന് നേരിട്ട് ഏതെല്ലാം തരത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നുണ്ടെന്ന് വിശദമാക്കാമോ; നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പരിമിതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ കഴിഞ്ഞ ഒരു വർഷം ലഭിച്ച പരാതികളിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലെ നിയമനം</u>

339 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾ 2018 പ്രകാരം കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലേക്കുള്ള നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലെ നിയമനത്തിൽ കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾ 2018 ലെ ചട്ടം 3, 4 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; ഇല്ലെങ്കിൽ അത് പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## ഷോർണ്ണൂർ മണ്ഡലത്തിൽ ലീഗൽ മെട്രോളജി വിഭാഗം നടത്തിയ പരിശോധനകൾ

340 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഷൊർണൂർ മണ്ഡലത്തിൽ ലീഗൽ മെട്രോളജി വിഭാഗം നടത്തിയ പരിശോധനകൾ എത്രയാണെന്ന് വിശദമാക്കാമോ; ആയതിൽ എത്ര നിയമ ലംഘനങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര തുക പിഴ ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഓണം, വിഷു, റമദാൻ പോലുള്ള ഉത്സവ കാലത്ത് ഷൊർണൂരിൽ നടത്തിയ പ്രത്യേക പരിശോധന ഡ്രൈവുകളിൽ എത്ര വ്യാപാരികൾക്കെതിരെയാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## ലഹരി വസ്തുക്കളുടെ വ്യാപനം

341 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർഥികൾക്കിടയിൽ ഉൾപ്പെടെ കടന്നുകയറിയ ലഹരി വ്യാപനത്തെ പ്രതിരോധിക്കാൻ ഉപരിപ്ലവമായ നടപടികൾ മാത്രം മതിയാകില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രാദേശിക തലങ്ങളിലുള്ള ജാഗ്രതാ സമിതികളുടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് മയക്കമരുന്നുപയോഗത്തിന്റെയും അതുമൂലമുള്ള കുറ്റകൃത്യങ്ങളുടെയും തോത് വർദ്ധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയതായി എത്തുന്ന കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ നാർകോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈക്കോതെറാപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## ഓൺലൈൻ മദ്യവിൽപ്പന

342 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീവറേജുകൾ വഴി ഓൺലൈൻ മദ്യവിൽപ്പന ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) 2016 മുതൽ 2025 വരെയുള്ള കാലയളവിൽ അത്തം മുതൽ തിരുവോണം വരെയുള്ള ദിവസങ്ങളിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ബീവറേജുകൾ വഴി കേരളത്തിൽ നടത്തിയ മദ്യ വിൽപ്പനയുടെ കണക്ക് ജില്ല, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(സി) 2016 ഏപ്രിൽ 1 മുതൽ 2025 ഓഗസ്റ്റ് 31 വരെ കേരളത്തിൽ ആരംഭിച്ച ബീവറേജ് ഔട്ട് ലെറ്റുകളുടെയും, ബാറുകളുടെയും വർഷം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## മാവേലിക്കര എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം

343 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിന് ഒരു വാഹനം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

344 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം മണ്ഡലത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## വിദ്യാലയങ്ങളിലെ ലഹരി മാഫിയക്കെതിരെയുള്ള ചെറുത്ത് നിൽപ്പ്

345 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ സംഘങ്ങളെ ചെറുക്കുന്നതിനും ലഹരി വിമുക്തമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്കൂളുകളിലും, കോളജ് ക്യാംപസുകളിലും ലഹരി വസ്തുക്കൾ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആയതിന്റെ വിശദാംശം വർഷം, ജില്ല എന്നിവ തിരിച്ച് നൽകാമോ?

## ബിവറേജസ് കോർപ്പറേഷൻ മുഖേനയുള്ള മദ്യ വില്പന കുറയ്ക്കാൻ നടപടി

346 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യത്തിനെതിരെയുള്ള പ്രചാരണ പരിപാടികൾ ശക്തമാക്കിയിട്ടും ബിവറേജസ് കോർപ്പറേഷൻ മുഖേനയുള്ള മദ്യത്തിന്റെ വിറ്റുവരവ് വർദ്ധിച്ചുവരുന്നത്

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മുതൽ നാളിതുവരെ ബിവറേജസ് കോർപ്പറേഷൻ മുഖേനയുള്ള മദ്യത്തിന്റെ വിറ്റുവരവ് എത്രയാണെന്നതിന്റെ വിവരം പ്രതിവർഷാടിസ്ഥാനത്തിൽ നൽകാമോ;

(സി) വർഷം തോറും മദ്യ വില്പന ഉയർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബിവറേജസ് കോർപ്പറേഷൻ മുഖേന നടക്കുന്ന മദ്യവിൽപ്പന കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

## <u>കാട്ടാക്കടയിലെ എക്സൈസ് ഓഫീസ് നിർമ്മാണം സംബന്ധിച്ച്</u>

347 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ എക്സൈസ് ഓഫീസ് നിർമ്മാണത്തിനായുള്ള ഭൂമി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; അടിയന്തര നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

## <u>ലഹരി മരുന്ന് ഉപയോഗവും വ്യാപാരവും</u>

348 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് ലഹരി മരുന്ന് ഉപയോഗവും വ്യാപാരവും സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) വിദ്യാർത്ഥികൾ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>ലഹരിക്കടത്ത്</u>

349 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ഓണക്കാലത്ത് സംസ്ഥാനത്തേയ്ക്കുള്ള ലഹരികടത്ത് തടയുന്നതിനായി എക്സൈസും പോലീസും സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായിരുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) വിമാനത്താവളം, റെയിൽവേ, ചെക്ക്പോസ്റ്റുകൾ എന്നിവ വഴി ഇതര സംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് കടത്തികൊണ്ടു വരുന്ന ലഹരി വസ്തുക്കൾ

കണ്ടെത്തുന്നതിനും തടയുന്നതിനുമായി സർക്കാർ നടത്തി വരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) എം. ഡി. എം. എ. പോലെയുള്ള സിന്തെറ്റിക്ക് ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലഹരിക്കടത്തും കച്ചവടവും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) രാസലഹരിയുടെയും മറ്റും ഉപയോഗം വ്യക്തിയിലും സമൂഹത്തിലും ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദീകരിക്കാമോ?

## മയക്കമരുന്ന് വ്യാപനവും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും

350 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കമരുന്ന് വ്യാപനവും അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും വർധിച്ചുവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, മയക്കമരുന്ന് വ്യാപനം തടയുന്നതിനും യുവജനങ്ങളെ ഇതിൽ നിന്ന് അകറ്റുന്നതിനുമായി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം;

(സി) മയക്കമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ചെറുക്കുന്നതിനായി എക്സൈസ് വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായി നടത്തുന്ന പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്

351 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലാത്ത താലൂക്കുകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം താലൂക്കുകളിലാണ് എക്സൈസ് റെയിഞ്ച് ഓഫീസുകൾ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസിനും സർക്കിൾ ഓഫീസിനും വേണ്ടി ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

352 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 20.01.2025 തീയതിയിലെ സ.ഉ. (കൈ) നം14/2025/L.S.G.D നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള ചേലക്കര മണ്ഡലത്തിലെ തിരുവില്ല്വാമല, പഴയന്നൂർ, കൊണ്ടാഴി, ചേലക്കര, മുള്ളൂർക്കര, പാഞ്ഞാൾ, വള്ളത്തോൾനഗർ, ദേശമംഗലം, വരവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ ഏതെല്ലാമാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം റോഡുകളുടെ പ്രവൃത്തി ഇനി ആരംഭിക്കുവാനുണ്ടെന്നും ഇതിനുള്ള കാല താമസമെന്താണെന്നുമുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ വ്യക്തമാക്കാമോ?

## ടേക്ക് എ ബ്രേക്ക് പദ്ധതി

353 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്;

(ബി) സമീപത്തുള്ള പ്രസ്തുത കേന്ദ്രം കണ്ടെത്തുന്നതിന് യാത്രക്കാർക്ക് സഹായകരമായ മൊബൈൽ ആപ്ലിക്കേഷനുകൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഇലക്ട്രോണിക് മാലിന്യം പണം നൽകി ശേഖരിക്കുന്ന പദ്ധതി

354 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രോണിക് മാലിന്യം പണം നൽകി ശേഖരിക്കുന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം മാലിന്യങ്ങളാണ് ഇത്തരത്തിൽ ശേഖരിക്കുന്നത്; ഇതു സംബന്ധിച്ച് പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ശേഖരിക്കുന്ന മാലിന്യങ്ങൾ എന്താണ് ചെയ്യുന്നത്; വിശദമാക്കാമോ;

(ബി) എന്നു മുതലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്; ശേഖരിക്കുന്ന മാലിന്യത്തിന് പണം നൽകുന്നതിന് എന്തു നടപടികളാണ് ഇതു വരെ സ്വീകരിച്ചത്; ഇതു വരെ എത്ര പേർക്ക് എത്ര തുക ഇങ്ങനെ പണമായി നൽകിയിട്ടുണ്ട്; ഇതിന്റെ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ എത്ര അളവിലാണ് പുനഃചംക്രമണവും സംസ്കരണവും സംസ്ഥാനത്ത് നടന്നത്; ഇതിന്റെ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പുനഃചംക്രമണം സാധിക്കാത്ത മാലിന്യങ്ങൾ മുഴുവൻ ഇതര സംസ്ഥാനങ്ങളിലെ സിമന്റ് ഫാക്ടറികളിലേക്കു കൊണ്ടുപോകുകയാണോ; ഇതിന്റെ കഴിഞ്ഞ 5 വർഷത്തെ അളവ് ലഭ്യമാക്കുമോ; ഈ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ഫാക്ടറികൾക്ക് പണം നൽകുന്നുണ്ടോ; എത്ര തുകയാണ് നൽകുന്നത്; ഏതെല്ലാം

സംസ്ഥാനങ്ങളിലായി എത്ര ഫാക്ടറികളിലേക്കാണ് ഇപ്രകാരം മാലിന്യങ്ങൾ കൊണ്ടുപോകുന്നതെന്ന് വിശദമാക്കാമോ;

(ഇ) ഇങ്ങനെ മാലിന്യങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളുടെ കരാർ സംബന്ധിച്ച വ്യവസ്ഥകൾ എന്താണ്; എത്ര കരാറുകാരാണ് ഉള്ളത്; ഈ വാഹനങ്ങൾ നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനമാണുള്ളത്; ഗതാഗതച്ചെലവ് വഹിക്കുന്നത് ആരാണ്; വിശദാംശം ലഭ്യമാക്കാമോ?

**<u>തളിപ്പറമ്പ് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>**

355 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ റോഡുകളുടെ വികസനത്തിനായി തദ്ദേശ സ്ഥാപനങ്ങൾ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആകെ എത്ര കിലോമീറ്റർ റോഡ് നവീകരിച്ചിട്ടുണ്ട്; തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വിവരം നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ ഓരോ തദ്ദേശ സ്ഥാപനവും ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; സ്കൂൾ അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ-പശ്ചാത്തല സൗകര്യ വികസനത്തിനായി ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ ഓരോ തദ്ദേശ സ്ഥാപനവും ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ?

**<u>കെട്ടിട രജിസ്റ്റർ സോഫ്റ്റ്വെയറിൽ നികുതി ഇളവുള്ള കെട്ടിടങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി</u>**

356 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി അടയ്ക്കുന്ന കെട്ടിടങ്ങളെ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട രജിസ്റ്റർ സോഫ്റ്റ് വെയറിലേക്ക് മാറ്റിയത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ കെട്ടിടങ്ങൾ, മദ്രസ്സ കെട്ടിടങ്ങൾ, വായനശാലകൾ, ആരാധനാലയങ്ങൾ, ഓഫർനേജ് കെട്ടിടങ്ങൾ തുടങ്ങി നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ ഇപ്പോൾ കെട്ടിട രജിസ്റ്ററിൽ ഇല്ല എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾ ഉൾപ്പടെയുള്ളവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് വഴി കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

357 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## നെന്മാറ മണ്ഡലത്തിലെ പദ്ധതികൾ

358 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ തദ്ദേശ വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിന് നടപടി

359 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലും മാറാക്കര, പൊന്മള, എടയൂർ, കുറ്റിപ്പുറം, ഇരിമ്പിളിയം എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സെക്രട്ടറി, ക്ലർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് I, ഓവർസീയർ ഗ്രേഡ് II, ഓവർസീയർ ഗ്രേഡ് III തുടങ്ങിയ തസ്തികകളിലേക്ക് അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണവും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണവും തസ്തിക തിരിച്ച വിശദമാക്കുമോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വികസന പ്രവർത്തനങ്ങളും പൊതുജന സേവനങ്ങളും വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) കോട്ടക്കൽ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ സെക്രട്ടറിയുടെയും സാങ്കേതിക വിഭാഗം ജീവനക്കാരുടെയും തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

ഒഴിവുകൾ നികത്തുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പാക്വോയി പാലം നിർമ്മാണം</u>**

360 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ പാക്വോയി പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പാലത്തിന്റെ അപ്രോച്ച് റോഡു പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>**

361 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വകുപ്പിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/അസി.ഡെപ്യൂട്ടി ഡയറക്ടർ, ഇന്റേണൽ വിജിലൻസ് ഓഫീസർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്, അസി.സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നീ വിഭാഗത്തിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം തസ്തിക തിരിച്ച് നൽകുമോ;

(ബി) 2026 മെയ് മാസം 31 വരെ മേൽ വിഭാഗത്തിൽപെട്ട ജീവനക്കാരിൽ എത്ര പേർ വിരമിക്കുന്നു എന്നതിന്റെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ ഘടനയിൽ വന്നിട്ടുള്ള മാറ്റത്തിനും വർദ്ധിച്ച ജോലിഭാരത്തിനും പുതിയ ചുമതലകൾക്കും അനുസൃതമായി ഗ്രാമപഞ്ചായത്ത് വകുപ്പിൽ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിച്ച് തസ്തികകൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാറിന്റെ പരിഗണനയിലുണ്ടോ; നിലവിൽ അസി.സെക്രട്ടറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിൽ എന്താണ് തടസ്സമെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്നും അറിയിക്കാമോ;

(ഡി) ഏകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസ് നിലവിൽ വന്നതിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സർവ്വീസ് ഡെലിവറിയിൽ എന്ത് പ്രകടമായ മാറ്റമാണ് കൊണ്ടുവരാൻ സാധിച്ചതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് എന്ത് ഗുണമാണ് ലഭിക്കുന്നതെന്നും അറിയിക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ</u>**

362 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലായി അനുവദിച്ച റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി

വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പ്രശ്നങ്ങൾ

363 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിച്ചിരുന്നോ; എങ്കിൽ ഈ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടോ;ഇതിൽ ഉൾപ്പെടുത്തിയ ശിപാർശകൾ എന്തെല്ലാം ; ഇവയിൽ സർക്കാർ ഇതിനോടകം നടപ്പിലാക്കിയവ എന്തെല്ലാം ; അറിയിക്കുമോ;

(ബി) ഗ്രാമവികസന വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തിക വകുപ്പ് സംയോജനത്തിന്റെ ഭാഗമായി തരംതാഴ്ത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സ്പെഷ്യൽ റൂൾസ് 12(2)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് വിലയിരുത്തലുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഗ്രാമവികസന വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയെ വീണ്ടും പ്രൊമോഷൻ തസ്തികയായി പുനഃസ്ഥാപിക്കണമെന്ന് ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## ഡിജിറ്റൽ സാക്ഷരതാ പദ്ധതി

364 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി എത്ര ആളുകൾക്കാണ് ഡിജിറ്റൽ സാക്ഷരത കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്;

(ബി) ഏതു പ്രായത്തിലുള്ള ആളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സാക്ഷരത കൈവരിക്കാൻ പ്രാപ്തരാക്കിയിട്ടുള്ളത്;

(സി) എത്ര ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കിയത്; ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരത കൈവരിക്കുവാൻ സന്നദ്ധ സേവനം നടത്തിയിട്ടുള്ള ഏജൻസികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

## ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

365 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ തദ്ദേശ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ലൈഫ് പദ്ധതി

366 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ നാളിതുവരെയായി എത്ര ഭവനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം എത്ര ഭവനങ്ങൾ പൂർത്തിയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എത്ര വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>വീടുകളിലെ ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതി</u>

367 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീടുകളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) പാലാ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; ടി പദ്ധതി ടി മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ഡിജി കേരള പദ്ധതി</u>

368 **ശ്രീ. പി.പി. സുമോദ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) പഠിതാക്കളെ കണ്ടെത്തുന്നതിനും പരിശീലനങ്ങൾ നൽകുന്നതിനും ഏതെല്ലാം ഏജൻസികളുടെ ഏകോപനവും സഹകരണവും ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സാക്ഷരതയെന്നാൽ എഴുത്തും വായനയും മാത്രമല്ല ഇന്റർനെറ്റ് അധിഷ്ഠിത ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗവും കൂടിയാണെന്ന് ലോകത്തിന് മാതൃക കാണിക്കാൻ ഡിജി കേരള പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

## <u>കടുത്തുരുത്തി ഗവ:പോളിടെക്നിക്കിന്റെ പഞ്ചായത്ത് വക സ്ഥലം കൈമാറൽ</u>

369 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 21/06/2024-ലെ എൽ.എസ്.ജി.ഡി. ആർ.ഇ1/13/2024/ത.സ്വ.ഭ.വ. നമ്പർ കത്തിൽ ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് കട്ടുത്തുരുത്തി ഗ്രാമപഞ്ചായത്തും ബന്ധപ്പെട്ട ജില്ലാ, സംസ്ഥാന ഡയറക്ടർമാരും ഇതുവരെ മറുപടി നൽകാതിരുന്നതിനുള്ള കാരണം വിശദമാക്കുമോ ; മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി നൽകുമോ;

(ബി) പോളിടെക്നിക്കിന് മുൻപ് വിട്ടുകൊടുത്ത ഭൂമിയുടെ സർവ്വേ നമ്പറും ഇപ്പോൾ കൈമാറ്റത്തിനായി പരിഗണിക്കുന്ന ഭൂമിയുടെ സർവ്വേ നമ്പറും രേഖകൾ പ്രകാരം വ്യത്യസ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഈ വൈരുദ്ധ്യം സംബന്ധിച്ച് വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കാതിരുന്നതിന് കാരണം വ്യക്തമാക്കുമോ ;

(സി) 2017-ൽ ഭൂമി സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടും 8 വർഷമായി തീരുമാനത്തിലെത്താതെ പോകുന്നത് എന്തുകൊണ്ടാണെന്നും ഭരണപരമായ കാലതാമസത്തിനുള്ള ഉത്തരവാദിത്തം ആരുടേതാണെന്നും വിശദീകരിക്കുമോ ;

(ഡി) 19 ഏക്കർ 39.147 സെന്റ് ഭൂമിയിൽ നിന്ന് പോളിടെക്നിക്ക്, കേന്ദ്രീയ വിദ്യാലയം, ഫയർസ്റ്റേഷൻ, ഹോമിയോ ഡിസ്പെൻസറി, അങ്കണവാടി, ലൈഫ് മിഷൻ എന്നിവയ്ക്ക് ഭൂമി തരംതിരിക്കൽ നടത്തിയിട്ടും, ഓരോ സ്ഥാപനത്തിനും നൽകുന്ന വിസ്തീർണ്ണവും സ്ഥാനവും സംബന്ധിച്ച അന്തിമ തീരുമാനം വൈകിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പൊതുവഴിക്കായി മാറ്റി വച്ചിരിക്കുന്ന സ്ഥലത്തിന്റെ വീതി സംബന്ധിച്ച സർവ്വേ നടപടികൾ പൂർത്തിയായിട്ടും, റവന്യൂ വകുപ്പിന്റെ അന്തിമ റിപ്പോർട്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(എഫ്) വിവിധ വകുപ്പുകളിൽ നിന്നും (പഞ്ചായത്ത്, വില്ലേജ് ഓഫീസ്, കൃഷി വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ) ആവശ്യപ്പെട്ടിരുന്ന രേഖകളും സർട്ടിഫിക്കറ്റുകളും (ബി.റ്റി.ആർ. പകർപ്പ്, അനുയോജ്യത സാക്ഷ്യപത്രം, അർത്ഥനാപത്രം തുടങ്ങിയവ) ഇതുവരെ ലഭ്യമാക്കാത്തതിനാൽ സർക്കാരിന്റെ തീരുമാനം തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, തുടർ നടപടികൾ എപ്പോൾ പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ പി.എം.ജി. എസ്.വൈ പദ്ധതി

370 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ടതും പി.എം.ജി.എസ്. വൈ. പദ്ധതി പ്രകാരം നടപ്പിലാക്കുന്നതുമായ കുണ്ടുവംപാടം വടശേരി റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നവീകരണപ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

## വണ്ടൂർ നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

371 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

## ഉപയോഗത്തിലില്ലാത്ത വാണിജ്യ കെട്ടിടങ്ങളുടെ നികുതി പുന:പരിശോധിക്കാൻ നടപടി

372 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, വാണിജ്യാവശ്യങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെയോ ഉടമസ്ഥർ ഉപയോഗിക്കാതെയോ ഒഴിഞ്ഞു കിടക്കുന്ന അവസ്ഥയിലും മുഴുവൻ കെട്ടിട നികുതി ഈടാക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഉപയോഗത്തിൽ ഇല്ലാത്തതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ വാണിജ്യാവശ്യങ്ങൾക്ക് നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി പൂർണ്ണമായും ഒഴിവാക്കുന്നതിനോ കുറച്ച് നൽകുന്നതിനോ വേണ്ട നടപടി കൈക്കൊള്ളുമോ; ഈ വ്യവസ്ഥ പുന:പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## കെ-സ്മാർട്ട് ആപ് മുഖേനയുള്ള സേവനങ്ങൾ

373 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് ആപ്പിലൂടെ ലഭ്യമാവുന്ന സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) നിശ്ചിത കാലാവധിക്കുള്ളിൽ അപേക്ഷിക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകാൻ സാധിക്കാത്തവർക്ക് കെ-സ്മാർട്ട് മുഖേന പരിഹാര നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ; വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർക്ക് എതിരെയുള്ള ആരോപണങ്ങൾ

374 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ചുമതല വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടറെ കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിയിൽ (കെ.എസ്.ആർ.ആർ.ഡി.എ.) എംപവേർഡ് ഓഫീസറായി സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അഡീഷണൽ ഡയറക്ടർ തസ്തികയിൽ ടിയാൻ എത്ര വർഷം സേവനം അനുഷ്ഠിച്ചിരുന്നുവെന്നും ടിയാനെതിരെ എന്തൊക്കെ ആരോപണങ്ങളാണ് ഉണ്ടായിരുന്നതെന്നും ജീവനക്കാരുടെ സ്ഥലം മാറ്റത്തിലും മറ്റും ഇദ്ദേഹം അനുവർത്തിച്ച നയം ജീവനക്കാരെ ദ്രോഹിക്കുന്ന രീതിയിൽ ആയിരുന്നു എന്നുള്ളതുമായ ആരോപണങ്ങൾ പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) ആരോപണ വിധേയനായ ഇദ്ദേഹത്തെ എംപവേർഡ് ഓഫീസർ തസ്തികയിൽ നിന്നും വിജിലൻസ് വിഭാഗത്തിന്റെ ചുമതലക്കാരനായി മാറ്റി നിയമിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; സർക്കാർ ഈ നടപടി പുനഃപരിശോധിക്കുമോ;

(ഡി) മുൻ പഞ്ചായത്ത് വകുപ്പിൽ ഇദ്ദേഹം എത്ര വർഷം അഡീഷണൽ ഡയറക്ടർ കേഡറിൽ വിജിലൻസ് ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഇക്കാലളവിൽ മതിയായ കാരണമില്ലാതെ ടിയാൻ ജീവനക്കാരെ സസ്പെൻഡ് ചെയ്തതായും ഇൻക്രിമെന്റ് ബാർ ചെയ്തതായുമുള്ള സ്ഥിരം ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നുവോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എഫ്) നിരവധി വർഷം ഒരേ തസ്തികയിൽ ജോലി ചെയ്തിരുന്ന വ്യക്തിയെ സ്ഥലം മാറ്റിയിട്ട് വീണ്ടും അവിടെ തന്നെ നിയമിച്ച നടപടി സർക്കാർ പുനഃപരിശോധിക്കുമോ;

(ജി) സർക്കാർ സർവീസിലെ ഇദ്ദേഹത്തിന്റെ പ്രവർത്തന മികവ് എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ; വിശദവിവരം നൽകുമോ ?

## <u>ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സേവനങ്ങൾ</u>

375 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായതിനു ശേഷം പൊതുജനങ്ങൾക്ക് മുമ്പ് ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങൾ സുഗമമായി ലഭിക്കുന്നുണ്ട്; അവ ലിസ്റ്റ് ചെയ്യാമോ; ഏതൊക്ക സേവനങ്ങളുടെ ലഭ്യത വേഗത്തിലായിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമാവുന്നതിനു മുമ്പ് പൊതുജനങ്ങൾക്ക് ലഭിച്ചിരുന്ന ഏതൊക്കെ സേവനങ്ങൾക്കാണ് കാലതാമസമുണ്ടായിരുന്നത്; വിശദാംശം നൽകുമോ;

(സി) കെ-സ്മാർട്ട് സേവനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പരിപൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംയോജിപ്പിച്ച അഞ്ചു വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന സമയത്ത് പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിച്ചിരുന്ന ഏതൊക്കെ സേവനങ്ങളാണ് ഇപ്പോൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്നത്; വിശദാംശം നൽകുമോ;

(ഇ) വകുപ്പുകൾ സംയോജിപ്പിച്ചപ്പോൾ ഉണ്ടായിട്ടുള്ള പ്രായോഗിക പ്രശ്നങ്ങൾ മുഴുവനും പരിഹരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിൽ പി. എം ജി എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന റോഡുകൾ സംബന്ധിച്ച്</u>**

376 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിത് വരെ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നത്; റോഡുകളുടെ പേര്, തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(ബി) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് പുതിയതായി പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ?

**<u>ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിലെ വൈവിധ്യവൽക്കരണം</u>**

377 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ വരുത്തിയിട്ടുള്ള വൈവിധ്യവൽക്കരണം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഹരിതകർമ്മസേന മുഖേന സ്വീകരിക്കുന്ന തുക എന്തെല്ലാം സേവനങ്ങൾ നൽകാനാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഹരിതകർമ്മസേന മുഖേന ശേഖരിച്ച യൂസർ ഫീ എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) ശേഖരിച്ച മാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

**<u>കയ്പമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

378 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കെട്ടിടം പണിയുന്നതിന് 2021 -22 സാമ്പത്തിക വർഷത്തിൽ 20% തുക വകയിരുത്തി രണ്ട് കോടി രൂപയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിനെ ഉത്തരവാദിത്തപ്പെടുത്തി സാമ്പത്തിക അനുമതി ലഭിച്ചെങ്കിലും ഇതുവരെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കെട്ടിടം പണിയുന്നതിന് എന്തെല്ലാം നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) തീരദേശ നിയന്ത്രണ മേഖലയിൽ (CRZ) 300 സ്ക്വയർ മീറ്റർ വരെ അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ടെങ്കിലും പെർമിറ്റ് ലഭിച്ച് വീടുപണി പൂർത്തീകരിച്ച കഴിഞ്ഞ് ഉണ്ടാകുന്ന വ്യത്യാസം മൂലം വീണ്ടും തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയോടുകൂടി മാത്രമേ വീട്ടുനമ്പർ ലഭിക്കുകയുള്ളൂ എന്നതുകാരണം ജനങ്ങൾ കഷ്ടപ്പെടുന്നുണ്ടെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

## <u>തെരുവുനായ ശല്യം</u>

379 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ ശല്യം കേരളത്തിലെ സാമൂഹ്യ ജീവിതത്തെ സാരമായി ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് തദ്ദേശ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കുമോ?

## <u>അഴിക്കോട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് പദ്ധതികൾ</u>

380 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പഞ്ചായത്ത് തിരിച്ച് മേൽ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

## <u>ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുന്നത്</u>

381 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിലും മറ്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ;

(ബി) പല ആരോഗ്യ സ്ഥാപനങ്ങളും ജനോപകാരപ്രദമായ രീതിയിലും മികച്ച സേവനങ്ങളോടെയും പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കുലർ തടസ്സമായിട്ടുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ പൊതുതാത്പര്യത്തിന് വിരുദ്ധമായ പ്രസ്തുത സർക്കുലറിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ സന്നദ്ധമാകുമോ?

## വളാഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണം

382 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ 10 സെന്റ് സ്ഥലം ലഭ്യമാക്കണമെന്ന വിഷയത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിൽ നിലവിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് റവന്യൂ, നിയമ വകുപ്പുകളിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ഭൂമി കൈമാറുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## ആധുനിക വാതക ശ്മശാനങ്ങളുടെ നിർമാണം സംബന്ധിച്ച്

383 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക വാതക ശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കുന്നതിനും, പരിപാലനം നടത്തുന്നതിനും ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുള്ള സേവന ദാതാക്കളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ആധുനിക വാതക ശ്മശാനം നിർമ്മിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

384 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ, ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി എത്ര വീടുകളാണ് അനുവദിച്ചതെന്നും, ആയതിൽ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ, പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട എത്ര പേർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള വീടുകൾ ലഭിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## പാറശാല മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികൾ

385 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ഏതു ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പടെ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ 2025 മാർച്ച് മാസം വരെ എം.എൽ.എ. എ.ഡി.എസ്. & എസ്.ഡി.എഫ്. പദ്ധതികൾ മുഖേന അനുമതി ലഭ്യമായതിൽ ഇനിയും പൂർത്തിയാക്കാനുള്ളതും നടപ്പിലാക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കാമോ?

## LSGD സെക്രട്ടറി വിഭാഗത്തിൽ ഉൾപ്പെടുന്ന മൂന്നാംഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റുകൾ

386 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ എത്ര മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റുണ്ട്; തദ്ദേശ സ്വയംഭരണ സർവ്വീസിന്റെ സ്റ്റേറ്റ് റൂൾ പ്രകാരം LSGD സെക്രട്ടറിയിൽ ഉൾപ്പെടുന്ന മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ പോസ്റ്റിലെ 60% ഒഴിവുകൾ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന അസിസ്റ്റൻ്റ് സെക്രട്ടറി ഹയർ ഗ്രേഡിന് പ്രമോഷൻ നൽകി നികത്താമെന്നിരിക്കെ എത്ര പേർക്ക് ഇപ്രകാരം പ്രമോഷൻ നൽകിയിട്ടുണ്ട്; പൊതു സർവീസ് റൂൾ വന്ന് 2 വർഷം കഴിഞ്ഞിട്ടും ഇപ്രകാരം പ്രൊമോഷൻ നൽകിയില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പൊതു സർവ്വീസിൽ എങ്ങും പ്രതിപാദിച്ചിട്ടില്ലാത്ത പ്രൊവിഷണൽ സെക്രട്ടറിമാർ എങ്ങനെയാണ് പൊതുസർവ്വീസ് നിലവിൽ വന്ന് 2 വർഷം കഴിഞ്ഞിട്ടും മുനിസിപ്പൽ മൂന്നാം ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവിൽ തുടരുന്നത്; അർഹരായ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകി മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ 60% ഒഴിവുകൾ നികത്താതെ അനർഹരായ പ്രൊവിഷണൽ സെക്രട്ടറിമാരെ ടി ഒഴിവിൽ നാളിതുവരെ തുടരാൻ അനുവദിച്ചത് പൊതു സർവ്വീസിലെ ഏതെങ്കിലും നിയമപ്രകാരമാണോ; എങ്കിൽ ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ ഒഴിവിൽ എത്ര പ്രൊവിഷണൽ സെക്രട്ടറിമാർ ജോലി നോക്കുന്നു; സ്റ്റേറ്റ് സർവ്വീസിൽ പറഞ്ഞിരിക്കുന്ന പ്രകാരം മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിയുടെ 60% ഒഴിവിലേക്ക് സബോർഡിനേറ്റ് സർവ്വീസിലെ അസിസ്റ്റൻ്റ് സെക്രട്ടറി ഹയർഗ്രേഡ് ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ സ്റ്റേറ്റ് സർവ്വീസിലെ LSGD സെക്രട്ടറി വിഭാഗത്തിൽ ഉൾപ്പെടുന്ന മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ 60% ഒഴിവിലേക്ക് സബോർഡിനേറ്റ് സർവ്വീസിലെ ഹയർഗ്രേഡ് അസിസ്റ്റന്റ്

സെക്രട്ടറിമാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുമെന്ന വ്യവസ്ഥ നിലനിൽക്കെ ടി ഹയർ ഗ്രേഡ് അസിസ്റ്റന്റ് സെക്രട്ടറിമാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയത് തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ സ്റ്റേറ്റ് സർവ്വീസിലെ ഏത് വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരാണ്;

(ഇ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ഹയർഗ്രേഡ് അസിസ്റ്റന്റ് സെക്രട്ടറി കാറ്റഗറിയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് സ്റ്റേറ്റ് റൂളിൽ പറഞ്ഞിരിക്കുന്ന പ്രകാരം പ്രമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സ്റ്റേറ്റ് സർവ്വീസ് റൂളിൽ പറഞ്ഞിരിക്കുന്ന നിയമങ്ങളെല്ലാം തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട 5 വകുപ്പുകൾക്കും ബാധകമായിരിക്കേ മുനിസിപ്പൽ കോമൺ സർവ്വീസിലെ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ തസ്തികയായ മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിയുടെ തസ്തിക നൽകാത്തത് നിയമ വിരുദ്ധവും പൊതുസർവ്വീസ് നിയമങ്ങൾക്കും വിരുദ്ധമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിയുടെ 60% ഒഴിവിലേക്ക് പരിഗണിക്കാൻ സബോർഡിനേറ്റ് സർവ്വീസിലെ അസി. സെക്രട്ടറി ഹയർ ഗ്രേഡ് നിലനിൽക്കവേ ഏത് നിയമത്തിന്റെ പരിരക്ഷയാണ് പ്രൊവിഷണൽ സെക്രട്ടറിമാർക്ക് ലഭ്യമായതെന്ന് വിശദീകരിക്കുമോ;

(ജി) ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; നിലവിൽ ടി നഗരസഭകളിലെ അനുവദിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയാണ്?

## <u>കുടുംബശ്രീ പ്രവർത്തനങ്ങൾ</u>

387 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; സമൂഹത്തിന്റെ നാനാതുറകളിൽ കുടുംബശ്രീ മുഖേന സംഭവിച്ച ക്രിയാത്മകമായ മാറ്റങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കുടുംബശ്രീ മുഖേന ഹാപ്പിനെസ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ വ്യക്തമാക്കാമോ?

## <u>ചിറയിൻകീഴ് മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ</u>

388 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2024-25 പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ചിറയിൻകീഴ് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

**<u>ചിറയിൻകീഴ് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ</u>**

389 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളിൽ, മുൻ സർക്കാരിന്റെ കാലയളവിലും (2016-2021) നിലവിലെ സർക്കാരിന്റെ കാലയളവിലും നവീകരിച്ചതും നവീകരിക്കുന്നതിനായി തെരഞ്ഞെടുത്തതുമായ റോഡുകൾ ഏതെല്ലാം ; ഏത് പദ്ധതിയുടെ കീഴിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളത് ; അനുവദിച്ച തുക എത്ര; വിശദമാക്കാമോ?

**<u>ഹോട്ടലുകളുടെ പ്രവർത്തനങ്ങൾ സൗഹാർദ്ദപരമാക്കുന്നതിനുള്ള പദ്ധതികൾ</u>**

390 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് സ്വീകരിച്ച് പ്രവർത്തിക്കുന്ന ഹോട്ടലുകളുടെ പ്രവർത്തനങ്ങൾ സൗഹാർദ്ദപരമാക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഹോട്ടലുകൾ പരിശോധിക്കുന്ന അവസരങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ഡി) ഹോട്ടലുകൾ പി. സി. ബി. രജിസ്ട്രേഷന് സമീപിക്കുമ്പോൾ നാളിതുവരെ പ്രസ്തുത ലൈസൻസ് എടുക്കാത്ത ഹോട്ടലുകൾക്ക് അഞ്ചു വർഷത്തെ ഫീസ് ഉൾപ്പെടെ അടയ്ക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് പരിഗണിച്ച് ചട്ടത്തിൽ ഇളവ് വരുത്താൻ തയാറാകുമോ ; വിശദമാക്കുമോ ?

**<u>അതിദാരിദ്ര്യ കുടുംബങ്ങളെ സാധാരണ നിലയിലാക്കാൻ നടപടി</u>**

391 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ -

എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയമായി കണ്ടെത്തിയ അതിദാരിദ്യ പട്ടികയിലെ കുടുംബങ്ങളെ സാധാരണ നിലയിലാക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പട്ടികയിൽ നിന്ന് എത്ര കുടുംബങ്ങളെ അതിദാരിദ്യത്തിൽ നിന്ന് മോചിപ്പിച്ച് സാധാരണ നിലയിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

392 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയാണ് ഇവയ്ക്കായി അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡുകളിൽ ഏതൊക്കെ റോഡുകളുടെ പുനരുദ്ധാരണത്തിന് ടെൻഡർ നടപടികൾ സ്വീകരിക്കാനുണ്ടെന്നതും ടെൻഡർ നടപടികൾ വൈകുന്നതിന്റെ കാരണവും വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി കൈമാറ്റവും നടപടിക്രമങ്ങളും

393 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റുവകുപ്പുകളും തമ്മിൽ ഭൂമി പരസ്പരം കൈമാറ്റുന്നതിനു വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി കൈമാറ്റം സംബന്ധിച്ചുള്ള സേവന വകുപ്പുകളിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉത്തരവുകൾ ലഭ്യമാക്കാമോ?

## എംപവർമെന്റ് ഓഫീസർ തസ്തിക

394 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരെ ഏകീകരിച്ചതിനു ശേഷം വനിതാ ബി.ഡി.ഒ.മാർക്ക് ലഭിച്ചിരുന്ന ജില്ലാതല പ്രൊമോഷൻ തസ്തികകളായ ഡി.ഡബ്ല്യൂ.ഡബ്ല്യൂ.ഒ./എ.പി.ഒ. (ഡബ്ല്യൂ.ഡി.) തസ്തികകൾ എംപവർമെന്റ് ഓഫീസർ എന്ന പേരിൽ സീനിയർ ബി.ഡി.ഒ. റാങ്കിലേക്ക് തരംതാഴ്ത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഈ തസ്തികകളുടെ തരംതാഴ്ത്തൽ, പ്രത്യേക നിയമത്തിൽ (Special Rules) പറഞ്ഞിട്ടുള്ള ജീവനക്കാരുടെ അർഹമായ പ്രൊമോഷൻ അവസരങ്ങൾ

സംരക്ഷിക്കണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എംപവർമെന്റ് ഓഫീസർ തസ്തികയെ പ്രൊമോഷൻ തസ്തികയായി പുനഃസ്ഥാപിക്കണമെന്ന ഗ്രീവൻസ് കമ്മിറ്റി ശിപാർശ നടപ്പിലാക്കാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) എംപവർമെന്റ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണ്; ഇവ നികത്താൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ പദ്ധതികൾ

395 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 2024-25, 2025-26 (ഇതുവരെ) കാലയളവിൽ പദ്ധതിവിഹിതം, മെയിന്റനൻസ് ഗ്രാന്റ്, മറ്റ് ഫണ്ടുകൾ എന്നിവ അനുവദിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ വർഷം തിരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

396 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് വൈപ്പിൻ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികൾ ഏതെല്ലാം ; അവയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ?

## ലൈഫ് ഭവന പദ്ധതിയിലെ നിബന്ധനകളിൽ ഇളവ് വരുത്താൻ നടപടി

397 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബത്തിന് ലൈഫ് ഭവന പദ്ധതിയിൽ കിട്ടിയ വീടും അതുൾപ്പെടുന്ന സ്ഥലവും വിൽപ്പന നടത്തുന്നതിന് നിലവിൽ എന്തെല്ലാം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ലൈഫ് ഭവന പദ്ധതിയിൽ കിട്ടിയ വീട് നിൽക്കുന്ന സ്ഥലം അത്യാവശ്യ സാഹചര്യങ്ങളിൽ ഈട് വച്ച് ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിന് സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഏർപ്പെടുത്തിയ ഏത് നിബന്ധനപ്രകാരമാണ് ഇങ്ങനെ ലോൺ ലഭിക്കാത്തത്; വിശദമാക്കുമോ;

(സി) ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുവാൻ നൽകുന്ന തുക ഇന്നത്തെ സാഹചര്യത്തിൽ തികച്ചും അപര്യാപ്തമാണെന്നിരിക്കെ ആ വീടു വയ്ക്കുന്ന സ്ഥലം ബാങ്കിന് ഈടു നൽകി വായ്പ എടുത്ത് വീട് പണി പൂർത്തിയാക്കുന്നതിനുള്ള സാഹചര്യമെങ്കിലും ഉടമസ്ഥന് ലഭിക്കുന്ന തരത്തിൽ നിലവിലുള്ള സർക്കാർ നിബന്ധനകളിൽ ഇളവ് നൽകുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണം

398 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം വകയിരുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഈ പ്രവൃത്തിക്ക് എപ്പോൾ സാങ്കേതികാനുമതി നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ക്ലാസ് മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളുമാണ് നിർമിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

399 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; എത്ര റോഡുകളുടെ നിർമ്മാണത്തിന് കരാർ നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

400 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഇനി പൂർത്തീകരിക്കാൻ ശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

## നിലമ്പൂർ നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണം

401 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കളിൽ രണ്ടു ഗഡു മാത്രം ലഭിച്ച് വീടുപണി പാതിവഴിയിൽ നിൽക്കുന്ന എത്ര കുടുംബങ്ങളുണ്ട്; വ്യക്തമാക്കുമോ;

(ബി) വീട്ടുപണി തുടർന്നുകൊണ്ടുപോകുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇവർക്ക് അർഹമായ ഗഡു നൽകാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇവരുടെ അർഹമായ വിഹിതം എന്ന് കൊടുത്ത് തീർക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഉൾവനത്തിൽ താമസിക്കുന്ന ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി നിർമ്മാണസാമഗ്രികൾ എത്തിക്കുവാൻ അധിക ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇങ്ങനെ അധിക ചെലവ് വരുന്നതു കാരണം എത്ര ആദിവാസി കുടുംബങ്ങളുടെ വീടിന്റെ നിർമ്മാണമാണ് പാതിവഴിയിൽ നിലച്ച് പോയത്; വ്യക്തമാക്കുമോ;

(ഇ) സാധാരണ ലൈഫ് ഭവന പദ്ധതിക്കായി കണക്കാക്കിയിട്ടുള്ള തുകയുടെ ഇരട്ടിയോളം ചെലവാകുന്ന സാഹചര്യത്തിൽ ഉൾവനത്തിലെ വീടുകളുടെ നിർമ്മാണത്തിന് ഇരട്ടിതുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം</u>

402 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾക്കായി ആരംഭിച്ച കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ ടി പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് കെ-സ്മാർട്ട് വഴി നൽകുവാൻ കഴിഞ്ഞിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൂൾ കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ, ഓർഫനേജുകൾ തുടങ്ങിയ നികുതി ഒഴിവാക്കപ്പെട്ട പൊതുസ്ഥാപനങ്ങളെക്കൂടി കെട്ടിട രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിലേക്ക് ഉൾക്കൊള്ളിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെകൂടി കെട്ടിട രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>തളിപ്പറമ്പ് മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിലെ പുതിയ സംരംഭങ്ങൾ</u>

403 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിലെ ഓരോ തദ്ദേശ സ്ഥാപനത്തിലും പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ ആകെ എണ്ണം,

വന്നുചേർന്നിട്ടുള്ള ആകെ നിക്ഷേപം, സൃഷ്ടിക്കപ്പെട്ട തൊഴിൽ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ലൈഫ് ഭവന പദ്ധതി

404 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലൂടെ എത്ര വീടുകൾ പാലക്കാട് ജില്ലയിൽ പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്; വിശദാംശം നൽകാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതികളുടെ പ്രവർത്തനങ്ങളുടെ പുരോഗതി

405 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 2024-'25 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## തൃക്കാരിയൂർ ഹെൽത്ത് സബ് സെന്റർ നിർമ്മാണം

406 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന തൃക്കാരിയൂർ ആരോഗ്യ സബ് സെന്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ; ശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട ഭേദഗതികൾ

407 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ അദാലത്തുമായി ബന്ധപ്പെട്ട് ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നിയമ -ചട്ട ഭേദഗതികളാണ് കൊണ്ടു വന്നിട്ടുള്ളതെന്ന് വിശദമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

408 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റേയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തരം അനുവദിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ് / ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതി

409 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ഒന്നാം ഗഡു ലഭിച്ച പണി പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് ധനസഹായം പൂർണ്ണമായും കൊടുത്തു തീർക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഉണ്ടായിട്ടുള്ള സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനും പ്രസ്തുത ധനസഹായം ഉടൻ അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ;

(സി) മറ്റന്നൂർ ഗ്രാമപഞ്ചായത്തിലെ ചുങ്കാൽ SC നഗറിലെ പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളായവർക്ക് ധനസഹായം പൂർണ്ണമായും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

410 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി, വിശദാംശങ്ങൾ സഹിതം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## ശുചിത്വ കേരളം പദ്ധതി

411 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച മാതൃക പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ശുചിത്വ കേരളം പദ്ധതിക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ശുചിത്വ കേരളം പദ്ധതിയിൽ നിലവിൽ എത്ര ഹരിത കർമ്മ സേനാംഗങ്ങളാണ് സേവനം നടത്തുന്നതെന്ന് വിശദമാക്കുമോ?

## കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിൻ

412 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കമോ;

(ബി) പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി തൊഴിൽ (ഉപജീവനം) നൽകാൻ സാധിച്ചിട്ടുള്ളവരുടെ എണ്ണം വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ ശ്മശാനങ്ങളുടെ വിവരങ്ങൾ

413 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പൊതു ശ്മശാനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ശ്മശാനം ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് ശ്മശാനം ആരംഭിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## സാനിട്ടറി മാലിന്യങ്ങൾ സംസ്കരണം

414 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിദിനം പുറന്തള്ളപ്പെടുന്ന സാനിട്ടറി മാലിന്യങ്ങളുടെ അളവ് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(ബി) സാനിട്ടറി മാലിന്യം സംസ്കരിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മങ്കട നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കേണ്ട റോഡ് പുനരുദ്ധാരണം

415 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ചാഞ്ഞാൽ - കുറുവ റോഡ് പുനരുദ്ധാരണം, രാമപുരം - കടുങ്ങപുരം എച്ച്. എസ്. പടി റോഡ് പുനരുദ്ധാരണം, മക്കരപ്പറമ്പ് - കോഴിക്കോട്ട് പറമ്പ റോഡ് പുനരുദ്ധാരണം, മൊട്ടമ്മൽ - കൊളപ്പറമ്പ് റോഡ് പുനരുദ്ധാരണം, കുറുപ്പത്താൽ - പുഴക്കാട്ടിരി റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികൾക്ക് 2025-26 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തിയെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് ഭരണാനുമതിയ്ക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടില്ലെന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെയായിട്ടും സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിന് കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകുമോ?

## കോങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

416 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതലുള്ളതും 20% ബജറ്റ് പ്രൊവിഷൻ ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ പേര്, തുക എന്നിവ തരം തിരിച്ച് വിശദമാക്കാമോ; അതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ റീബിൾഡ് കേരള പദ്ധതികൾ

417 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൾഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അംഗീകാരം നൽകിയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) റീബിൾഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള, ചൂണ്ടൽ പഞ്ചായത്തിലെ ചോട്ടിലപ്പാറ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) കണ്ടാണശ്ശേരി പഞ്ചായത്തിലെ പാരീസ് റോഡ് അതീവ ശോച്യാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റീബിൾഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തെരുവുനായ ശല്യം

418 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) തെരുവുനായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) തെരുവോരങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നതാണ് തെരുവുനായശല്യം രൂക്ഷമാകാൻ കാരണമാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ തദ്ദേശ റോഡ് പ്രവൃത്തികൾ

419 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ റീബിൽഡ് കേരള, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, ഇംപാക്ട് കേരള, അമൃത് പദ്ധതി, പി.എം.ജി.എസ്.വൈ. എന്നീ പദ്ധതികൾ പ്രകാരം നടന്നുവരുന്ന വിവിധ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

(ബി) ഹരിപ്പാട് നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ, ആക്ഷേപങ്ങളോ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഹരിപ്പാട് നഗരസഭയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിലെ പോരായ്മകളെ തുടർന്ന് നിർവ്വഹണം തടസ്സപ്പെട്ടിരിക്കുന്ന എം.എൽ.എ. പ്രവൃത്തികൾ, നഗരസഭാ പ്ലാൻ ഫണ്ടിലെ പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ; ഇത് പരിഹരിക്കുന്നതിന് എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ലൈഫ് പദ്ധതി

420 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെയും, ഫ്ലാറ്റുകളുടെയും വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ കേരളത്തിൽ വീടില്ലാത്തവരുടെ പുനരധിവാസം എത്രത്തോളം പൂർത്തിയായിയെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലം ഇല്ലാത്ത എത്ര അപേക്ഷകർക്ക് സ്ഥലം വാങ്ങി വീട് വെക്കുന്നതിന് സഹായം ലഭ്യമാക്കി എന്ന് അറിയിക്കുമോ?

## ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്

421 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഇരുപത് വർഷത്തിലധികമായി ജോലി ചെയ്യുന്നവർ ഇപ്പോഴും കരാർ വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത് എന്ന വസ്തുത പരിഗണിച്ച് സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും ഇവർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കണ്ടിൻജന്റ് വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

422 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിൻജന്റ് വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ സ്പെഷ്യൽ റൂൾ എന്നത്തേക്ക് പ്രാബല്യത്തിൽ വരും എന്ന് വ്യക്തമാക്കാമോ?

## തിരുവമ്പാടി മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരമുള്ള റോഡുകൾ

423 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) മുഴുവൻ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ടേക്ക് എ ബ്രേക്ക് പദ്ധതി

424 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതി പലസ്ഥലങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ

425 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുക എത്രവീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്;

(ഇ) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കാത്തതു കാരണം ഉപേക്ഷിച്ചതോ നടപ്പാക്കാത്തതോ ആയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി വകുപ്പ മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## ഭൂരഹിതർക്കായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ സ്ഥലം ഗുണഭോക്താക്കൾക്ക് നൽകാൻ നടപടി

426 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പാറത്തോട് ഗ്രാമപഞ്ചായത്തിലെ 85 അംബേദ്കർ നഗറിലെ ഭൂരഹിതരായ 20 പട്ടികജാതി കുടുംബങ്ങൾക്ക് നൽകുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ സ്ഥലം ഗുണഭോക്താക്കളുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിന്മേൽ ആർ .ഇ . 1/68/2022-എൽ .എസ് .ജി .ഡി .എന്ന നമ്പർ ഫയലിൽ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

427 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പി.എഫ്. സംവിധാനത്തിന്റെ നവീകരണം</u>**

428 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട ഏറ്റവുമധികം ജീവനക്കാരുള്ള പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പി.എഫ്. സിസ്റ്റം നവീകരിച്ച് ഗയിൻ പി.എഫ്. എന്ന പുതിയ പ്ലാറ്റ്ഫോമിൽ ആക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പി.എഫ്. വിഹിതം അപ്ഡേറ്റ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണം മതിയായ ജീവനക്കാരുടെ അഭാവമാണോ; ഇക്കാര്യം അടിയന്തരമായി പരിശോധിക്കുമോ;

(സി) ഗയിൻ പി.എഫ്. എന്ന പുതിയ പി.എഫ്. പ്ലാറ്റ്ഫോം പൂർണ്ണസജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനം നിലവിൽ വരുമ്പോൾ ജീവനക്കാർക്ക് അത് മുഖേന ലഭിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>ചെറുപുഴ ഗ്രാമപഞ്ചായത്തിലെ മുളപ്ര പാലം നിർമ്മാണം</u>**

429 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന , പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ മുളപ്ര പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് എപ്പോഴാണ് ഭരണാനുമതി ലഭ്യമായത് എന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് എപ്പോൾ നിർമ്മാണം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

**<u>പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ടതായ നടപടിക്രമം</u>**

430 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ കാലാകാലങ്ങളായി ഉപയോഗിച്ച് വരുന്നതും എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ റോഡുകൾ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ടതായ നടപടിക്രമം വിശദമാക്കാമോ;

(ബി) പഞ്ചായത്ത് ആസ്തി രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ലഭ്യമാക്കാമോ;

(സി) വിവിധ കാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് പഞ്ചായത്ത് ആസ്തി രജിസ്റ്റർ പുതുക്കി കാലങ്ങളായി പൊതുജനങ്ങൾ ഉപയോഗിച്ചുവരുന്ന റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ വ്യക്തത വരുത്തി ഒരു സർക്കുലർ പുറപ്പെടുവിക്കുന്ന വിഷയം പരിഗണിക്കാമോ?

## അരൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

431 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചതും സാങ്കേതിക പ്രശ്നങ്ങളാൽ തടസ്സപ്പെട്ടതുമായ തുറവൂർ ഗ്രാമപഞ്ചായത്ത് - ആലുംപറമ്പ്- പുരന്ദരേശ്വരം റോഡ് , പാണാവള്ളി ഗ്രാമപഞ്ചായത്ത്- കുഞ്ചരം- കുറ്റിക്കര റോഡ് എന്നിവയ്ക്ക് പകരം പുതിയ പ്രവൃത്തി നിർദ്ദേശിച്ചതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ ഫ്ലാറ്റ് നിർമ്മാണം

432 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിപ്രകാരം അരുവിക്കര മണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ലൈഫ് മിഷൻ സ്വീകരിച്ചു വരുന്നത്;

(സി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഓരോ ഘട്ടവും പൂർത്തീകരിക്കാൻ കഴിയുന്ന കാലയളവ് ഉൾപ്പെടുന്ന കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് പദ്ധതിയുടെ പുരോഗതി

433 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ലൈഫ് ഭവന പദ്ധതിക്കായി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണവും അവയിൽ തീരുമാനമായ അപേക്ഷകളുടെ എണ്ണവും വ്യക്തമാക്കാമോ;

(സി) ഭൂരഹിതരായ അപേക്ഷകർക്ക് ഭൂമി കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഭൂമി ലഭ്യമാക്കേണ്ട അപേക്ഷകരുടെ

എണ്ണവും ഭൂമി കണ്ടെത്തിയിട്ടുള്ള അപേക്ഷകരുടെ എണ്ണവും വ്യക്തമാക്കാമോ;

(ഡി) ലൈഫ് ഭവനപദ്ധതിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്ന അർഹരായ അപേക്ഷകർക്ക് വേഗത്തിൽ ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പനങ്ങാട് ഗ്രാപഞ്ചായത്തിലെ വാതക ശ്മശാനത്തിന്റെ പ്രവൃത്തി</u>

434 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വാതക ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വിളപ്പിൽ പഞ്ചായത്തിന് കളിസ്ഥലം</u>

435 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ പഞ്ചായത്തിന് കളിസ്ഥലം വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പ്രൊപ്പോസൽ ഗവൺമെന്റിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; നടപടികൾ വേഗത്തിലാക്കി കളിസ്ഥലം യാഥാർത്ഥ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

## <u>മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിലെ വാതക ശ്മശാനം നിർമാണം സംബന്ധിച്ച്</u>

436 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയ, മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിൽ വാതക ശ്മശാന നിർമാണ പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## <u>കോങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ</u>

437 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകളിൽ ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതി

438 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ആറാലുംമൂട് സിനിമാ തിയേറ്റർ നിർമ്മിക്കാൻ അനുമതി

439 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയുടെ അധീനതയിലുള്ള ആറാലുംമൂട് കന്നുകാലി മാർക്കറ്റിന്റെ ഒരു ഭാഗം സിനിമാ തിയേറ്റർ നിർമ്മിക്കുന്നതിനായി കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന് സ്ഥലം അനുവദിക്കുന്നതിനുവേണ്ടി അനുമതി ലഭ്യമാക്കാൻ ഫയൽ നം. എൽ.എസ്.ജി.ഡി/ജെ.ഡി./ടി.വി.എം./8997/2024 പ്രകാരം എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണം

440 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭാ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പിൽ നിലവിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## കൂത്തുപറമ്പ് ബസ്സ്റ്റാന്റ് നിർമ്മാണം

441 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നഗരസഭയിൽ ആധുനിക രീതിയിലുള്ള ബസ്സ്റ്റാന്റ് നിർമ്മിക്കാൻ നഗരസഭ 10.75 ഏക്കർ സ്ഥലം വില കൊടുത്ത് വാങ്ങിയെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മികവുറ്റതും സൗകര്യപ്രദവും പാർക്കിംഗ് സൗകര്യത്തോടുകൂടിയുമുള്ള അത്യാധുനിക രീതിയിലുള്ള ബസ്സ്റ്റാന്റിന്റെ തുടർന്നുള്ള

പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## ചാവക്കാട് നഗരസഭ ഓഫീസ് നിർമ്മാണ പ്രവൃത്തി

442 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചാവക്കാട് നഗരസഭ ഓഫീസ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വേങ്ങേരി മിനി സ്റ്റേഡിയം നിർമ്മാണം

443 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽ വേങ്ങേരി മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
09-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].